വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 03 | 2022 സെപ്റ്റംബർ

VEDAPRACHARA MADHYASTHAN

Price Rs. 25/- Annual Subscription Rs. 300/-

Malayalam Monthly




The official organ of the Archeparchy of Changanacherry

# പ്രാർത്ഥനാശംസകൾ



**ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ**

**മോൺ. തോമസ് പാടിയത്തിന്**

**ചങ്ങനാശേരി അതിരൂപതാകുടുംബത്തിന്റെ**

**ആശംസകൾ**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 03 ● സെപ്റ്റംബർ 2022

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

## ഉള്ളടക്കം

സിനഡനന്തര സർക്കുലർ (Prot. No. 0828/2022) ..... 05
സർക്കുലർ (22 Ch. 273-354) ..... 11
സർക്കുലർ (കെ.സി.ബി.സി. - കേരളസഭാനവീകരണം 2022 - 25) ... 14
പിതാവിന്റെ കത്ത് (C.22/GL 266 - കേരളസഭാനവീകരണം 2022 - 25) .. 19
കച്ചേരിക്കാര്യം ..... 20
ഹോം മിഷൻ പ്രാർത്ഥനാലിസ്റ്റ് ..... 23
അനുസ്മരണങ്ങൾ ..... 30
സാമ്പത്തിക കാര്യാലയം ..... 35
MAC (Media Apostolate Changanacherry) ..... 38
സന്ദേശനിലയം ..... 39
ചെറുപുഷ്പ മിഷൻലീഗ് ..... 41
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ..... 43
ഫാമിലി അപ്പോസ്തലേറ്റ് ..... 46
യുവദീപ്തി - SMYM ..... 48
KCSL ..... 50
CARP ..... 51
CHASS ..... 52
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 59
DFC ..... 60
ആതുരശുശ്രൂഷാമേഖല ..... 62
വയോജനവേദി ..... 64
പ്രവാസി അപ്പോസ്തലേറ്റ് ..... 65
KLM ..... 66
AKCC ..... 68
ആത്മതാകേന്ദ്രം ..... 71
DCMS ..... 72
ലീജിയൻ ഓഫ് മേരി ..... 73
SFO ..... 75
വിൻസെൻഷ്യൻ വേദി ..... 77
ചാരിറ്റി വേൾഡ് ട്രസ്റ്റ് ..... 79
കരിസ്മാറ്റിക് നവീകരണം ..... 82
പൗരോഹിത്യ ആദ്ധ്യാത്മികത ..... 83
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ..... 88
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS ..... 97

Annual Subscription: Rs. 300/-

Prot. No. 0828/2022

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**കർദിനാൾ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണ് സിനഡ് പിതാക്കന്മാർ ശ്രമിച്ചത്.

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരിക്കുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കുകയെന്നത് രക്തസാക്ഷിത്വത്തിനു കാരണമാണെന്ന് മാർതോമാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നുണ്ട്. വിശ്വാസത്തിന്റെപേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേചനങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തിലാണു നാം മനസിലാക്കേണ്ടത്. വിശ്വാസവഴികളിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾക്കായി പുനഃരർപ്പണം ചെയ്യാനും മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

## കർഷകരും തീരദേശവാസികളും

കുടിയേറ്റകർഷകരും തീരദേശവാസികളും സമാനതകളില്ലാത്ത സങ്കടങ്ങളിലൂടെയും ആശങ്കകളിലൂടെയുമാണു കടന്നുപോകുന്നതെന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിയിൽ കർഷകരുടെ ഗുരുതരമായ ആശങ്കകൾ പരിഹരിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ ദുഃഖകരമാണ്. 1977-ന് മുമ്പു പട്ടയം ലഭിച്ച കുടിയേറ്റകർഷകരെ വനം കയ്യേറിയവരായി ചിത്രീകരിച്ചു പരമോന്നത നീതിപീഠത്തിനു

മുന്നിൽ കേരളസർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റകർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് അവർ മനസിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോടെന്നും വൈമുഖ്യം പുലർത്തിയിട്ടുള്ള വനം വകുപ്പിനെമാത്രം ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ വീഴ്ചയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൃഷി, റവന്യൂ വകുപ്പുകൾകൂടി ഉൾപ്പെടുന്ന സമിതിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്നു സീറോമലബാർ സഭാ സിനഡ് കേരളസർക്കാറിനോട് അഭ്യർത്ഥിക്കുന്നു. നിഷ്പക്ഷമായി നീതി നടപ്പിലാക്കാൻ നിർദിഷ്ട ബഫർസോൺ പ്രദേശങ്ങളിലെ ജനപ്രതിനിധികളെക്കൂടി സമിതിയിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങളൊന്നും ബഫർസോണായി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ സർക്കാരിനു കഴിയണം.

വൻകിട കമ്പനികൾക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരദേശവാസികളുടെ സമരത്തിനു സീറോമലബാർസഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെപേരിൽ തീരദേശവാസികളുടെ വാസസ്ഥലവും ഉപജീവനമാർഗവും നഷ്ടമായിട്ടു വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെപേരിൽ കുടിയിറക്കപ്പെട്ടവരെ പുനഃരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീരദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത് അപലപനീയമാണ്.

പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോരകർഷകരുടെയും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ മനുഷ്യരുടെയും സങ്കടങ്ങൾക്കു പരിഹാരമാവശ്യമാണ്.

## ഞായറാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ പ്രവൃത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുന്നു. ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു പ്രത്യാശിക്കുന്നു. വിവിധ മത്സര, പ്രവേശന പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിന് വിരുദ്ധമായ ചിന്തകളോടെ മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്ത താത്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവത്വം സർക്കാർ പ്രകടമാക്കണം.

## യാമപ്രാർത്ഥനകളുടെ നവീകരണം

നമ്മുടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങളിൽ തിരുസഭയോടൊത്ത് ഓരോ യാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനംചെയ്യുന്നത്. സീറോ മലബാർ സഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റു അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടുചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായകമായ യാമപ്രാർത്ഥനകൾ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## എറണാകുളം-അങ്കമാലി അതിരൂപത

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ *(sede plena)* ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭി. മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപതയുടെ ഭരണം നിർവഹിക്കാൻ താൻ കടപ്പെട്ടവനാണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാനിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയെടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തരങ്ങൾ മറന്ന് ഒരുമനസ്സോടെ സഹകരിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാവൈദികരോടും സന്യസ്തരോടും അല്മായസഹോദരങ്ങളോടും സിനഡ് സ്നേഹപൂർവം അഭ്യർത്ഥിക്കുകയാണ്. പൈതൃകസ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരുമാനത്തിനുമുമ്പിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

## ആദരങ്ങളും ബഹുമതികളും

സീറോമലബാർസഭയുടെ ആരാധനക്രമരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകുന്നവരെ ആദരിക്കാനായി 'പൗരസ്ത്യരത്നം' അവാർഡ് ഏർപ്പെടുത്താൻ സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ

ആരാധനക്രമപൈതൃകങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവാണ് പൗരസ്ത്യരത്നം അവാർഡിന് ആദ്യമായി അർഹനായിരിക്കുന്നത്. നവതി നിറവിലായിരിക്കുന്ന അവാർഡുജേതാവിനു സഭയുടെ മുഴുവൻ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു!

സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥസേവനങ്ങളെ ആദരിക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹരായിരിക്കുന്നത് ചങ്ങനാശേരി അതിരൂപതാംഗമായ നവജീവൻ ട്രസ്റ്റിലെ ശ്രീ. പി.യു. തോമസും മാനന്തവാടി രൂപതയിലെ ഫാ. ജോസഫ് ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ ദീൻബന്ധു സമാജ് സന്യാസസമൂഹാംഗമായ സിസ്റ്റർ ലിസ്സെറ്റുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്ത സാമൂഹികപ്രതിബദ്ധതയെ സിനഡ് ആദരപൂർവം അനുസ്മരിക്കുന്നു.

## പുതിയ ഇടയന്മാർ

ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷംഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതകളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹികസിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മിഷൻപ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമമാക്കുന്നതിനായി പ്രസ്തുത രൂപതയ്ക്കായി രണ്ട് സഹായമെത്രാന്മാരെ സിനഡ് തെരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശേരി അതിരൂപതയിലെ വൈദികനായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായി നിയമിതരായത്. രൂപതാദ്ധ്യക്ഷൻ അഭി. മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതാ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്കു ആത്മാർത്ഥമായി പരിശ്രമിക്കാം.

1973-ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലന നിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാദ്ധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായ

മെത്രാനായി തെരഞ്ഞെടുത്തു. രൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭി. മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്കു നന്ദിപറയാം.

## വിരമിക്കൽ

ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടുപതിറ്റാണ്ടിലേറെ ശുശ്രൂഷ ചെയ്ത അഭി. മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് 75 വയസ് പൂർത്തിയായതിനെത്തുടർന്ന് സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു. ഇല്ലായ്മകളുടെ നടുവിൽനിന്നു ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭി. പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയബോധത്തിലൂന്നിയുള്ള കഠിനാദ്ധ്വാനവുമാണ്. അഭി. ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നു വിരമിച്ച അഭി. മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർസഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിൽ അഭി. പിതാവു കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘനീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭി. മാർ ജേക്കബ് മുരിക്കൻ പിതാവ് സന്യാസജീവിതത്തോടുള്ള താത്പര്യത്താൽ ശുശ്രൂഷയിൽനിന്നു വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥനകൾക്കുംശേഷം അഭി. മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദത്തോടെ മേജർ ആർച്ചുബിഷപ് സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി പാലാ രൂപതയുടെ സഹായമെത്രാനെന്ന നിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്ന നിലയിലും അഭി. പിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസജീവിതവഴികളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു!

## യുവജനപ്രേഷിതത്വം

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജപാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജനങ്ങളോടൊത്തു സഞ്ചരിക്കുന്ന സഭയായി നാം മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോമലബാർ രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലെയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം *(Arise 2022)* ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കുനടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീത മാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022-ാം ആണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

*NB: ഈ സർക്കുലർ 2022 സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേവായിക്കേണ്ടതാണ്.*

## സർക്കുലർ

22 Ch. 273-354

# അഞ്ചാമത് ചങ്ങനാശേരി അതിരൂപതാമഹായോഗം

അഞ്ചാമത് ചങ്ങനാശേരി അതിരൂപതാമഹായോഗം (Archeparchial Assembly) ചർച്ചചെയ്യേണ്ട വിഷയങ്ങൾ ദീർഘവും വ്യാപകവുമായ പഠനങ്ങളുടെയും ചർച്ചകളുടെയും ഫലമായി ഉരുത്തിരിഞ്ഞതാണ്. അതിരൂപതയുടെ എല്ലാ മേഖലകളും അജപാലനസമിതികളും പ്രസ്ഥാനങ്ങളും ഈ പ്രക്രിയയിൽ പങ്കുചേർന്നിട്ടുണ്ട്. വൈദികരും സമർപ്പിതരും വൈദികാർത്ഥികളും അല്മായവിശ്വാസികളും വിവിധതലങ്ങളിലും ഗ്രൂപ്പുകളിലുമായി നടത്തിയ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും ലഭിച്ച ഉൾക്കാഴ്ചകൾ മഹായോഗത്തിന്റെ അജണ്ട തയ്യാറാക്കുന്നതിന് നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

ഏതുപദവിയിലുള്ള ആളായാലും തന്റെ ക്രിസ്തീയവിളി സാക്ഷാത്കരിക്കേണ്ടത് സഭയിലും സഭയിലൂടെയുമാണ്. സഭയോടൊത്തു ചിന്തിക്കയും ജീവിക്കയും സഭയുടെ പ്രേക്ഷിതദൗത്യത്തിൽ പങ്കുചേരുകയും ചെയ്യുമ്പോഴാണ് ക്രിസ്തീയജീവിതം ആധികാരികവും സഭാത്മകവുമാകുന്നത്. ഇപ്രകാരം ക്രിസ്തീയവിളി സഭയിലും ലോകത്തിലും അന്വർത്ഥമാക്കാൻ സഹായിക്കുന്ന പ്രബോധനങ്ങളും ഉൾക്കാഴ്ചകളും മാർഗനിർദ്ദേശങ്ങളുമാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ വിവിധ പ്രമാണരേഖകളിലൂടെ സഭാംഗങ്ങളെ ഉദ്ബോധിപ്പിച്ചത്.

ഈ പ്രമാണരേഖകൾ അതിരൂപതയിലുടനീളം വിവിധതലങ്ങളിൽ പഠനവിധേയമാക്കുകയും സഭയിലും സമൂഹത്തിലും സഭാംഗങ്ങൾക്കുള്ള ദൗത്യത്തെക്കുറിച്ചും അവർ നൽകേണ്ട ജീവിതസാക്ഷ്യത്തെക്കുറിച്ചും കൂടുതൽ അവബോധമാർജ്ജിക്കാൻ അവസരമൊരുക്കുകയും ചെയ്തു. അവരുടെ പ്രതികരണങ്ങളും കണ്ടെത്തലുകളും നിർദ്ദേശങ്ങളുമൊക്കെ മാർഗരേഖ *(Instrumentum Laboris)* തയ്യാറാക്കാൻ സഹായിച്ചിട്ടുണ്ട്.

വിദേശങ്ങളിലായിരിക്കുന്ന വൈദികരുൾപ്പെടെ അതിരൂപതയിൽ നിന്നുള്ള പ്രവാസിസമൂഹങ്ങളും ഈ തയ്യാറെടുപ്പിൽ പങ്കുചേർന്നിട്ടുണ്ട്.

ഫ്രാൻസിസ് മാർപാപ്പാ മുന്നോട്ടുവച്ചിരിക്കുന്ന 'സിനഡാത്മകസഭ' അഥവാ 'ഒരുമിച്ചുനടക്കുന്ന സഭ' എന്ന ആശയം ഉൾക്കൊള്ളുന്നതായിരുന്നു എല്ലാവരെയും പങ്കെടുപ്പിച്ചും ശ്രവിച്ചും നടത്തപ്പെട്ട ചർച്ചകളും പഠനങ്ങളും. മറ്റുള്ളവരെ കേൾക്കുകയും അവരിലൂടെയുള്ള റൂഹാദ്ക്കുദ്ശായുടെ സ്വരം തിരിച്ചറിയുകയും ചെയ്യുന്നത് സിനഡാത്മകതയുടെ ഒരു സവിശേഷതയായിട്ടാണ് മാർപാപ്പാ പഠിപ്പിച്ചത്. അതിനായി പരമാവധി ശ്രമിച്ചിട്ടുണ്ട്.

ലോകസമൂഹത്തെ മുഴുവൻ പിടിച്ചുകുലുക്കിയ കോവിഡ് - 19 എന്ന മഹാമാരി വലിയ ആഘാതമാണ് ജീവിതത്തിന്റെ എല്ലാ മേഖലകളിലും തന്നെ ഉളവാക്കിയിരിക്കുന്നത്. സാമൂഹിക, സാമ്പത്തിക, മാനസിക, ആധ്യാത്മികമേഖലകളെയൊക്കെ അതു ഇളക്കിമറിച്ചു. അജപാലന പ്രവർത്തനങ്ങളിലും ആധ്യാത്മികജീവിതത്തിലും മാറ്റങ്ങൾ വരുത്തി. അതിനാൽ ഇക്കാര്യവും മഹായോഗത്തിന്റെ പരിചിന്തനത്തിൽ വരണമെന്ന് നിശ്ചയിച്ചു.

ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് രൂപംകൊടുത്തതാണ് മഹായോഗത്തിന്റെ മുഖ്യപ്രമേയമായ 'ക്രിസ്തീയവിളി സഭയിലും സമൂഹത്തിലും; കോവിഡാനന്തര അജപാലനവും സിനഡാത്മകസഭയും' എന്നത്.


മഹായോഗത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിലും യോഗത്തിൽ പരിചിന്തിക്കേണ്ട വിഷയങ്ങളെക്കുറിച്ചുള്ള ആശയസമാഹരണത്തിലും അതിരൂപതാകുടുംബത്തിലെ പരമാവധി അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടാകണമെന്നുള്ള ആഗ്രഹത്താലാണ് ഇപ്രകാരം വ്യാപകമായൊരു തയ്യാറെടുപ്പു പ്രക്രിയയ്ക്ക് രൂപംകൊടുത്തത്. അതിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അതിരൂപതയാകുന്ന സഭാകുടുംബം ഒരുമിച്ചു ചിന്തിക്കയും ആശയവിനിമയം നടത്തുകയും ചെയ്തത് സിനഡാത്മക സഭയുടെ പ്രകാശനമായിരുന്നു.

മഹായോഗത്തിൽ പങ്കെടുക്കുന്ന പ്രതിനിധികൾ അതിരൂപതാകുടുംബം മുഴുവനെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. തികച്ചും വ്യക്തിപരവും സ്വാർത്ഥപരവുമായ മനോഭാവം പുലർത്താതെ, ഓരോരുത്തർക്കും താന്താങ്ങളുടെ ക്രിസ്തീയവിളി അതിരൂപതയിലൂടെ (സഭയിലൂടെ) എപ്രകാരം സാക്ഷാത്കരിക്കാൻ സാധിക്കുമെന്ന് കൂട്ടുത്തര

വാദിത്വത്തോടെയും പ്രാർത്ഥനാപൂർവവും മനനംചെയ്ത് ഫലപ്രദമായ ഒരു അജപാലനമാർഗരേഖ തയ്യാറാക്കുകയാണ് ഈ മഹായോഗത്തിന്റെ ലക്ഷ്യം. അതിനാൽ എല്ലാ പ്രതിനിധികളും മഹായോഗത്തിൽ ആദ്യന്തം സജീവമായി പങ്കെടുക്കേണ്ടതാണ്. മഹായോഗത്തിൽ ചർച്ചചെയ്യാൻ തയ്യാറാക്കിയിരിക്കുന്ന വിഷയങ്ങൾ എല്ലാവരും വിശദമായി പഠിച്ച് നന്നായി ഒരുങ്ങിവരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസജീവിതത്തെ സംബന്ധിച്ചിടത്തോളം അതിരൂപതയിലുട നീളം നവോന്മേഷം പകരാനും വ്യക്തമായ ലക്ഷ്യബോധത്തോടെയും എല്ലാവരുടെയും സജീവപങ്കാളിത്തത്തോടെയും എല്ലാ തലങ്ങളിലും അജപാലനശുശ്രൂഷ നിർവഹിക്കാനും എല്ലായിടത്തും സുവിശേഷ ത്തിനു സാക്ഷ്യം വഹിക്കാനും ഈ മഹായോഗം വഴിതുറക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനാപൂർവമായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ യാചിച്ചുകൊണ്ടും,

സ്നേഹപൂർവം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: ഈ സർക്കുലർ 2022 സെപ്റ്റംബർ 25-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേവായിക്കേണ്ടതാണ്.*

Ref: 3750/K-5/KCBC/OL/DS 19.08.2022

# കേരളസഭാനവീകരണം 2022 – 2025

## കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന 3-ാമത് സർക്കുലർ

കേരളസഭാനവീകരണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ദൈവകൃപയാൽ സുഗമമായി മുന്നോട്ടുപോകുകയാണല്ലോ. കെ.സി.ബി.സി.യിലെ അഭി. പിതാക്കന്മാരും എല്ലാ വൈദികരും സന്ന്യസ്തരും അല്മായ വിശ്വാസിസമൂഹവും നവീകരണപ്രക്രിയയിൽ വിശ്വാസതീക്ഷ്ണതയോടും ആവേശത്തോടുംകൂടെ കൈകൾകോർത്തു പ്രവർത്തിക്കുകയാണ്. സംസ്ഥാനതലത്തിലാരംഭിച്ച നവീകരണത്തിന്റെ പ്രാരംഭനടപടികൾ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ള ടീമംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും നമ്മൾ ആരംഭിച്ചിരിക്കുന്ന ഈ നവീകരണപ്രക്രിയ കൂടുതൽ സജീവവും ഫലപ്രദവുമാകാൻ ആത്മീയമായ ഒരു മുന്നേറ്റം നമുക്കാവശ്യമുണ്ട്. നവീകരിക്കപ്പെട്ട് ഒരു പുതിയ സൃഷ്ടിയായിത്തീരുകയെന്നത് മനുഷ്യന്റെ പ്രയത്നം കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല. ദൈവത്തിന്റെ കരുണയാണ് നമ്മെ നവീകരണത്തിലേക്കു നയിക്കുന്നത്. നമ്മെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിച്ചുകൊണ്ടും പ്രാർത്ഥനയിലും അനുതാപത്തിലും ദൈവസന്നിധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ദൈവത്തിന്റെ കാരുണ്യം നമ്മൾ യാചിക്കേണ്ടിയിരിക്കുന്നു.

അപ്പസ്തോലപ്രമുഖനായ വി. പത്രോസ് ഓർമ്മിപ്പിക്കുന്നതുപോലെ, മിശിഹായിലുള്ള നവജീവൻ പ്രാപിക്കുന്നതിന് എതിരായിട്ടുള്ളതെല്ലാം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു (1 പത്രോ. 2:2). അനുതാപമെന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുണ്ടാകുന്ന മാറ്റമാണ്. ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനാകുന്ന അവസ്ഥയെന്നാണ് ഈശോ അതിനെ വിശേഷിപ്പിച്ചിട്ടുള്ളത് (മത്താ.18:3). പ്രാർത്ഥനയിലൂടെയും അനുതാപത്തിലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും മാത്രമേ നമുക്കു ദൈവപിതാവിനോട് ചേർന്നുനില്ക്കാൻ കഴിയുകയുള്ളൂ. കേരളസഭാനവീകരണത്തിന്റെ പ്രാരംഭകാലത്തുതന്നെ തീവ്രമായ ആത്മീയ ഒരുക്കത്തിനു സഹായകമാകുന്ന ചിലകാര്യങ്ങൾ നമുക്കു നിർവഹിക്കാൻ കഴിയും.

നാല്പതുദിവസത്തെ പ്രാർത്ഥനാചരണവും പൂർണദണ്ഡവിമോചനവും സഭയെ നിരന്തരം നയിക്കുകയും നവീകരിക്കുകയും ചെയ്യുന്ന

പരിശുദ്ധാത്മാവ് മിശിഹായിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. മിശിഹായാണ് നവീകരണത്തിന്റെ ഉറവിടവും കേന്ദ്രവും. മിശിഹാകേന്ദ്രീകൃതവും സാഹോദര്യത്തിലും അനുരഞ്ജനത്തിലും അധിഷ്ഠിതവും പ്രേഷിതാഭിമുഖ്യവുമുള്ള ഒരു ജീവിതശൈലിയിലേക്കാണ് ഈ നവീകരണകാലം നമ്മെ ക്ഷണിക്കുന്നത്. അതുകൊണ്ട് നവീകരണത്തിന്റെ ഈ പ്രാരംഭഘട്ടത്തിൽ നാല്പതുദിവസം നീണ്ടുനില്ക്കുന്ന പ്രാർത്ഥനാ-പരിത്യാഗ പ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കുന്നു. 2022 സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള ദിവസങ്ങളിലായി കേരള കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളും കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിയണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഈ നാല്പതുദിവസങ്ങളിൽ ഒരു ദിവസം ഒരു രൂപതയ്ക്കുവേണ്ടി എന്നക്രമത്തിൽ പ്രത്യേകമാംവിധം നിശ്ചയിച്ചിട്ടുണ്ട്. ഓരോ രൂപതയും അവർക്ക് നിശ്ചയിക്കപ്പെട്ട പ്രസ്തുതദിനത്തിൽ ആ രൂപതയിലെ എല്ലാ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും സ്വന്തം രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വേണ്ടത്ര ഭക്തിയോടും ഒരുക്കത്തോടും കൂടെ അന്നേദിവസം കുമ്പസാരമെന്ന കൂദാശ സ്വീകരിച്ചുകൊണ്ട് പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് തിരുസഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡ വിമോചനം ലഭിക്കുന്നതാണെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല കേരളത്തിലെ മറ്റെല്ലാ രൂപതകളും അന്നേദിവസം അവർ അർപ്പിക്കുന്ന പരി. കുർബാനയിലും മറ്റു പ്രാർത്ഥനകളിലും നിശ്ചയിക്കപ്പെട്ട രൂപതയ്ക്കുവേണ്ടി പേരെടുത്തുപറഞ്ഞ് പ്രാർത്ഥിക്കുന്നു. അപ്രകാരം ഒരു രൂപതയ്ക്കുവേണ്ടി മറ്റെല്ലാ രൂപതകളും പ്രാർത്ഥിക്കുന്ന അനുഭവം മിശിഹായുടെ ഏകശരീരമായ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും പ്രാർത്ഥനയുടെ ഈ ഐക്യത്തിൽ ഒന്നുചേരുന്ന നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് കോർത്തിണക്കി ആദിമ സഭാചൈതന്യം നമ്മളിൽ ജ്വലിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ 32 രൂപതകളെയും ഈ പ്രാർത്ഥനാദിനങ്ങളിൽ പ്രത്യേകം ഓർത്തു പ്രാർഥിച്ചതിനുശേഷമുള്ള 8 ദിനങ്ങളിൽ പ്രത്യേക പൊതുനിയോഗങ്ങൾക്കുവേണ്ടിയും നാം പ്രാർഥിക്കുന്നു. അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ പൊതുനിയോഗങ്ങളും ഉൾപ്പെടുത്തിട്ടുണ്ട്.

## ഒക്ടോബർ മാസാചരണം

പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തിനും ജപമാല ആചരണത്തിനുമായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്ടോബർ മാസാചരണത്തിലൂടെ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ കുടുംബങ്ങളെയും കേരള സഭ മുഴുവനെയും നമുക്കു ഭരമേല്പിക്കാം. ഒക്ടോബർ മാസാചരണ

ത്തിന്റെ ആവശ്യകതയും പ്രാധാന്യവും പഠിപ്പിച്ചുകൊണ്ട് 1891 സെപ്റ്റംബർ 22ന് ലെയോ പതിമൂന്നാമൻ മാർപാപ്പ 'ഒക്ത്തോബ്രി മെൻസേ' എന്നപേരിൽ പുറപ്പെടുവിച്ച ചാക്രികലേഖനത്തിൽ ഇങ്ങനെ പറയുന്നു: ''പുത്രനിലൂടെയല്ലാതെ ഒരുവനും പിതാവിലേക്കു പോകുന്നില്ല. അതുപോലെ, ഈശോയിലേക്ക് ഒരുവനും അവിടുത്തെ അമ്മയിലൂടെയല്ലാതെ പോകുന്നില്ല'' (n.4). പീഡിതരെയും തകർന്നവരെയും ദൈവകാരുണ്യത്തിലുള്ള പ്രത്യാശയിലേക്കു പിടിച്ചുയർത്താൻ വേണ്ടത്ര കാരുണ്യമുള്ള അമ്മയും മദ്ധ്യസ്ഥയുമാണ് പരിശുദ്ധ മറിയം. ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ മറിയത്തിനു മുൻപിൽ ക്രൈസ്തവലോകം നിരന്തരം പ്രാർത്ഥനകൾ ചൊരിയണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (LG 69).

2022 ഒക്ടോബർ 1 മുതൽ 31 വരെ കേരള കത്തോലിക്കാ സഭാംഗങ്ങൾ മുഴുവൻ ഏകഹൃദയത്തോടും തീവ്രമായ ഭക്തിയോടുംകൂടെ ജപമാലചൊല്ലി പ്രാർത്ഥിക്കുന്നു. അപ്രകാരം ഈ ജപമാല പ്രാർത്ഥനയിലൂടെ സന്തോഷത്തിന്റെയും സന്താപത്തിന്റെയും മഹത്വത്തിന്റെയും ദൈവികവെളിപാടുകളുടെയും മഹാരഹസ്യങ്ങളിൽ ഈശോയോടു ചേർന്നു പങ്കുവഹിച്ച പരിശുദ്ധ മറിയത്തോടൊപ്പം നമ്മളും ധ്യാനപൂർവം പങ്കുചേരുന്നു.

## വിമലഹൃദയ പ്രതിഷ്ഠ

2022 ഒക്ടോബർ 31 തിങ്കളാഴ്ച ജപമാല യജ്ഞത്തിന്റെ സമാപന ദിനത്തിൽ ഓരോ രൂപതയെയും അതത് രൂപതകളുടെ അദ്ധ്യക്ഷന്മാർ പരിശുദ്ധ ദൈവമാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുന്നു. അന്നേദിവസം കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലി മദ്ധ്യേയാണ് ഈ പ്രതിഷ്ഠ നടത്തേണ്ടത്. പാലാരിവട്ടം പി.ഒ.സി. ചാപ്പലിൽ അന്നേദിനം വൈകുന്നേരം 5 മണിക്ക് അർപ്പിക്കുന്ന ദിവ്യബലി മധ്യേ കേരള കത്തോലിക്കാസഭയെ മുഴുവനായും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കും. കേരള സഭാനവീകരണ യജ്ഞത്തിൽ പരിശുദ്ധ മറിയം നമ്മോടൊത്തു യാത്ര ചെയ്യുകയും നമുക്കുവേണ്ടി നിരന്തരം തന്റെ പുത്രന്റെ സന്നിധിയിൽ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യട്ടെ. സഭയെയും സമൂഹത്തെയും നമ്മുടെ കുടുംബങ്ങളെയും നമ്മെ ഓരോരുത്തരെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിച്ചു പ്രാർത്ഥിക്കാം.

## യൗസേപ്പിതാവിന്റെ മാതൃക

ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും മധ്യസ്ഥത്തിനുമായി കേരളസഭയെ മുഴുവനായും നമ്മെ ഓരോരുത്തരെ വ്യക്തിപരമായും സമർപ്പിക്കാം. ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം

നയിക്കുകയും ദൈവികനിയമങ്ങളോട് കണിശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിന്റെ നീതിബോധം നമ്മുടെ വിശ്വാസജീവിതത്തിന് മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേല്പിച്ച മറിയത്തെ അപമാനിതയാകാൻ വിട്ടുകൊടുക്കാതെ അവളുടെ സ്ത്രീത്വത്തെ ആദരിച്ച യൗസേപ്പിതാവ് സഭയുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷകനാണ്. വിശുദ്ധ യൗസേപ്പിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തിന്റെയും മാതൃക ഈ നവീകരണകാലത്ത് നമുക്കു സഹായകമാകട്ടെ.

## വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനം

കേരളസഭയിലെ മുഴുവൻ വൈദികരെയും സന്ന്യസ്തരെയും ദൈവതിരുമുൻപിൽ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ഈ നവീകരണകാലത്ത് നമ്മൾ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നാല്പതു ദിവസത്തെ പ്രത്യേക പ്രാർത്ഥനാചരണ ദിവസങ്ങളിൽ ഒരു ദിവസം വൈദികർക്കും സന്ന്യസ്തർക്കുമായി സമർപ്പിക്കാം. ഓരോ രൂപതയുടെയും അധ്യക്ഷന്മാർ അതിനായി ഒരു പ്രത്യേകദിനം കണ്ടെത്തി രൂപതാംഗങ്ങളെ അറിയിക്കുന്നതാണ്.

## ഉപസംഹാരം

ആത്മീയമായ ഒരുക്കത്തോടെ പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പിതാവിനോടും ചേർന്ന് കേരളസഭാനവീകരണ യജ്ഞത്തിൽ നമുക്കു മുന്നേറാം. ഇവരുടെ മാതൃകയും മദ്ധ്യസ്ഥതയും നമുക്കു തുണയായിരിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025

NB: *ഈ സർക്കുലർ 2022 സെപ്റ്റംബർ 4 ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## *സഭാനവീകരണം 2022–2025
### നാല്പതുദിന പ്രാർത്ഥനായജ്ഞം

<table>
<tr><th>തീയതി</th><th>രൂപത</th><th>നിയോഗം</th></tr>
<tr><td>September 09</td><td>ആലപ്പുഴ</td><td rowspan="40">
<ul>
<li>രൂപതക്കു മുഴുവനുംവേണ്ടി</li>
<li>ഇടവകകൾക്കുവേണ്ടി</li>
<li>സ്ഥാപനങ്ങൾക്കുവേണ്ടി</li>
<li>സന്ന്യാസിനീ, സന്ന്യാസികൾക്കുവേണ്ടി</li>
<li>രൂപതാധ്യക്ഷന്മാർ, വൈദികർ എന്നിവർക്കുവേണ്ടി</li>
<li>സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്കുവേണ്ടി</li>
<li>രാജ്യത്തിനും ഭരണകർത്താക്കൾക്കുംവേണ്ടി</li>
</ul>
</td></tr>
<tr><td>September 10</td><td>ബത്തേരി</td></tr>
<tr><td>September 11</td><td>കോഴിക്കോട്</td></tr>
<tr><td>September 12</td><td>ചങ്ങനാശേരി</td></tr>
<tr><td>September 13</td><td>കൊച്ചി</td></tr>
<tr><td>September 14</td><td>എറണാകുളം</td></tr>
<tr><td>September 15</td><td>ഇടുക്കി</td></tr>
<tr><td>September 16</td><td>ഇരിങ്ങാലക്കുട</td></tr>
<tr><td>September 17</td><td>കാഞ്ഞിരപ്പള്ളി</td></tr>
<tr><td>September 18</td><td>കണ്ണൂർ</td></tr>
<tr><td>September 19</td><td>കോതമംഗലം</td></tr>
<tr><td>September 20</td><td>കോട്ടപ്പുറം</td></tr>
<tr><td>September 21</td><td>കോട്ടയം</td></tr>
<tr><td>September 22</td><td>മാനന്തവാടി</td></tr>
<tr><td>September 23</td><td>മാവേലിക്കര</td></tr>
<tr><td>September 24</td><td>മൂവാറ്റുപുഴ</td></tr>
<tr><td>September 25</td><td>നെയ്യാറ്റിൻകര</td></tr>
<tr><td>September 26</td><td>പാലാ</td></tr>
<tr><td>September 27</td><td>പാലക്കാട്</td></tr>
<tr><td>September 28</td><td>തിരുവല്ല</td></tr>
<tr><td>September 29</td><td>പാറശാല</td></tr>
<tr><td>September 30</td><td>പുനലൂർ</td></tr>
<tr><td>October 01</td><td>കൊല്ലം</td></tr>
<tr><td>October 02</td><td>സുൽത്താൻപേട്ട്</td></tr>
<tr><td>October 03</td><td>തലശ്ശേരി</td></tr>
<tr><td>October 04</td><td>താമരശ്ശേരി</td></tr>
<tr><td>October 05</td><td>പത്തനംതിട്ട</td></tr>
<tr><td>October 06</td><td>തൃശ്ശൂർ</td></tr>
<tr><td>October 07</td><td>തിരുവനന്തപുരം (M)</td></tr>
<tr><td>October 08</td><td>തിരുവനന്തപുരം (L)</td></tr>
<tr><td>October 09</td><td>വിജയപുരം</td></tr>
<tr><td>October 10</td><td>വരാപ്പുഴ</td></tr>
<tr><td>October 11</td><td>മാർപാപ്പാ</td></tr>
<tr><td>October 12</td><td>ഇന്ത്യൻ ചർച്ച്</td></tr>
<tr><td>October 13</td><td>ഏഷ്യൻ ചർച്ച്</td></tr>
<tr><td>October 14</td><td>യൂറോപ്യൻ ചർച്ച്</td></tr>
<tr><td>October 15</td><td>ആഫ്രിക്കൻ ചർച്ച്</td></tr>
<tr><td>October 16</td><td>അമേരിക്കൻ ചർച്ച്</td></tr>
<tr><td>October 17</td><td>ഓസ്ട്രേലിയൻ ചർച്ച്</td></tr>
<tr><td>October 18</td><td>ഡിപ്പാർട്ടഡ് സോൾസ്</td></tr>
</table>

C.22/GL 266 30.08.2022

# കേരളസഭാനവീകരണം 2022–2025

## പ്രത്യേകം ശ്രദ്ധിക്കാൻ


മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കേരളസഭാനവീകരണം സംബന്ധിച്ച് കെസിബിസി സർക്കുലറിലൂടെ നൽകിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് 2022 സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 18 വരെ നാല്പതുദിന പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. (ഈ നാല്പതുദിന പ്രാർത്ഥനായജ്ഞത്തിൽ) നമ്മുടെ അതിരൂപതയ്ക്കായി നിർദ്ദേശിച്ചിരിക്കുന്നത് സെപ്റ്റംബർ 12 തിങ്കളാഴ്ചയാണ്. അന്നേദിവസം അതിരൂപതാകുടുംബം മുഴുവൻ - വൈദികരും സമർപ്പിതരും അല്മായരും - സർക്കുലറിൽ പറഞ്ഞിരിക്കുന്നതുപോലെ മാതൃരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. എല്ലാ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കുചേരണം. മറ്റെല്ലാ രൂപതകളും ഈ ദിവസം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി നിയോഗംവച്ച് പ്രാർത്ഥിക്കുന്നതായിരിക്കും. പ്രാർത്ഥനയുടെ നിയോഗമെന്തെന്ന് കെസിബിസി സർക്കുലറിന്റെ അവസാനം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നത് എല്ലാവരും ശ്രദ്ധിക്കുമല്ലോ. മാത്രമല്ല, നന്നായി പ്രാർത്ഥിച്ചൊരുങ്ങി അനുരഞ്ജനകൂദാശ സ്വീകരിച്ച് ഭക്തിപൂർവ്വം പരിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും ശ്രദ്ധിക്കണം. മറ്റുരൂപതകൾക്ക് പ്രാർത്ഥനാദിനമായി നൽകിയിരിക്കുന്ന ദിവസങ്ങളിൽ അതാതു രൂപതയ്ക്കുവേണ്ടി നമ്മളും പ്രാർത്ഥിക്കേണ്ടതാണ്. ഇപ്രകാരം ശരിയായ പ്രാർത്ഥനാജീവിതത്തിലൂടെ രൂപപ്പെടുന്ന ആദ്ധ്യാത്മികവും സഭാത്മകവുമായ ഒരു ജീവിത നവീകരണമാണ് കേരളസഭാനവീകരണത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

കേരളസഭയിലെ മുഴുവൻ വൈദികരെയും സമർപ്പിതരെയും ഓരോ രൂപതയും ഒരു ദിവസം സമർപ്പിച്ച് പ്രാർത്ഥിക്കണമെന്നുള്ള സർക്കുലറിലെ ആഹ്വാനമനുസരിച്ച് നമ്മുടെ അതിരൂപത സെപ്റ്റംബർ 14 (മാർ സ്ലീവായുടെ പുകഴ്ച) അതിനായി തിരഞ്ഞെടുത്തിരിക്കുന്നതായി അറിയിക്കുന്നു. എല്ലാവരും അതു പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




# I
## TRANSFERS & APPOINTMENTS

| Rev. Fr. | Relieved from | Appointed to |
|---|---|---|
| Ambalathattil James CMI | Pacha-Chekkidikadu | Relieved |
| Chorattuchamakala Joseph | Peroorkada | Relieved |
| Kakkaparampil Antony | | Acting Vicar, Thazhathangady (addl) |
| Kalarithara Vivek MCBS | Kaduvakkulam | Relieved |
| Kochumalayil John | Thazhathangady | Sick leave |
| Kossackal Varghese | | Assistant Director, Sanjivani |
| Kuttickal Antony MCBS | | Vicar, Kaduvakulam |
| Madelil Nobin CMI | Puthuppally | Relieved |
| Molippadavil Jacob CMI | | Paro. Vicar, Pacha-Chekkidikadu |
| Mukalel Jenty CMI | | Vicar, Puthuppally |
| Puthenpurackal Thomas (Aji) | | Vicar, Peroorkada |
| Puthiyidom Joseph | Paduvapuram, SL Puram | Study leave |
| Thanniath Mathew | Charismatic Movement | Relieved |
| Thoompunkal Joseph | | Spiritual Counsellor, Koothrappally |
| Thundiyil Devasia | | Vicar, Paduvapuram, SL Puram |
| Vellanickal Louis | | Director, Charismatic Movement (addl) |

# II
## അതിരൂപതാ അസംബ്ലി

5-ാമത് അതിരൂപതാ അസംബ്ലി 2022 ഒക്ടോബർ 2 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് കുന്നന്താനം ധ്യാനകേന്ദ്രത്തിൽ ആരംഭിക്കുകയും 5-ാം തീയതി വൈകുന്നേരം സമാപിക്കുകയും ചെയ്യും. അഭി. മെത്രാപ്പോലീത്തായെ കൂടാതെ പ്രോട്ടോസിഞ്ചെല്ലൂസ്, സിഞ്ചെല്ലൂസുമാർ, അതിരൂപതാ ആലോചനാസമിതിയംഗങ്ങൾ, ഫൊറോനാവികാരിമാർ, പ്രസ്ബിറ്ററൽ കൗൺസിലംഗങ്ങൾ, വൈദിക ഫൊറോനാ കോൺഫ്രൻസ് സെക്രട്ടറിമാർ, വൈദികഫൊറോനാ കോൺഫ്രൻസിൽനിന്നും പാസ്റ്ററൽ കൗൺസിലിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന

അംഗങ്ങൾ, സമർപ്പിതസമൂഹങ്ങളിൽനിന്നും മ്ശംശാനമാരിൽനിന്നും പ്രത്യേകം നിയോഗിക്കപ്പെടുന്നവർ എന്നിവർ അസംബ്ലിയിൽ സംബന്ധി ക്കേണ്ടതാണ്. ഇവരെക്കൂടാതെ പ്രത്യേക ക്ഷണിതാക്കളും അസംബ്ലി യിൽ പങ്കെടുക്കുന്നതായിരിക്കും.

## III
## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികർക്കായി നടത്തുന്ന മൂന്നാം ബാച്ച് വാർഷികധ്യാനം 2022 സെപ്റ്റംബർ 18 മുതൽ 23 വരെയാണ്. ധ്യാനം ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടു കൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

**ധ്യാനഗുരു : റവ. ഡോ. ജോസഫ് കടുപ്പിൽ**

ഇതുവരെ ധ്യാനംകൂടാത്ത എല്ലാ വൈദികരും ഇതിൽ സംബന്ധി ക്കുമല്ലോ. നിലവിലുള്ള ലിസ്റ്റിൽ പേരില്ലാത്തവർ ധ്യാനത്തിൽ പങ്കെടു ക്കുന്ന വിവരം ബഹു. സിറിയക് കോട്ടയിൽ അച്ചനെയോ അതിരൂപതാ ചാൻസറിയിലോ അറിയിക്കേണ്ടതാണ്. ധ്യാനാവസരത്തിൽ ബഹു. വൈദികർ അവരവരുടെ കുർബാന കണക്കുപുസ്തകം പരിശോധന യ്ക്കായും അനുരഞ്ജനകൂദാശ പത്തേന്തി പുതുക്കാനായും കൊണ്ടു വരാൻ ശ്രദ്ധിക്കണം.

## IV
## Suspension

Rev. Fr Jobymon Jose Vayalil Muringayil from St Sebastian Church Ayarkunnam, an incardinated member of the Eparchy of Kalyan, is suspended from the priestly ministry. He shall not be permitted to exercise the functions of priestly ministry in any of the Catholic Churches.

## വർക്ക് ക്യാമ്പ് 2023

സ്നേഹമുള്ളവരേ,

2023 ഏപ്രിലിൽ അതിരൂപതയിലെ നൂറോളം മേജർ സെമിനാരി വിദ്യാർത്ഥികളുടെ വർക്ക് ക്യാമ്പ് നടത്താനായി അനുയോജ്യമായ സ്ഥലങ്ങൾ അന്വേഷിക്കുകയാണ്. ബ്രദേഴ്സിനെക്കൊണ്ട് ചെയ്തു തീർക്കാൻ സാധിക്കുന്ന ജോലികളുള്ള സ്ഥലങ്ങൾ ബഹു. അച്ചന്മാർ അറിയിക്കുകയാണെങ്കിൽ സൗകര്യപ്രദമായിരുന്നു. 7 ദിവസം നീണ്ടു നില്ക്കുന്ന വർക്ക് ക്യാമ്പാണ് ഉദ്ദേശിക്കുന്നത്. ഒപ്പം വൈകുന്നേരങ്ങളിൽ ബ്രദേഴ്സിന്റെ നേതൃത്വത്തിലുള്ള ഭവനസന്ദർശനവും കൂട്ടായ്മാതല പ്രാർത്ഥനയും ക്രമീകരിക്കേണ്ടതുണ്ട്. നിങ്ങളേവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. Contact No: 9745306018.

## സെപ്റ്റംബർ മാസത്തിലെ പ്രത്യേക ഫൊറോനാ വൈദികകോൺഫ്രൻസുകൾ

**വിഷയം: മാർത്തോമാ ശ്ലീഹാ വർഷാചരണം – കേരളസഭാ നവീകരണകാലം**
**(ഒന്നാം വർഷം : ശ്രവണകാലം)**

അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വിളിച്ചുകൂട്ടുന്ന ഈ പ്രത്യേക ഫൊറോനാ വൈദികകോൺഫ്രൻസിൽ ഓരോ ഫൊറോനയിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ രൂപതാ – സന്യസ്ത വൈദികരും പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| Sep 01 | Thursday | 10:30 am | Chengannur |
| Sep 05 | Monday | 10:30 am | Thuruthy |
| Sep 06 | Tuesday | 10:30 am | Champakulam |
| Sep 12 | Monday | 10:30 am | Kottayam |
| | | 03:00 pm | Athirampuzha |
| | | 06:30 pm | Kudamaloor |
| Sep 13 | Tuesday | 03:00 pm | Changanacherry |
| | | 06:30 pm | Thrickodithanam |
| Sep 14 | Wednesday | 03:00 pm | Pulincunnoo |
| | | 06:30 pm | Edathua |
| Sep 15 | Thursday | 10:30 am | Manimala |
| | | 06:00 pm | Kurumpanadom |
| Sep 26 | Monday | 03:00 pm | Muhamma |
| | | 06:30 pm | Alappuzha |
| Sep 28 | Wednesday | 06:30 pm | Nedumkunnam |
| Sep 29 | Thursday | 05:00 pm | Kollam-Ayoor |
| Sep 30 | Friday | 10:00 am | Amboori |
| | | 04:30 pm | Thiruvananthapuram |

## പൗരോഹിത്യപദവിയിലേയ്ക്ക്...



**ഡീക്കൻ മാത്യു പുളിക്കൽ (സാജൻ)**

**2022 സെപ്റ്റംബർ 10, 09.15 am**
**ലൂർദ്ദ്മാതാ ദൈവാലയം, മാമ്മൂട്**

**അതിരൂപതാകുടുംബത്തിന്റെ ആശംസകൾ**

## ചങ്ങനാശേരി അതിരൂപതയിലെ ഓരോ ഇടവകകൾക്കുവേണ്ടി മാദ്ധ്യസ്ഥ്യംവഹിച്ച് പ്രാർത്ഥിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന സന്യാസിനീസമൂഹങ്ങൾ

### ALAPPUZHA

| NO. | NAME OF THE PARISH | NAME OF THE CONVENT |
|---|---|---|
| 1 | Mar Sleeva Forane Alappuzha-Pazhavangady | SABS Thathampally; ASMI Nedumangadu |
| 2 | St. Joseph’s Arattuvazhy | SABS Punnapra |
| 3 | Little Flower Aryad | SABS Punnakkunnathussery |
| 4 | St. Mary’s Kainakary | SABS Chennamkary; OSA Karavaloor |
| 5 | Immaculate Heart Kaithavana | SABS Champakulam |
| 6 | St. Thomas Pallathuruthy | SABS Muttar; SABS Navajyothy Amalagiri |
| 7 | St. Francis Assissi Poonthope | SABS Athirampuzha; OSA Paippad |
| 8 | St. Mary’s Punnamada | SDS Arpookara |
| 9 | St. George Puthenangady | SABS Kadayanickadu; SH TVM |
| 10 | St. Gregorios Punnapra | AC Madappally |
| 11 | Mar Sleeva Purackadu | SABS Thuruthy |
| 12 | St. Michael's Thathampally | SDS Padaharam; CHF Changanacherry |
| 13 | Sacred Heart Arunoottampadam | SDS Mannanam |
| 14 | St. Joseph’s Kuttamangalam | SABS Mallappally |
| 15 | St. Alphonsa Chathanadu | SMMI Kilimala |

### AMBOORI

| | | |
|---|---|---|
| 16 | St. George Forane Amboori | AO Spirituality Centre Manganam;<br>SABS Edayirikkapuzha |
| 17 | St. Mary’s Mayam | CHF Muttacaud TVM; SH Vadakkekara |
| 18 | St. Mary’s Thekkupara | CHF Thirumala |
| 19 | Christ the King Rajagiri | SABS Kowdiar Thiruvananathapuram |
| 20 | Sacred Heart Vavodu | SMS Balika Bhavan Changanacherry |
| 21 | St. Mary’s Dalumugham | AO Kooroppada |
| 22 | St. Joseph’s Kuchapuram | AO Study House Manganam |
| 23 | Sacred Heart Pachakad | SH Parampuzha |
| 24 | St. Jude Church Pantha, Amboori | CHF Arpookara |
| 25 | St. Antony's Koottappu, Amboori | AO Ettumanoor |
| 26 | St. Thomas Kundamam, Amboori | CMC Philgiri |
| 27 | St. Mary's Charupara, Amboori | CMC St. Antony's Kainakary |
| 28 | St. Jerard Kuttara, Amboori | SCB Kidangara |
| 29 | St. Alphonsa Parathy, Amboori | AO Kazhakkoottam Thiruvananathapuram |
| 30 | St. George Valicode, Amboori | SH Paippad |

### ATHIRAMPUZHA

| | | |
|---|---|---|
| 31 | St. Mary’s Forane Athirampuzha | ASMI Genaralate Cheeramchira;<br>SABS St. Margaret Edathua |
| 32 | Lisieux (MCBS) Athirampuzha | ASMI Mannila |
| 33 | Mangalavartha Arumanoor | ASMI Meenkulam |

| | | |
|---|---|---|
| 34 | St. Sebastian's Cheruvandoor | ASMI Fathimapuram |
| 35 | Christ the King Ettumanoor | ASMI Ponga; CHF Pachalloor, TVM |
| 36 | St. Mathew's Kottackupuram | FCC Kondackal |
| 37 | St. Gregorios Mannarkunnu | SABS Vadavathoor |
| 38 | St. Thomas Nalpathimala | ASMI Amboori |
| 39 | St. Thomas Pallikkunnu | SABS Holy Family Anchal |
| 40 | St. Thomas Punnathura | SABS Sahrudaya Kuruvikonam Anchal |
| 41 | St. Joseph's Thellakom | FCC Sreekaryam TVM |
| 42 | St. Mary's Vettimukal | SABS Vithura; CHF Poonkulam, TVM |
| 43 | St. Sebastian's Kattachira | ASMI Narbonapuram |
| 44 | St. Rita's Athirampuzha | HM Perumkavu Manimala |
| 45 | Twelve Apostles Mannanam | SABS Kurialaserry Sadan Champakulam |

| CHAMPAKULAM | | |
|---|---|---|
| 46 | St. Mary's Basilica Champakulam | CMC Holy Queens Changanacherry; CHF Thiruvallam |
| 47 | Lourdes Matha Chennamkary (Koolippurackal) | CMC Snehasadan Kainakary |
| 48 | St. Joseph's Chennamkary | CMC Little Flower Kainakary |
| 49 | St. Joseph's Kandamkary | CMC Vezhapra |
| 50 | St. Joseph's Kondackal | CMC Pazhavangadi |
| 51 | St. Sebastian's Narbonapuram | CMC Mithrakary |
| 52 | St. Jerome's Nazarath | CMC St. Joseph Changanacherry |
| 53 | St. Joseph's Padaharam | CMC Paipadu - Nalukody |
| 54 | Mar Sleeva Ponga | CMC Carmel Villa Chethipuzha |
| 55 | Holy Family Pullangady | CMC Carmel Mount Chethipuzha |
| 56 | St. John's Thekkekara | CMC Thrickodithanam |
| 57 | St. Sebastian's Thekkekara | DM Mundupalam |
| 58 | Sacred Heart Thottuvathala | CMC Venchempu |
| 59 | St. George Vadakke Amichakary | CMC Muhamma |
| 60 | St. Antony's Vaisymbhagom | CMC Pallikkoottumma |

| CHANGANACHERRY | | |
|---|---|---|
| 61 | St. Mary's Cathedral Changanacherry | SABS Rita Bhavan Koothrappally; CMC Avila Bhavan Thiruvananthapuram |
| 62 | Sacred Heart (CMI) Chethipuzha | CSN Aryad; SABS Mudiyoorkara |
| 63 | St. George Cheeramchira | SABS Novitiate House Mammood |
| 64 | St. Gregorios Kidangara | SABS Little Flower Vazhappally |
| 65 | St. Mary's Kumaramkary | MLF Karicode Kollam |
| 66 | St. Joseph's Laickadu | CSN Kesavadasapuram TVM |
| 67 | St. Sebastian's Mahendrapuram | DSFS Mammood |
| 68 | St. Antony's Paral | FDSHJ Manakachira |
| 69 | St. Mary's Parel | SABS Morkulangara; DSC Puthuppally |
| 70 | St. Joseph's Veroor | MMM Manimala; FDSHJ St. Alphonsa Chethipuzha |
| 71 | St. Joseph's Manackachira | CMC Chavara Bhavan Kainakary |

| | | |
|---|---|---|
| 72 | Marth Mariam Kunnamkary-Pulimukham | SH Kumarakom |
| 73 | St. Antony’s Perunna East | OLG Pallikkunnu |
| 74 | St. Thomas Puzhavathu | RFTS Mannamthala |
| 75 | St. Mary's Vazhappally West (Parekadavu) | SH Kavalam |
| 76 | St. Antony’s Vettithuruth | MSMM Pangada |

| CHENGANNUR | | |
|---|---|---|
| 77 | Marth Mariam Forane Chengannur | CMC Manimala; CMC Kanjiramkulam |
| 78 | St. Joseph's Ezhumattoor | SH Vadavathoor |
| 79 | Lourdes Matha Kallooppara (Puthussery) | SH Karikkattoor Center |
| 80 | St. Antony's Thadiyoor | SH Dalumugham |
| 81 | Mar Sleeva Adoor | FCC Purackadu |
| 82 | Lourdes Matha (CMI) Ayroor | FCC Puthuppally |
| 83 | St. Alphonsa Mavelikkara | CMC Nooranadu |
| 84 | Danahapally Pandalam | LSC Manganam |
| 85 | St. Mary's Nedumon | SABS Corpus Christy Amalagiri |

| EDATHUA | | |
|---|---|---|
| 86 | St. George Forane Edathua | CMC Pulincunnoo;<br>FDSHJ Marymatha Home Kottayam |
| 87 | St. Nicholas Karumady | CMC Poonthope |
| 88 | St. Joseph’s Karuvatta | CMC Thakazhy |
| 89 | Our lady of Dolours Kelamangalam | CMC Thadiyoor |
| 90 | Holy Family Kizhakke Mithrakary | CMC Nedumkunnam |
| 91 | St. Joseph’s Koduppunna | CMC Thottackadu |
| 92 | St. George Muttar Old | CMC Arpookara; FDSHJ Don Bosco Home, Kumarakom North |
| 93 | St. Thomas Muttar New (Kumaramchira) | CMC Manganam |
| 94 | Immaculate Conception (CMI) Muttar | SABS Mercy Home Amalagiri |
| 95 | Marthoma Sleeha Pilgrim Centre Niranam | SABS Mammood |
| 96 | Lourdes Matha Pacha-Chekkidikadu | CMC Aikkarachira |
| 97 | Fathima Matha Pandy | CMC Aruvikkuzhy |
| 98 | St. Xavier’s Puthukkary | CMC Thazhathuvadakara; SH Jyothi Bhavan Mudiyoorkara |
| 99 | St. Rita’s Thakazhy | SABS Amala Bhavan Changanacherry |
| 100 | St. Antony’s Thayamkary | CMC Holy Family Mannanam |
| 101 | St. Joseph’s Changamkary | DSFS Venganoor Thiruvananthapuram |
| 102 | St. Joseph’s Koilmuck | MSMHC Kottackupuram |
| 103 | Mary Matha Mariyapuram | DSFS Vizhinjam; SABS Sreekaryam |
| 104 | St. Mary’s Ambalappuzha | CMC Lisieux Carmel Ithithanam |
| 105 | Holy Family Kariyil | SABS Kainady |
| 106 | St. Mary’s Kumarapuram | SH Arpookara |
| 107 | St. Pious X Pandankary | SCJG Adoor |
| 108 | St. Jude Viruppala-Thakazhy | SABS Sanjo Bhavan Amalagiri |

| KOLLAM - AYOOR | | |
|---|---|---|
| 109 | Christ the King Forane Ayoor | CMC Thiruvalla-Muthoor, FDSHJ Zion Retreat Centre Kunnamthanam |
| 110 | St. Joseph's Anakkulam | FCC Arumanoor |
| 111 | Mary Matha Anchal | FCC St. Annes Changanacherry |
| 112 | St. Mary's Aryankavu | FCC Provincial House Changanacherry |
| 113 | Nithyasahaya Matha Chenkulam | FCC St. Joseph's Changanacherry |
| 114 | St. Sebastian's Cheriyavelinalloor | FCC Ettumanoor |
| 115 | Infant Jesus Cherukadavu | FCC Chunkappara |
| 116 | St. George Edappalayam | FCC Eravuchira |
| 117 | Nithyasahaya Matha (CSsR) Karavaloor | FCC Fathimapuram |
| 118 | St. Thomas Kollam | FCC Alvernia Kannady |
| 119 | St. Sebastian's Kulathupuzha | FCC Kavalam |
| 120 | Christ the King Makkannoor (Kuttikonam) | FCC Kayalpuram |
| 121 | Lourdes Matha Meenkulam | FCC Kidangara |
| 122 | St. Mary's Narikkallu | FCC Kollad |
| 123 | St.Thomas Pazhayeroor | FCC Alphonsa Bhavan Kudamaloor |
| 124 | St. Joseph's Philgiri | FCC St. Joseph's Kurumapandom; SMMI Arpookara |
| 125 | Sacred Heart Punalur | FCC Jeevodaya Kurumpanadom |
| 126 | St. George Venchempu | FCC Sreekandamangalam Athirampuzha |
| 127 | Mar Aprem Pathanapuram | FCC Immaculate Conception Kudamaloor |
| 128 | St.Thomas (CMF) Kottarackara | CMC Sanketham Koonamthanam |
| 129 | Holy Cross Rajakoope | FCC Moncompu |

| KOTTAYAM | | |
|---|---|---|
| 130 | Lourdes Forane Kottayam | FDSHJ Kumarakom; FCC Champakara |
| 131 | Lourdes Matha Aruvikuzhy | FDSHJ Charamangalam; SOIL Sevanodhyanam Changanacherry |
| 132 | St. Sebastian's Ayarkunnam | FDSHJ Sanjivani Nedumkunnam |
| 133 | Marth Mariam Cheppumpara | FDSHJ Veliyanadu Kesaria |
| 134 | Assumption Eravinalloor | FDSHJ Kumarankary |
| 135 | Little Flower Kolladu-Kaduvakkulam | FDSHJ Punnamada |
| 136 | Mar Sleeva Kooroppada | FDSHJ Pullangady |
| 137 | Deivamatha Pampady | FDSHJ Kandamkary |
| 138 | Sacred Heart Pangada | SH Vaipur New |
| 139 | St. Antony's Puthuppally-Poomattom | FDSHJ Punnaveli |
| 140 | Sacred Heart Thazhathangady | FDSHJ Parel |
| 141 | St. Thomas Vadavathoor | CMC Niranam |

| KUDAMALOOR | | |
|---|---|---|
| 142 | St. Mary's Major Archiepisocal Forane Kudamaloor | SD Podippara; FCC Karuvatta |
| 143 | Little Flower Arpookara | SD Mercy Home Chethipuzha |
| 144 | St. George Aikkarachira | SD Puthenangady |
| 145 | St. Antony's (CMI) Cheepumkal | SD Kottangal |

| | | |
|---|---|---|
| 146 | St. Francis De Sales Kiliroor | SD Nazarathu |
| 147 | Holy Family (Navanazarath) Kumarakom | SD Manalady |
| 148 | St. Joseph's (CMI) Mannanam | SD Kodinattumkunnu |
| 149 | Bethlehem Parampuzha | SD Provincial House Chethipuzha |
| 150 | St. Sebastians Chengalam | SD Kumarapuram TVM; SJSM Arattuvazhy |
| 151 | St. John's Kumarakom Vadakumkara | AASC (Adorers) Changanacherry |
| 152 | St.Thomas Kumaranalloor | SD Palodu |
| 153 | Holy Family (CMI) Kaippuzha | FCC Jyothi Bhavan Hostel Changanacherry |
| 154 | Holy Family Mudiyoorkara | CMC Vimala Hostel Changanacherry |
| 155 | St. Xavier's Villoonni | CMC Pious Hostel Changanacherry |

## KURUMPANADOM

| | | |
|---|---|---|
| 156 | St. Antony's Forane Kurumpanadom | MLF Generalate Changanacherry; FCC Kuttichal |
| 157 | St. Mary's Eravuchira | MLF Kurichy |
| 158 | Assumption Kurumpanadom | MLF Chennampally |
| 159 | Little Flower Madappally | MLF Mundathanam |
| 160 | Lourdes Matha Mammood | SABS Sacred Heart Vazhappally |
| 161 | Holy Family Mannila | SABS Vikasbhavan Changanacherry |
| 162 | Sared Heart Rajamattom | MLF Vellayani |
| 163 | St. George Thottackadu | SABS Kurichy |

## MANIMALA

| | | |
|---|---|---|
| 164 | Holy Maggie Forane Manimala | DSJ St. Joseph's Rajamattom; FCC Pulincunnoo |
| 165 | Little Flower Chunkappara | SH Sreekandamangalam Athirampuzha; SH Vijaya Bhavan Hostel Changanacherry |
| 166 | St. Mary's Kadayanickadu | HSS Kokkadu Venchempu |
| 167 | St. James (CMI) Karikkattoor | SJC Changanacherry |
| 168 | Sacred Heart Karimpanakulam | SABS Vattappally Changanacherry |
| 169 | St. John's Kottangal | DSHJ Pullarikkunnu, Kudamaloor |
| 170 | Little Flower Kulathoor | DSHJ Kiliroor |
| 171 | St. Basil's Manimala New | LSC Manganam |
| 172 | St. Mary's Nirmalapuram | MSJ Pathanapuram |
| 173 | St. Thomas Perumkavu | LSC Pallathuruthy |
| 174 | St. Mary's Vallamchira | SMC Kumaranalloor |
| 175 | St. Antony's Alaprakkadu (Kottangal) | LSC Kaithavana |

## MUHAMMA

| | | |
|---|---|---|
| 176 | St. George Forane Muhamma | SABS Ayarkunnam; SABS Kollam |
| 177 | Lourdes Matha Charamangalam | SABS Pacha - Chekkidikadu |
| 178 | St. Mary's Mannancherry | SABS Santhome Edathua |
| 179 | St. Antony's Paduvapuram (Kanichukulangara) | ASMI Vaisyabhagom |
| 180 | St. Sebastian's SL Puram (Kanjikuzhy) | DST Chathanadu |
| 181 | St. Thomas Kalavoor | ASMI Yudapuram |

| NEDUMKUNNAM | | |
|---|---|---|
| 182 | St. John the Baptist Forane Nedumkunnam | SH Provincial House Parel; SH St. Paul's Aryankavu |
| 183 | St. Antony's Anickadu | SH St. Mary's Aryankavu |
| 184 | St. Joseph's Champakkara | SH Ayoor; SH Study House Changanacherry |
| 185 | St. Mary's Koothrappally | SH Karumady; FMSC Thellakom |
| 186 | St. Athanasius Mallappally-Nedungadappally | SH Prayer House Karikkattoor |
| 187 | St. Antony's Mundathanam | SH Kottayam |
| 188 | St. Sebastian's Panayampala | SH Prathyashabhavan Kottayam |
| 189 | St. Joseph's Vaipur New | SH Kunnamkary |
| 190 | St. Mary's Vaipur Old | SH Mampuzhakkary |
| 191 | St. Sebastian's Vettickalpurayidom | SH Muttar |
| 192 | Fathima Matha Nedumanny | FCC Vadakkekara; SMS Meenkulam |
| 193 | St. Mary's Pulickalkavala | SH Puthuppally |
| 194 | Little Flower Punnavely | SH Peroorkkada |
| 195 | Lourdes Matha Thazhathuvadakara | SH Mayam; FCC Vaipur Old |

| PULINCUNNOO | | |
|---|---|---|
| 196 | St. Mary’s Forane Pulincunnoo | SH Nedumanny; FSD Varimuttom Kudamaloor |
| 197 | St. Rita’s Kannady | SH Vallamchira |
| 198 | St. Joseph’s Kannady | OMMI Changanacherry |
| 199 | St. Theresa’s Kavalam | SH Punalur; SH Kuchapuram |
| 200 | Lisieux Kavalam | SH Punnathura |
| 201 | St. Joseph's Kayalpuram | SH Thekkupara |
| 202 | St. Antony's Kayalpuram | FCC Vadakkekara |
| 203 | Lourdes Matha Mampuzhakary | SABS Puthukkary |
| 204 | St. Mary’s Manalady | FDSHJ Emmaus Retreat Centre Mallappally |
| 205 | St. Pious X Moncompu | SABS Thayamkary |
| 206 | St. Xavier’s Mithrakary | SABS Ramankary |
| 207 | Fathima Matha Pallikkoottumma | SABS Laikadu |
| 208 | St. Joseph’s Punnakkunnathussery | SJC Cheppumpara |
| 209 | St. Joseph’s Ramankary | FDSHJ Samraksha Mary Matha Home Kumarakom |
| 210 | St. Xavier’s Veliyanadu (South) | MMS Kottayam |
| 211 | St. Gregorios Veliyanadu (North)-Kesaria | MMS Ithithanam |
| 212 | St. Joseph’s Veliyanadu (North) | SABS Kulathoor |
| 213 | St. Paul’s Vezhapra | OMMI Thellakom |

| THIRUVANATHAPURAM | | |
|---|---|---|
| 214 | Lourdes Forane Thiruvananthapuram | LSDP Kunnamthanam; JS Changanacherry |
| 215 | Mother Theresa Kannammoola | LWSH Panayampala |
| 216 | St. Joseph’s Karyavattom | LWSH Kattachira |
| 217 | Divine Providence Killy | SABS Assumption Hostel Changanacherry |

| | | |
|---|---|---|
| 218 | St. Alphonsa Pongummoodu | PCPA Chelakombu (Nedumkunnam) |
| 219 | Sacred Heart Thiruvallam | SH Chanjody |
| 220 | Ranigiri (OFM Cap.) Mannamthala | LSDP Aruvikkuzhy |
| 221 | St. Mary’s Palode | LSDP Killy |
| 222 | Lourdes Hill Peroorkkada | LSDP Gandhinagar (Kottayam) |
| 223 | Emmaus (MCBS) Sreekaryam | LSDP Kuttikonam |
| 224 | Holy Family Thirumala | LSDP Keezhvaipur |
| 225 | St. Francis De Sales (MSFS) Vattiyoorkavu | LSDP Ayroor |
| 226 | All Saints Vithura | SH Amboori |
| 227 | St. Peter’s (CMI) Vizhinjam | SABS Fathimapuram |
| 228 | St. Jude Attingal | LWSH Parel |
| 229 | Mar Geevarghese Kesavadasapuram | SABS Karimpanakulam |
| 230 | Nirmala Bhavan Kowdiar | LWSH Koduppunna |
| 231 | Little Flower Vellayani | SH Mudiyoorkara |
| 232 | St. Cicili's Cicilipuram Thiruvananthapuram | CMC Ashabhavan Ithithanam |
| 233 | Amala Pastoral Centre Venjarammoodu | CMC Mudiyoorkara |
| 234 | St. John Paul II Kazhakkoottam | FCC St. Antony's Kannady |

| THRICKODITHANAM | | |
|---|---|---|
| 235 | St. Xavier’s Forane Thrickodithanam | FCC Mudiyoorkara; FCC Vaipur New |
| 236 | St. Sebastian’s Chanjody | FCC Thekkekara |
| 237 | Fathima Matha Fathimapuram | FCC Vavodu |
| 238 | St. Sebastian’s Kodinattumkunnu | FCC Veroochira |
| 239 | St. Joseph’s Kunnamthanam | FCC Veroor |
| 240 | St. Mary’s Mundupalam | SJSM Puthussery |
| 241 | Lourdes Matha Paippad | SJSM Changanacherry |
| 242 | St. Thomas Paippad - Nalukodi | CMC Kottackupuram; JS Paral |
| 243 | St. Antony’s Thiruvalla - Muthoor | SH Vettimukal |

| THURUTHY | | |
|---|---|---|
| 244 | Marth Mariam Forane Thuruthy | JS Generalate Villoonni; LSC Pallathuruthy |
| 245 | St. Mary’s Ithithanam | SdP - Savina Puthuppally |
| 246 | St. Mary’s Vadakkekara | JS Ithithanam |
| 247 | St. Joseph’s Kurichy | SABS Pulickalkavala; MSMHC Thellakom |
| 248 | Holy family Podippara | JS Chennamkary |
| 249 | Lourdes Matha Eara | JS Santhi Bhavan Arpookara |
| 250 | St. Jude Yudapuram | SdP - Savina Vettimukal |
| 251 | St. Mary’s Kainady | SdP Kudayampady (Kudamaloor) |
| 252 | Holy Family Payattupakka | JS Champakulam |
| 253 | St. Joseph’s Kavalam | SdP - Savina Thrickodithanam |

ചങ്ങനാശേരി അതിരൂപതാ ഡയറക്ടറി 2021–22 ലും (ഇടവകകൾ pgs.67-152, വൈദികർ pgs.154-228, സന്യാസിനീസമൂഹങ്ങൾ pgs.274-332) www.archdiocesechanganacherry.org എന്ന വെബ്സൈറ്റിലും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാർത്ഥനവഴി പരസ്പരം ശക്തിപ്പെടുത്താം; നവീകരിക്കാം.

# 'വിശ്രമമില്ലാതെ വലിയ ഇടയനെ അനുഗമിച്ച അജപാലകൻ'
# കളപ്പുരയ്ക്കൽ ബഹു. പീറ്ററച്ചൻ



അജപാലനവീഥിയിൽ അതീവ തീക്ഷ്ണതയോടെ പ്രവർത്തിച്ച ബഹു. കളപ്പുരയ്ക്കൽ പീറ്ററച്ചനെക്കുറിച്ച് ഓർക്കുമ്പോൾ സഭയോടുള്ള പ്രതിബദ്ധത, മേൽപട്ടക്കാരനോടുള്ള വിധേയത്വം, കാലോചിതമായി അജപാലനപ്രവർത്തനങ്ങളെ ക്രമീകരിക്കുവാൻ തനിക്കു ലഭ്യമായ ശുശ്രൂഷാവേദികളിൽ കാട്ടിയ വിശ്വസ്തത, സഹവൈദികരോടും ദൈവജനത്തോടുമുള്ള സഹവർത്തിത്വം എന്നിവ ശ്രദ്ധേയമാണ്. തന്നെവിളിച്ച വലിയ ഇടയനെ വിശ്രമമില്ലാതെ അനുഗമിച്ച അജപാലകനായിരുന്നു കളപ്പുരയ്ക്കൽ ബഹു. പീറ്ററച്ചൻ.

കുട്ടനാട്ടിലെ കണ്ടങ്കരി ഇടവകയിൽ കളപ്പുരയ്ക്കൽ തോമസ് - അന്നമ്മ മകനായി 1938 ഫെബ്രുവരി 16-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിലും മംഗലപ്പുഴ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി. 1967 ഡിസംബർ 16 ന് അഭി. മാർ മാത്യു കാവുകാട്ടു പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

ബഹു. പീറ്ററച്ചന്റെ പ്രഥമപ്രേഷിതരംഗം അതിരൂപതാകേന്ദ്രത്തിന്റെ മുന്നിൽ തലയുയർത്തി നിൽക്കുന്ന സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് & ബുക്ക്സ്റ്റാളിലെ നീണ്ട ആറുവർഷത്തെ സേവനമായിരുന്നു. തുടർന്ന് ചേന്നങ്കരി സെന്റ് ജോസഫ്, ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോന എന്നിവിടങ്ങളിൽ അസ്തേന്തിയായി ശുശ്രൂഷ നിർവഹിച്ചു. 1978 മുതൽ 1986 വരെ തടിയൂർ സെന്റ് ആന്റണീസ്, 1986 മുതൽ 1991 വരെ വെളിയനാട് കേസറിയാ സെന്റ് ഗ്രിഗറീസ്, 1992 ൽ കേളമംഗലം ഔവർ ലേഡി ഓഫ് ഡോളേഴ്സ്, 1998 മുതൽ പാണ്ടി ഫാത്തിമാമാതാ, 2003 മുതൽ ചങ്ങങ്കരി സെന്റ് ജോസഫ്, 2007 മുതൽ തായങ്കരി സെന്റ് ആന്റണീസ് എന്നീ ദൈവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 2010 മുതൽ ഇത്തിത്താനത്തുള്ള വൈദികമന്ദിരത്തിൽ വിശ്രമിക്കവേ 2022 ജൂലൈ 27 ന് ബഹു. കളപ്പുരയ്ക്കലച്ചൻ അന്ത്യയാത്രയായി.

ദീപിക ചിൽഡ്രൻസ് ലീഗ് (DCL) ന്റെ ദീർഘകാല ഡയറക്ടറായി പ്രവർത്തിച്ചിരുന്നു. ദീപികദിനപത്രത്തിന്റെ പ്രചരണത്തിനായി തികഞ്ഞ സമർപ്പണമനോഭാവത്തോടെ അദ്ദേഹം അദ്ധ്വാനിച്ചിരുന്നു. നാനാജാതി മതസ്ഥരായ വ്യക്തികളുമായും വിവിധ സാമൂഹ്യനേതാക്കളുമായും ബഹു. അച്ചനുണ്ടായിരുന്ന ബന്ധങ്ങൾ മികവുറ്റതായിരുന്നു. ബഹു. അച്ചന്റെ അജപാലനവേദിയിൽ

സാമൂഹ്യക്ഷേമം ഉറപ്പാക്കുന്നതിലും ജനങ്ങളുടെ ദുരിതങ്ങളകറ്റുന്നതിലും എല്ലായിടത്തും ബദ്ധശ്രദ്ധനായിരുന്നു. കുടിവെള്ളം എത്തിക്കുന്നതിന്, യാത്രക്ലേശ പരിഹാരത്തിനായി പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിന്, പാണ്ടി, കേളമംഗലം, ചങ്ങങ്കരി എന്നിവിടങ്ങളിൽ ബഹു. പീറ്ററച്ചന്റെ സേവനം സ്മരണാർഹമാണ്. ഇന്നത്തെ എടത്വാ-ചമ്പക്കുളം റോഡ് സമ്പാദകസമിതിയുടെ ലക്ഷ്യങ്ങൾ ഫലം കണ്ടത് ബഹു. പീറ്ററച്ചന്റെ നിതാന്തപരിശ്രമത്തിലൂടെയാണ് എന്നത് മറക്കാനാവാത്ത ഒരു വലിയ യാഥാർത്ഥ്യമാണ്.


ലളിതജീവിതം നയിക്കുന്നതിൽ ബഹു. അച്ചൻ സംതൃപ്തി കണ്ടെത്തിയിരുന്നു. കർത്താവീശോയെ സമ്പത്തായി കരുതിയ അദ്ദേഹം ഭൗതികനേട്ടങ്ങളും സമ്പത്തുമൊക്കെ നിസാരമായി കരുതി. ദൈവസന്നിധിയിൽ സമ്പന്നരാകുവാൻ അനേകരെ ഉദ്ബോധിപ്പിക്കുകയും അതിന് സ്വജീവിതത്തിലൂടെ ബഹു. പീറ്ററച്ചൻ മാതൃക നൽകുകയും ചെയ്തു.

ബഹു. പീറ്ററച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2022 ജൂലൈ 28 ന് കണ്ടങ്കരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വൈദികരുടെയും സന്ന്യസ്തരുടെയും ദൈവജനത്തിന്റെയും സാന്നിദ്ധ്യത്തിൽ അഭി. മാർ തോമസ് തറയിൽ പിതാവ് ആരംഭിച്ചു. തുടർന്നുള്ള വി. കുർബാനയ്ക്കും മൃതസംസ്കാരശുശ്രൂഷകൾക്കും അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് കാർമികത്വം വഹിച്ചു.

ആരോടും പകയില്ലാതെ, ദൈവഹിതം നിറവേറ്റിയ ബഹു. അച്ചന് അതിരൂപതയിലെ മുഴുവൻ വൈദികരുടെയും പ്രാർത്ഥനാഞ്ജലികൾ. ദൈവഹിതത്തോട് ചേർന്നുനിന്ന ബഹു. അച്ചനെ കർത്താവു തന്റെ രാജ്യത്തിലേയ്ക്ക് സ്വീകരിക്കുമാറാകട്ടെ. ബഹു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ഫാ. മാത്യു ചൂരവടി (Sr)**

# 'വിശാലസമീപനമുള്ള വൈദികൻ'
# കാട്ടാമ്പള്ളി ബഹു. സെബാസ്റ്റ്യൻ അച്ചൻ



എടത്വാ കാട്ടാമ്പള്ളി ജോസഫ്-കത്രീനാ ദമ്പതികളുടെ മകനായി 1930 നവംബർ 19 ന് ജനിച്ച ബഹു. സെബാസ്റ്റ്യനച്ചൻ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തൃശ്ശിനാപ്പള്ളിയിൽ സെമിനാരി പരിശീലനം പൂർത്തിയാക്കി. അതിനുശേഷം 1960 മാർച്ച് 25-ന് അഭി. ജയിംസ് മെന്റോൺസ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് 42 വർഷങ്ങൾ അവിഭക്ത ചങ്ങനാശേരി അതിരൂപതയിലെ ഇരുപത്തഞ്ചോളം ഇടവകകളിൽ അജപാലനശുശ്രൂഷ നിർവഹിച്ചു. ദീർഘനാളത്തെ അജപാലനശുശ്രൂഷയിലൂടെ അനേകർക്ക് വിശ്വാസജീവിതത്തിൽ മുന്നേറുന്നതിനു വഴികാട്ടിയ വന്ദ്യ വൈദികനാണ് ബഹു. കാട്ടാമ്പള്ളിയച്ചൻ. പൗരോഹിത്യത്തോടു വിശ്വസ്തത പുലർത്തികൊണ്ടു ഉറച്ച ബോധ്യത്തോടെ പ്രവർത്തിച്ച

അദ്ദേഹത്തിന് അനേകം ഇടവകകളെ സജീവമാക്കാൻ സാധിച്ചു. ആ ഇടവകകളൊക്കെ ഇന്ന് കാഞ്ഞിരപ്പള്ളി രൂപതയിലും ചങ്ങനാശേരി അതിരൂപതയുടെ വിവിധഭാഗങ്ങളിലുമായി വ്യാപിച്ചുകിടക്കുന്നു.

താൻ സേവനം ചെയ്ത സ്ഥലങ്ങളിലൊക്കെ ആധ്യാത്മികവും ഭൗതികവുമായ നവീകരണങ്ങൾ വരുത്തുന്നതിന് അദ്ദേഹം നിരന്തരം പരിശ്രമിച്ചു. ആ പരിശ്രമങ്ങളൊക്കെ അവയുടെ വളർച്ചയ്ക്ക് അടിസ്ഥാനമാവുകയും ചെയ്തു. വിശാലമായ സമീപനമാണ് അച്ചൻ എവിടെയും സ്വീകരിച്ചിരുന്നത്. സെമിനാരി പരിശീലനകാലത്തുതന്നെ ആർജിച്ച സവിശേഷതയായിരിക്കണം ഇത്. തിരുച്ചിറപ്പള്ളി സെന്റ് പോൾസ് മേജർ സെമിനാരിയിലായിരുന്നു തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചത്. ഈശോസഭാവൈദികരിൽനിന്നു ലഭിച്ച പരിശീലനത്തിന്റെ സ്വാധീനം അച്ചന്റെ പിൽക്കാല പ്രവർത്തനങ്ങളിൽ പ്രതിഫലിച്ചിരുന്നു.

കഴിഞ്ഞ 20 വർഷമായി ബഹു. കാട്ടാമ്പള്ളിയച്ചൻ പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതത്തിലായിരുന്നു. അതുകൊണ്ടു അദ്ദേഹത്തെ പരിചയമുള്ളവർ ഇന്നത്തെ തലമുറയിൽ കുറവായിരിക്കും. എന്നാൽ 1960 മുതൽ 42 വർഷം അദ്ദേഹം അജപാലനരംഗത്ത് സജീവമായിരുന്നു. തത്തംപള്ളി, കേസറിയാ, കുമരങ്കരി, തായങ്കരി, മുട്ടാർ ന്യൂ, തെക്കേക്കര, മങ്കൊമ്പ്, കല്ലൂപ്പാറ, ഫിൽഗിരി, കുന്നുംഭാഗം, താഴത്തങ്ങാടി, മുണ്ടത്താനം, ഇരവുചിറ, ചങ്ങങ്കരി, മണലാടി, കൈതവന, നെടുമണ്ണി, കൂരോപ്പട, പങ്ങട, കടയനിക്കാട്, മനയ്ക്കച്ചിറ, കൈനകരി, കുമരകം നവനസ്രത്ത്, ചുങ്കപ്പാറ, ചാഞ്ഞോടി തുടങ്ങിയ ഇടവകകളിൽ അച്ചൻ സേവനം ചെയ്തു.

അജപാലനരംഗത്തു നല്ല ഒരു ഗുരുനാഥനും മാതൃകയും സ്നേഹിതനുമായിരുന്നു. വ്യത്യസ്ത സ്വഭാവത്തോടു കൂടിയവരാണ് ഇടവകയിലുള്ളത്. അവരെയൊക്കെ നിയന്ത്രിക്കുന്നതിനും നയിക്കുന്നതിനും അച്ചന് സാധിക്കുമായിരുന്നു. എന്നാൽ ഇടവകയെയോ സഭയെയോ സ്വാർത്ഥലാഭത്തിനായി ഉപയോഗിക്കുവാൻ അച്ചൻ ആരെയും അനുവദിക്കുമായിരുന്നില്ല.

കാട്ടാമ്പള്ളി ഒരു വലിയ കുടുംബമാണ്; വളരെയേറെ ബന്ധുക്കളുമുണ്ട്. അവരെ എല്ലാവരെയും ബഹു. അച്ചന് നന്നായി അറിയാമായിരുന്നു. അംഗങ്ങളുടെയെല്ലാം ക്ഷേമം അന്വേഷിക്കുകയും അവർക്കു പ്രോത്സാഹനം നൽകുകയും ചെയ്യുമായിരുന്നു. ഓരോവീട്ടിലെയും പ്രധാന സന്ദർഭങ്ങളിൽ ബഹു. അച്ചന്റെ സാന്നിധ്യം ഉറപ്പായിരുന്നു. ഇതേ സമീപനംതന്നെ താൻ ജോലി ചെയ്യുന്ന ഇടവകകളിലും അനുവർത്തിച്ചുപോന്നു.

കാട്ടാമ്പള്ളി കുടുംബത്തിൽപെട്ടതും ബന്ധത്തിൽപ്പെട്ടതുമായ അനേകം വൈദികരുമായും സന്യസ്തരുമായും ബഹു. സെബാസ്റ്റ്യനച്ചൻ നല്ല സമ്പർക്കം പുലർത്തിയിരുന്നു. അവരിൽ പലരും സന്യാസസഭകളിലോ മിഷൻരംഗങ്ങളിലോ മറ്റു രൂപതകളിലോ ജോലിചെയ്യുന്നവരായിരുന്നു. അച്ചന്റെ ജ്യേഷ്ഠൻ ഫാ. ജോസഫ് കാട്ടാമ്പള്ളി ഊട്ടി രൂപതാ വൈദികനായിരുന്നു. മറ്റു പലരും വളരെ ദൂരെയായിരുന്നെങ്കിലും നേരിട്ടുകാണാൻ പ്രയാസമായിരുന്നെങ്കിലും സെബാസ്റ്റ്യനച്ചൻ അവരുമായി ബന്ധപ്പെടുകയും അവരെക്കുറിച്ചു മറ്റുള്ളവരോട് പറയുകയും ചെയ്യുമായിരുന്നു. അതുകൊണ്ടു ഈ കുടുംബത്തിലെ സമർപ്പിതർ തമ്മിൽ നല്ല കൂട്ടായ്മ ഉണ്ടായിരുന്നു. കൂടാതെ, എടത്വാ ഇടവകയിലെ വൈദിക കൂട്ടായ്മയെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും അവരുടെ സമ്മേളനത്തിൽ മുടക്കംകൂടാതെ സംബന്ധിക്കുകയും ചെയ്യുമായിരുന്നു.

അനാരോഗ്യംമൂലം അച്ചന് എഴുപത്തിരണ്ടാം വയസിൽ വിരമിക്കേണ്ടി വന്നു. ആരോഗ്യത്തെക്കുറിച്ചുള്ള ആകുലതകൊണ്ടോ ഭയംകൊണ്ടോ ആയിരുന്നില്ല ഇങ്ങനെ ചെയ്തത്. അച്ചൻ നല്ല ധൈര്യശാലിയും സാഹസികസ്വഭാവക്കാരനുമായിരുന്നു.

1964-ൽ 38-ാമതു ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നതിന് പോൾ ആറാമൻ മാർപാപ്പ മുംബൈയിൽ വന്ന അവസരത്തിൽ കേരളത്തിൽ നിന്നും അനേകർ അവിടെയെത്തി. അതിൽ സംബന്ധിക്കുന്നതിനുവേണ്ടി കൊച്ചിയിൽ നിന്നും ഒരു കപ്പൽ അഞ്ഞൂറ് തീർത്ഥാടകരുമായി മുംബൈയിലേക്ക് തിരിച്ചു. റവ. ഡോ. ആന്റണി കുര്യാളശ്ശേരിൽ അച്ചനായിരുന്നു അതിന്റെ സംഘാടകൻ. ചങ്ങനാശേരി അതിരൂപതാ വൈദികരിൽനിന്നു അതിൽ പങ്കെടുത്ത ചുരുക്കം ചിലരുടെ കൂട്ടത്തിൽ കാട്ടാമ്പള്ളിയച്ചനുമുണ്ടായിരുന്നു. കപ്പലിലെ പരിമിതികൾമൂലം യാത്രാമദ്ധ്യേ ചില അസ്വസ്ഥതകൾ ഉണ്ടായി. ചില വൈദികരുടെ സമയോചിതമായ ഇടപെടൽമൂലം തെറ്റിദ്ധാരണകൾ പരിഹരിക്കപ്പെടുകയും യാത്ര സുഗമമാകുകയും ചെയ്തു. ഇക്കാര്യത്തിൽ ബഹു. കാട്ടാമ്പള്ളിയച്ചനാണ് പ്രധാന പങ്കുവഹിക്കുകയും ബഹു. കുര്യാളശ്ശേരിലച്ചന് പിന്തുണനൽകി കപ്പൽ യാത്ര സന്തോഷകരമാക്കുകയും ചെയ്തത്.

തന്റെ അനാരോഗ്യംപോലും വകവയ്ക്കാതെ അപകടത്തിൽ മരണമടഞ്ഞ സഹോദരപുത്രൻ മോൺസി, ഭാര്യ, മകൾ, മരുമകൻ എന്നിവരുടെ മൃതസംസ്ക്കാരത്തിൽ അച്ചൻ ബാംഗ്ളൂരിലെത്തി പങ്കെടുത്തു. ഒരു വലിയ ദുരന്തത്തിൽ ഹൃദയം തകർന്ന കുടുംബത്തോടൊപ്പം നിൽക്കുന്നതിനും അവരുടെ വേദനകളിൽ പങ്കെടുക്കുന്നതിനും എടുത്ത ഈ തീരുമാനം അജപാലന ശുശ്രൂഷയുടെ മഹനീയമാതൃകയാണ്.

2022 ഓഗസ്റ്റ് 11-ന് ബഹു. സെബാസ്റ്റ്യൻ അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. ബഹു. അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകൾ 2022 ഓഗസ്റ്റ് 15 ന് എടത്വാ സെന്റ് ജോർജ് ഫൊറോനാദൈവാലയത്തിൽ അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭി. തോമസ് തറയിൽ പിതാവിന്റെയും കാർമികത്വത്തിൽ നടത്തപ്പെട്ടു. പ്രിയപ്പെട്ട സെബാസ്റ്റ്യൻ കാട്ടാമ്പള്ളിയച്ചന്റെ ദൃഢനിശ്ചയവും സത്യസന്ധതയും പൗരോഹിത്യത്തോടുള്ള വിശ്വസ്തതയും അദ്ദേഹത്തെ ദൈവസന്നിധിയിൽ സ്വീകാര്യനാക്കി തീർക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. സെബാസ്റ്റ്യൻ അച്ചന് അതിരൂപതാ വൈദികകൂട്ടായ്മയുടെ പ്രാർത്ഥനാപൂർവകമായ യാത്രാമംഗളങ്ങൾ.

**ഫാ. തോമസ് കൊച്ചുതറ**

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 ആഗസ്റ്റു മാസം PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിന് യാത്രയായ ബഹു. സെബാസ്റ്റ്യൻ കാട്ടമ്പള്ളിയച്ചനെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. എല്ലാ അംഗങ്ങളും അച്ചന്റെ നിയോഗത്തിൽ ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. റ്റോം ആര്യങ്കാല**
(സെക്രട്ടറി)

**സുകൃത സുമങ്ങളണിഞ്ഞതിരൂപത**
**ചങ്ങനാശേരി വെൽക**

## പ്രീ പബ്ലിക്കേഷൻ സൗജന്യം!

**അതിരൂപതാ ചരിത്രകമ്മീഷൻ 2022 ഒക്ടോബർ 4 ന് പ്രസിദ്ധീകരിക്കുന്ന**
**ഒരു സംഘം രചയിതാക്കൾ തയ്യാറാക്കിയ ലേഖനസമാഹാരം**

# സഭയുടെ വളർച്ചയിൽ അതിരൂപതയുടെ പങ്കാളിത്തം

**(ചങ്ങനാശേരി അതിരൂപത ഇന്നലെ, ഇന്ന് വാല്യം III, ഭാഗം II)**

**ക്രൗൺ 1/4 സൈസ്, മൾട്ടികളർ, കെയ്സ് ബയന്റിംഗ്,**
**350 പേജുകൾ**
**ഐ.റ്റി.സി. മാപ്ലിത്തോ 80 gsm പേപ്പർ**

**മുഖവില ₹ 850 । സൗജന്യവില ₹ 550**

1887 ൽ വികാരിയാത്ത് സ്ഥാപനത്തോടുകൂടി ഒരു പ്രാദേശിക സഭാസമൂഹമായി പുനർജ്ജനിച്ച ചങ്ങനാശേരിയിലെ സഭാസമൂഹം ചരിത്രത്തിലൂടെയുള്ള അവളുടെ പ്രയാണത്തിൽ സീറോമലബാർ സഭയുടെയും ഇതര സഭാസമൂഹങ്ങളുടെയും വളർച്ചയിൽ വിലപ്പെട്ട സംഭാവനകൾ നൽകി.

ദൈവാരാധന, വിശ്വാസപരിശീലനം, വൈദികപരിശീലനം, സഭൈക്യം, സന്ന്യാസജീവിതം, പ്രേഷിതപ്രവർത്തനം, കുടുംബപ്രേഷിതത്വം, പ്രവാസിപ്രേഷിതത്വം, അത്മായമുന്നേറ്റം തുടങ്ങിയ മേഖലകളിൽ ചങ്ങനാശേരി അതിരൂപതയുടെ തനതു സംഭാവനകളെ ഈ വിശിഷ്ടഗ്രന്ഥം എടുത്തുകാട്ടുന്നു.

**സൗജന്യനിരക്ക് 2022 സെപ്റ്റംബർ 30 വരെ മാത്രം**

ചങ്ങനാശേരി സെന്റ് ജോസഫ്സ് ഓർഫനേജ് ബുക്സ്റ്റാളിലും അതിരൂപതയിലെ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും ബുക്കിംഗ് സ്വീകരിക്കുന്നു.

NB: **പണമടച്ച് ബുക്കു ചെയ്യുന്നവർ ഒക്ടോബർ 25 നുശേഷം ബുക്കു ചെയ്ത കേന്ദ്രത്തിൽ രസീതു കാണിച്ച് പുസ്തകം കൈപ്പറ്റേണ്ടതാണ്.**

**അതിരൂപതാ ചരിത്രകമ്മീഷൻ**
9495686825

താഴെ സൂചിപ്പിച്ചിരിക്കുന്ന ഫൊറോനയുടെ കീഴിലുള്ള പള്ളികളിൽ നിന്നും ഇനിയും കണക്ക് സമർപ്പിക്കാത്തവർ അതാത് ഫൊറോനാ കേന്ദ്രത്തിൽ നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ എത്തിച്ചേർന്ന് കണക്ക് സമർപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

| | | | | | |
|---|---|---|---|---|---|
| ALAPPUZHA FORANE | 05-09-22 | 10 am | EDATHUA FORANE | 12-09-22 | 10 am |
| CHAMPAKULAM FORANE | 20-09-22 | 10 am | KOLLAM - AYOOR FORANE | 12-10-22 | 10 am |

## അതിരൂപതാകേന്ദ്രത്തിൽ 2021–22 വർഷത്തെ കണക്ക് സമർപ്പിക്കാനുള്ള പള്ളികളുടെ പേരും തീയതിയും സമയവും താഴെ ചേർക്കുന്നു

| | | | | |
|---|---|---|---|---|
| **ATHIRAMPUZHA FORANE** | | | | |
| 1 | Athirampuzha Srikandamangalam | Lisieux (MCBS) | 02-09-22 | 10 am |
| 2 | Cheruvandoor | St Sebastian's | " | 11 am |
| 3 | Nalpathimala | St Thomas | " | 12 noon |
| 4 | Pallikkunnu (Punnathura ) | St Thomas | " | 02 pm |
| 5 | Thellakom (Pushpagiri ) | St Joseph's | " | 03 pm |
| **CHANGANACHERRY FORANE** | | | | |
| 1 | Changanacherry - Metropolitan | St Mary's Forane | 06-09-22 | 10 am |
| 2 | Cheeramchira | St George's | " | 11 am |
| 3 | Kumaramkary | St Mary's | " | 12 noon |
| 4 | Mahendrapuram | St Sebastian's | " | 02 pm |
| 5 | Manackachira | St Joseph's | " | 03 pm |
| 6 | Paral | St Antony's | 09-09-22 | 10 am |
| 7 | Parel | St Mary's | " | 11 am |
| 8 | Perunna East | St Antony's | " | 12 noon |
| 9 | Pulimukham (Kidangara ) | Marth Mariam | " | 02 pm |
| 10 | Puzhavathu | St Thomas | " | 03 pm |
| 11 | Vazhappally W (Parekadavu) | St Mary's | 10-09-22 | 10 am |
| 12 | Veroor | St Joseph's | " | 11 am |
| 13 | Vettithuruth | St Antony's | " | 12 noon |
| **CHENGANNUR FORANE** | | | | |
| 1 | Chengannur | Marth Mariam Forane | 13-09-22 | 10 am |
| 2 | Adoor | Mar Sleeva | " | 11 am |
| 3 | Ayroor | Lourdes Matha | " | 12 noon |
| 4 | Ezhumattoor | St Joseph's | " | 02 pm |
| 5 | Kallooppara (Puthussery) | Lourdes Matha | " | 03 pm |
| 6 | Mavelikkara | St Alphonsa's | 14-09-22 | 10 am |
| 7 | Nedumon | St Mary's | " | 11 am |
| 8 | Pandalam | Danahapally | " | 12 noon |
| 9 | Thadiyoor | St Antony's | " | 02 pm |

| | | | | |
|---|---|---|---|---|
| **KOTTAYAM FORANE** | | | | |
| 1 | Kottayam | Lourdes Forane | 15-09-22 | 10 am |
| 2 | Kaduvakulam (Kollad- MCBS) | Little Flower | " | 11 am |
| 3 | Kooroppada | Mar Sleeva | " | 11.30 am |
| 4 | Puthuppally-Poomattom (CMI) | St Antony's | " | 12 noon |
| 5 | Thazhathangady | Sacred Heart | " | 02 pm |
| 6 | Vadavathoor | St Thomas | " | 03 pm |
| **KUDAMALOOR FORANE** | | | | |
| 1 | Kudamaloor | St Mary's Forane | 16-09-22 | 10 am |
| 2 | Cheeppunkal | St Antony's | " | 11 am |
| 3 | Chengalam | St Sebastian's | " | 1130 am |
| 4 | Kumarakom Vadakkumkara | St John Nepumseanos | " | 12 noon |
| 5 | Kumarakom Nava Nazareth | Holy Family | 17-09-22 | 10 am |
| 6 | Kumaranalloor | St Thomas | " | 11 am |
| 7 | Parampuzha | Bethlehem | " | 12 noon |
| **KURUMPANADOM FORANE** | | | | |
| 1 | Mammood | Lourdes Matha | 19-09-22 | 10 am |
| 2 | Mannila | Holy Family | " | 11 am |
| **MANIMALA FORANE** | | | | |
| 1 | Chunkappara | Little Flower | 21-09-22 | 10 am |
| 2 | Kottangal | St John's | " | 11 am |
| 3 | Kulathoor | Little Flower | " | 12 noon |
| 4 | Nirmalapuram | St Mary's | " | 02 pm |
| 5 | Perumkavu | St Thomas | " | 03 pm |
| **MUHAMMA FORANE** | | | | |
| 1 | Muhamma | St George's Forane | 22-09-22 | 10 am |
| 2 | Charamangalam | Lourdes Matha | " | 11 am |
| 3 | Kalavoor | St Thomas | " | 1130 am |
| 4 | SL Puram (Kanjikuzhy) | St Sebastian's | " | 12 noon |
| 5 | Paduvapuram (Kanichukulangara) | St Antony's | " | 02 pm |
| 6 | Mannancherry | St Mary's | " | 03 pm |
| **NEDUMKUNNAM FORANE** | | | | |
| 1 | Mylady (VC) | St Antony's | 23-09-22 | 10 am |
| 2 | Anickad | St Antony's | " | 10.30 am |
| 3 | Pulickalkavala | St Mary's | " | 11 am |
| 4 | Thazhathuvadakara | Lourdes Matha | " | 12 noon |
| 5 | Vaipur New | St Joseph's | " | 02 pm |
| 6 | Vettickalpurayidam | St Sebastian's | " | 03 pm |

| PULINCUNNOO FORANE | | | | |
|---|---|---|---|---|
| 1 | Kavalam | St Theresa's | 26-09-22 | 10 am |
| 2 | Kayalpuram | St Joseph's | " | 11 am |
| 3 | Manalady | St Mary's | " | 12 noon |
| 4 | Mithrakary | St Xavier's | 28-09-22 | 10 am |
| 5 | Mithrakary East | Holy Family | " | 11 am |
| 6 | Moncompu | St Pious X | " | 12 noon |
| 7 | Pallikkoottumma | Fathima Matha | " | 02 pm |
| 8 | Punnakunnathusserry | St Joseph's | " | 03 pm |
| 9 | Ramankary | St Joseph's | 29-09-22 | 10 am |
| 10 | Veliyanadu South | St Xavier's | " | 11 am |
| 11 | Veliyanadu North | St Joseph's | " | 12 noon |
| 12 | Veliyanadu North (Kesaria) | St Gregory's | " | 02 pm |
| **THIRUVANANTHAPURAM FORANE** | | | | |
| 1 | Karyavattom | St Joseph's | 06-10-22 | 10 am |
| 2 | Thiruvallam (Kovalam) | Sacred Heart | " | 11 am |
| 3 | Vizhinjam (CMI) | St Peter's | " | 12 noon |
| 4 | Kazhakkoottam (Karyavattom) | St John Paul II | " | 02 pm |
| 5 | Kuchapuram | St Joseph's | " | 03 pm |
| 6 | Attingal | St Jude | 07-10-22 | 10 am |
| 7 | Kattukulam, Vizhinjam | Christ the King | " | 11 am |
| 8 | Killy | Divine Providence | " | 12 noon |
| 9 | Koliyoor, Vizhinjam | St Thomas | " | 02 pm |
| 10 | Kowdiar | Nirmala Bhavan | " | 03 pm |
| 11 | Kuttichal | Mar Thoma Sleeha | 08-10-22 | 10 am |
| 12 | Nedumangadu, Peroorkada | St Thomas | " | 11 am |
| 13 | Uchakada, Vizhinjam | St Cicily's | " | 12 noon |
| 14 | Venjarammood | Mar Thomagiri Amala | " | 02 pm |
| 15 | Kesavadasapuram | Nazrath | " | 03 pm |
| **THRICKODITHANAM FORANE** | | | | |
| 1 | Chanjody | St Sebastian's | 10-10-22 | 10 am |
| 2 | Fathimapuram | Fathima Matha | " | 11 am |
| 3 | Kunnamthanam | St Joseph's | " | 12 noon |
| 4 | Mundupalam | St Mary's | " | 02 pm |
| 5 | Thiruvalla-Muthoor | St Antony's | " | 03 pm |
| **THURUTHY FORANE** | | | | |
| 1 | Eara | Lourdes Matha | 11-10-22 | 10 am |
| 2 | Kurichy (Santhigiri) | St Joseph's | " | 11 am |
| 3 | Cherukara | St Mary's | " | 12 noon |

ചങ്ങനാശേരി അതിരൂപതയുടെ മാധ്യമ പ്രേഷിതവിഭാഗമായ
MAC TEAMന്റെ ആശംസകൾ!

## MY PARISH ONLINE SOFTWARE

നമ്മുടെ അതിരൂപതയുടെ MY PARISH ONLINE SOFTWARE പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഫൊറോന അടിസ്ഥാനത്തിൽ ബഹു. അച്ചന്മാരുടെയും ഇടവകയിലെ കോർഡിനേറ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തിവരുകയാണ്. നമ്മുടെ അതിരൂപതയിലെ ചെറുതും വലുതുമായ 237 പള്ളികളിൽനിന്നായി 65403 കുടുംബങ്ങളുടെയും 1,72,100 വ്യക്തികളുടെയും പൊതുവിവരങ്ങൾ പുതിയ സോഫ്റ്റ്വെയറിൽ ചേർക്കാനായിട്ടുണ്ട്. ബഹു. അച്ചന്മാർക്കും ഇടവകയിലെ കോർഡിനേറ്റേഴ്സിനും പ്രത്യേകം നന്ദിയറിയിക്കട്ടെ.

പുതിയ SOFTWARE ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ സഭാ – സാമൂഹിക – സാമ്പത്തിക സർവ്വേവരെയാണ് തീർക്കേണ്ടത്. സർവ്വേയിൽ ഇതുവരെ 11,980 കുടുംബങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. 2022 സെപ്റ്റബർ 10 ആകുമ്പോഴേക്കും നമ്മുടെ അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളുടെയും സർവ്വേവരെയുള്ള പ്രവർത്തനങ്ങൾ തീർക്കണമെന്നാണ് ആലോചിക്കുന്നത്. എങ്കിലേ അതിരൂപതാ മഹായോഗത്തിനാവശ്യമായ പഠനങ്ങൾ സർവ്വേയിൽ നിന്നെടുക്കാൻ സാധിക്കുകയുള്ളു. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയമോ തടസങ്ങളോ ഉണ്ടാകുമ്പോൾ Helpline (9496935651, 8848390930, 9495112288) നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## MAC TV, MAC RADIO

നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ MAC TV യിലൂടെയും ONLINE RADIO ആയ MAC RADIO യിലൂടെയും ലഭ്യമാകുന്ന ശുശ്രൂഷകളെ പരമാവധി പ്രയോജനപ്പെടുത്താൻ എല്ലാവരും ശ്രമിക്കുമല്ലോ. നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി.

സ്നേഹപൂർവം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)


**PROGRAM PRODUCER നെ ആവശ്യമുണ്ട്**

MAC TV, MVTV എന്നീ യൂട്യൂബ് ചാനലുകളിൽ പ്രോഗ്രാം പ്രൊഡ്യൂസറായി ജോലി ചെയ്യാൻ മീഡിയാരംഗത്ത് പരിചയവും മീഡിയാപരമായ വിദ്യാഭ്യാസ യോഗ്യതയുമുള്ളവർ സെപ്റ്റംബർ 10 ന് മുമ്പായി ബന്ധപ്പെടാൻ ശ്രദ്ധിക്കുക.

മിശിഹായിൽ സ്നേഹമുള്ളവരേ,

നമ്മുടെ ഈ വർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വളരെ ഊർജ്ജസ്വലമായി മുന്നോട്ടുപോകുന്നുവെന്ന് പ്രത്യാശിക്കുന്നു. ഒന്നാം ടേം അവസാനിക്കാറാകുമ്പോൾ കൂടുതൽ ഉത്സാഹത്തോടെ നമ്മുടെ പ്രവർത്തനങ്ങളെ ക്രമീകരിക്കാനും വിശ്വാസജീവിതം സ്ഥിരോത്സാഹത്തോടെ മുന്നോട്ടു നയിക്കാനും നമുക്കുശ്രമിക്കാം. അതോടൊപ്പം ഒരു വിശ്വാസപരിശീലനവർഷത്തിലെ പ്രധാന പ്രവർത്തനങ്ങളിലൊന്നായ ബൈബിൾ കലോത്സവം അടുത്തു വരുമ്പോൾ നമ്മുടെയുള്ളിലെ കലാവാസനകളെ പരമാവധി വളർത്താനും കൂട്ടായ്മാബോധത്തിൽ ആഴപ്പെടാനും നമുക്കു ശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**സെപ്റ്റംബർ 2022**

1 വ്യാഴം : എട്ടുനോമ്പാരംഭം
3 ശനി : CLT ക്ലാസ്
4 ഞായർ : കൈത്താ ഏഴാം ഞായർ – ക്ലാസ് 14
7 ബുധൻ : ഒന്നാം ഓണം (ഓഫീസ് അവധി)
8 വ്യാഴം : പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ, തിരുവോണം (ഓഫീസ് അവധി)
10 ശനി : CLT ധ്യാനം
11 ഞായർ : CLT ധ്യാനം, ഏലിയ–സ്ലീവാ–മൂശേ ഒന്നാം ഞായർ, ക്ലാസ് – 15
14 ബുധൻ : മാർ സ്ലീവായുടെ പുകഴ്ച
17 ശനി : CLT ക്ലാസ്
18 ഞായർ : ഏലിയ–സ്ലീവാ–മൂശേ രണ്ടാം ഞായർ, ക്ലാസ് – 16
24 ശനി : CLT ക്ലാസ്
25 ഞായർ : ഏലിയ–സ്ലീവാ–മൂശേ രണ്ടാം ഞായർ, ക്ലാസ് – 17

**ഒക്ടോബർ 2022**

1 ശനി : CLT ക്ലാസ്
2 ഞായർ : **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്തുപരീക്ഷ**
8 ശനി : CLT ക്ലാസ്
15 ശനി : **ഒന്നാം ടേം വാചികപരീക്ഷ അവസാനിപ്പിക്കേണ്ട ദിവസം**

## സീറോ മലബാർ സഭാപ്രതിഭാ അവാർഡ്

സീറോമലബാർ സിനഡ് കാറ്റകെറ്റിക്കൽ കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഹയർകോഴ്സ് കുട്ടികൾക്കായുള്ള സഭാപ്രതിഭാ അവാർഡിനുള്ള രൂപതാതല തിരഞ്ഞെടുപ്പ് ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവിധ ഫൊറോനോകൾക്കായി സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതായിരിക്കും. ഓരോ ഇടവകയിൽ നിന്നും പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന പാഠ്യ പാഠ്യേതരപ്രവർത്തനങ്ങളിലും വിശ്വാസജീവിതചര്യകളിലും മികവു പുലർത്തുന്ന ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയുമാണ് അയയ്ക്കേണ്ടത്. ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ നിശ്ചിത ഫോമിൽ പൂരിപ്പിച്ച് സന്ദേശനിലയത്തിൽ എത്തിക്കുക. ഫോമുകൾ സന്ദേശനിലയം ഓഫീസിലും വെബ്സൈറ്റിലും ലഭ്യമാണ്.

## ഒന്നാം ടേം പരീക്ഷ

ഒന്നാം ടേം പരീക്ഷ കഴിഞ്ഞവർഷത്തേതുപോലെതന്നെ എഴുത്ത്, വാചിക പരീക്ഷകൾ ഉൾക്കൊള്ളുന്നതായിരിക്കും. എഴുത്തുപരീക്ഷ ഒക്ടോബർ 2 ഞായറാഴ്ചയായിരിക്കും. 1 മുതൽ 7 വരെ ക്ലാസുകൾക്ക് രാവിലെയും 8 മുതൽ 12 വരെ ക്ലാസുകൾക്ക് ഉച്ചകഴിഞ്ഞുമാണ്. ഒക്ടോബർ 15 നു മുമ്പായി വാചികപരീക്ഷ പൂർത്തീകരിക്കേണ്ടതാണ്.

## CRT സന്ദർശനം

ഈ വർഷത്തെ സി.ആർ.റ്റി. സന്ദർശനം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി എല്ലാ സൺഡേസ്കൂളിലും നടത്തുന്നതാണ്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കുട്ടികളെക്കാൾ അധ്യാപകരെ കാണുന്നതിനും സംസാരിക്കുന്നതിനുമായിരിക്കും ഈ വർഷം ഊന്നൽ നൽകുക. അതിനാൽത്തന്നെ ഈ സന്ദർശനം ഞായറാഴ്ച ഉച്ചകഴിഞ്ഞ് സ്റ്റാഫ് മീറ്റിംഗായോ പ്രാർത്ഥനാസമ്മേളനത്തിന്റെ ഭാഗമായോ നടത്താവുന്നതാണ്. സന്ദർശനാവസരം വെറുമൊരു പരിശോധനയുടെ അവസരമാക്കാതെ സി.ആർ.റ്റി. അംഗങ്ങളുമായി നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുവാനും വിലയിരുത്തുവാനും അതിന്റെ വെളിച്ചത്തിൽ മികവുറ്റതാക്കുവാനുമുള്ള മാർഗങ്ങൾ തേടേണ്ട അവസരവുമാണ്. സി.ആർ.റ്റി. സന്ദർശനം ഫലദായകമാക്കുവാൻ എല്ലാവരും സഹകരിക്കുമല്ലോ.

## ബൈബിൾ കലോത്സവം

നമ്മുടെ കുട്ടികൾക്ക് ദൈവം നല്കിയിട്ടുള്ള കലാപരമായ കഴിവുകൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബൈബിൾ കലോത്സവം ഈ വർഷം മുതൽ പുനഃരാരംഭിക്കുന്നു. ഫൊറോനാതല ബൈബിൾ കലോത്സവങ്ങളുടെ ഭംഗിയായ നടത്തിപ്പിനാവശ്യമായ ഇടവക-ഫൊറോനാതല കലോത്സവ കമ്മിറ്റി കൺവീനേഴ്സ്, ഫൊറോനാ സ്റ്റേജ് മാനേജേഴ്സ്, സോഫ്റ്റ്വെയർ ഓപ്പറേറ്റേഴ്സ് എന്നിവരെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക. അവർക്കുള്ള ഓറിയന്റേഷൻ ക്ലാസിന്റെ വിവരങ്ങളും കലോത്സവത്തിന്റെ വിശദവിവരങ്ങളും താമസിയാതെ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്. കലോത്സവ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുവാനായി എല്ലാ സൺഡേസ്കൂളുകളും ഒരു ഇ-മെയിൽ ഐഡി ഗൂഗിൾഫോമിലൂടെ സന്ദേശനിലയത്തിൽ അറിയിക്കേണ്ടതാണ്.

*ശേഷം പേജ് 61 ൽ.....»*

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

രണ്ടു വർഷങ്ങൾക്കുശേഷം അൽഫോൻസാ ജന്മഗൃഹത്തിലേക്കുള്ള തീർത്ഥാടനം നമുക്കെല്ലാവർക്കും ഒരു ആത്മീയ ഉണർവ്വ് നൽകിയിരിക്കുകയാണ്. പ്രതികൂല സാഹചര്യങ്ങളെല്ലാം അതിജീവിച്ച് അൽഫോൻസാമ്മയുടെ മാധ്യസ്ഥംതേടി കുടമാളൂരിൽ എത്തിച്ചേർന്ന കുഞ്ഞുമിഷനറിമാരെയും അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. സെപ്റ്റംബർമാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. കാരണം, നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ, സ്ഥാപക പിതാവ് ബഹു. മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം, അതിരൂപതാകൗൺസിൽ എന്നിവയെല്ലാം ഈ മാസത്തിലാണ്. ഇതെല്ലാം സമുചിതമായി ആഘോഷിക്കാൻ എല്ലാ ശാഖകളും മേഖലകളും വേണ്ടക്രമീകരണം നടത്തുമല്ലോ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**സെപ്റ്റംബർ 2022**

| | | |
|---|---|---|
| 1 വ്യാഴം | : | എട്ടുനോമ്പാരംഭം |
| 4 ഞായർ | : | Preacher's Day ശാഖകളിൽ |
| 5 തിങ്കൾ | : | കൊൽക്കത്തയിലെ വി. മദർ തെരേസ |
| 8 വ്യാഴം | : | പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| 9 വെള്ളി | : | സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം |
| 10 ശനി | : | മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം ശാഖകളിൽ |
| 14 ബുധൻ | : | മാർ സ്ലീവായുടെ പുകഴ്ച |
| 21 ബുധൻ | : | **അതിരൂപതാ കൗൺസിൽ** |
| 25 ഞായർ | : | ബെത്‌ലഹേം മീറ്റ്, പഠനഗ്രന്ഥം ചർച്ച |

**ഒക്ടോബർ 2022**

| | | |
|---|---|---|
| 1 ശനി | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അംഗത്വനവീകരണം നടത്തുക, ദൈവവിളിദിനം, ദൈവവിളിക്കായി പ്രാർത്ഥിക്കുക. |

### ബഹു. ജോസഫ് മാലിപ്പറമ്പിലനുസ്മരണം

നമ്മുടെ സ്ഥാപകഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ സെപ്റ്റംബർ 10 ശനിയാഴ്ച 9.30ന് വിശുദ്ധ കുർബാനയും തുടർന്ന് അനുസ്മരണ സമ്മേളനവും ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. കുടമാളൂർ, കോട്ടയം, അതിരമ്പുഴ മേഖലകളിലെ മേഖലാ-ശാഖാ ഭാരവാഹികളുടെ പൂർണമായ സഹകരണം ഈ സമ്മേളനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

### ശാഖാതല അനുസ്മരണം

മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം ശാഖകളിൽ സെപ്റ്റംബർ 10 ശനിയാഴ്ച ഉചിതമായ പരിപാടികളോടുകൂടെ നടത്തേണ്ടതാണ്.

* അച്ചന്റെ ജീവിതത്തെ ആസ്പദമാക്കി പത്രം നിർമ്മിക്കുക.
* സെമിനാർ, പ്രസംഗം എന്നിവ സംഘടിപ്പിക്കുക.

### അതിരൂപതാ കൗൺസിൽ

ചങ്ങനാശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ഈ വർഷത്തെ അതിരൂപത കൗൺസിൽ സെപ്റ്റംബർ 21 ബുധനാഴ്ച എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടത്തപ്പെടുന്നു. ശാഖ, മേഖല ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസർമാർ, അതിരൂപതാ–മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

### എക്ലേസിയ ക്വിസ് & മിഷൻ ആന്തം

മേഖലാതലത്തിൽ ഒക്ടോബർ 31ന് മുമ്പായി മത്സരങ്ങൾ നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ ലിസ്റ്റ് നവംബർ 6–നകം അതിരൂപതാ ഓഫീസിൽ ഏല്പിക്കുമല്ലോ (വിശദവിവരങ്ങൾ, മാർഗരേഖ പേജ് 34 കാണുക).

### ബൈബിൾ കൈയെഴുത്തുപ്രതി

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മേഖലാ അടിസ്ഥാനത്തിൽ ശാഖകളുടെ സഹകരണത്തോടെ ബൈബിൾ കൈയെഴുത്തുപ്രതി തയ്യാറാക്കേണ്ടതാണ്. അതിരൂപത നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് തയ്യാറാക്കുന്ന കൈയെഴുത്തുപ്രതിയിൽ ഏറ്റവും മികച്ചതിന് അതിരൂപതാതലത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. ഡിസംബർ 31നു മുമ്പായി ബൈബിൾ കൈയെഴുത്തുപ്രതി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

* മേഖലയിലെ എല്ലാ യൂണിറ്റുകളുടെയും സഹകരണത്തോടെ ചെയ്യേണ്ടതാണ്.
* A4 സൈസ് പേപ്പറിൽ രണ്ടുവശത്തും എഴുതാവുന്നതാണ്.
* മാർജിൻ, എഴുതേണ്ട മഷിയുടെ നിറം (നീല/കറുപ്പ്) എന്നിവ മേഖലയ്ക്ക് നിശ്ചയിക്കാം.
* ബൈബിളിലുള്ളതുപോലെ അദ്ധ്യായം, വാക്യം എന്നിവ തിരിച്ചെഴുതേണ്ടതാണ്.
* POC ബൈബിളാണ് എഴുതാനുപയോഗിക്കേണ്ടത്.
* ഓരോ ശാഖയ്ക്കും എഴുതേണ്ട ഭാഗം അതാത് മേഖലാഭാരവാഹികൾ തിരിച്ചു നൽകേണ്ടതാണ്.

### അൾത്താരബാലന്മാരുടെ സെമിനാർ

മേഖലാതലത്തിൽ അൾത്താരബാലന്മാരുടെ സെമിനാർ നവംബർ മാസത്തിന് മുമ്പായി നടത്തി അതിൽ പങ്കെടുക്കുന്ന കുട്ടികളിൽനിന്നും ബഹു. ഇടവകവികാരിമാർ ഒരു അൾത്താരബാലനെ അതിരൂപതാതല ക്യാമ്പിലേയ്ക്ക് അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ❍

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

പരി. കന്യകാമാതാവിന്റെ ആഗതമാകുന്ന പിറവിത്തിരുനാൾ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവം നേരുന്നു. കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാ സംഗമങ്ങൾ (കെരിഗ്മ) വളരെ വിജയകരമായി നടന്നുവരുകയാണ്. ഇതിലേയ്ക്ക് നല്ല പങ്കാളിത്തമുണ്ടാകുവാൻ കാരണക്കാരായ ബഹു. ഫൊറോനാ വികാരിയച്ചന്മാരെയും ഇടവക വികാരിയച്ചന്മാരെയും ഫൊറോനാ ഡറക്ടറച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു. ആഗസ്റ്റ് മാസത്തിൽ ക്രമീകരിച്ച കെരിഗ്മയിൽ ബന്ധപ്പെട്ട ഫൊറോനകളിലെ ലീഡേഴ്സിന്റെ പങ്കാളിത്തം ഏറെ അഭിനന്ദനാർഹമായിരുന്നു. വെരി റവ. ഫാ. ജേക്കബ് ചീരംവേലിൽ, വെരി റവ. ഫാ. മാത്യു അഞ്ചിൽ, ഫാ. ജോർജ് മാന്തുരുത്തിൽ എന്നിവർ ബന്ധപ്പെട്ട ഫൊറോനകളിൽ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും റവ. ഡോ. സോണി തെക്കുംമുറി ക്ലാസുകൾ നയിക്കുകയും ചെയ്തു. ഫൊറോനാ ഡയറക്ടർമാരായ റവ. ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കൽ, റവ. ഫാ. ജോയിസ് കാമിച്ചേരി, റവ. ഫാ. ലിൻസ് തടത്തിൽ, റവ. ഫാ. സിറിയക് വലിയപറമ്പിൽ MCBS എന്നിവർ പരിപാടികൾക്ക് നേതൃത്വംവഹിച്ചു. ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

4-ാം ബാച്ച് കെ.എൽ.റ്റി. കോഴ്സും ബൈബിൾ കൈയെഴുത്തും ബൈബിൾ കോഴ്സും ക്രമമായി നടന്നുവരുന്നു. ഈ വർഷം 20510 പേർ ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ ചെയ്യുകയുണ്ടായി. സെപ്റ്റംബർ 25 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് മത്സരസമയം. ഇതിനായി യത്നിച്ച എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

## വാർത്തകൾ - പ്രവർത്തനങ്ങൾ

### കെരിഗ്മ

കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോന സംഗമമായ കെരിഗ്മ-2022 ആഗസ്റ്റ് 13 ന് അമ്പൂരി ഫൊറോനയിലും 18 ന് കൊല്ലം, തിരുവനന്തപുരം ഫൊറോനകളിലും 21 ന് നെടുംകുന്നം ഫൊറോനയിലും നടന്നു. ഫൊറോനാ ഡയറക്ടർമാരായ റവ. ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കൽ, റവ. ഫാ. ജോയിസ് കാമിച്ചേരി, റവ. ഫാ. ലിൻസ് തടത്തിൽ, റവ. ഫാ. സിറിയക് വലിയപറമ്പിൽ MCBS എന്നിവർ സ്വാഗതം ആശംസിക്കുകയും വെരി റവ. ഫാ. ജേക്കബ് ചീരംവേലിൽ, വെരി റവ. ഫാ. മാത്യു അഞ്ചിൽ, ഫാ. ജോർജ് മാന്തുരുത്തിൽ എന്നി

വർ ബന്ധപ്പെട്ട ഫൊറോനകളിൽ ഉദ്ഘാടനകർമം നിർവഹിക്കുകയും റവ. ഡോ. സോണി തെക്കുംമുറി ക്ലാസുകൾ നയിക്കുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഓരോ ഇടവകയിലെയും കൂട്ടായ്മ ലീഡേഴ്സ് (പുരുഷന്മാരുടെ പ്രതിനിധി, സ്ത്രീകളുടെ പ്രതിനിധി, ആനിമേറ്റർ സിസ്റ്റേഴ്സ്) എന്നിവർ തങ്ങളുടെ ഫൊറോനയ്ക്കായി ക്രമീകരിക്കുന്ന കെരിഗ്മയിൽ പങ്കെടുത്തു. അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള ഫൊറോനാസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. കോവിഡ് മഹാമാരിയാൽ നിശ്ചലമായ നമ്മുടെ കൂട്ടായ്മകൾ സജീവമാകേണ്ടതിനാൽ തുടർന്നുവരുന്ന കെരിഗ്മകളിലും എല്ലാ ലീഡേഴ്സും പങ്കെടുക്കുവാൻ ശ്രദ്ധിക്കണമേ.

**ബൈബിൾകോഴ്സ്**

ബൈബിളിലെ ചരിത്രപുസ്തകങ്ങളെ ആസ്പദമാക്കി ആഗസ്റ്റ് മാസത്തെ ക്ലാസുകൾ നയിച്ച റവ. ഡോ. സിറിയക് വലിയകുന്നുംപുറത്ത് അച്ചനെ നന്ദിയോടെ ഓർക്കുന്നു.

**ബൈബിൾ കൈയെഴുത്ത്**

എല്ലാവരും നന്നായി സഹകരിക്കുന്നതിന് നന്ദി. ഇതുവരെയുള്ള ഭാഗങ്ങൾ എഴുതി പൂർത്തിയാക്കാത്തവർ എത്രയുംവേഗം പൂർത്തിയാക്കേണ്ടതാണ്. 2022 ഡിസംബറിൽ കുടുംബക്കൂട്ടായ്മ മഹാസംഗമം നടക്കുമ്പോൾ ഈ ഉദ്യമം പൂർത്തീകരിച്ചവരെ പ്രത്യേകം ആദരിക്കുന്നതാണ്.

**ഹോം മിഷൻ**

നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്യാസിനീ സമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെയും ഹോം മിഷൻ ആനിമേറ്റേഴ്സിന്റെയും സംയുക്തസമ്മേളനം ആഗസ്റ്റ് 7 ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ അതിരൂപതാ കേന്ദ്രത്തിൽ നടത്തുകയുണ്ടായി. നമ്മുടെ അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന 51 സന്യാസിനീസമൂഹങ്ങളുടെ മദർ ജനറാൾസ്, പ്രൊവിൻഷ്യൽസ്, റീജിയണൽ സുപ്പീരിയേഴ്സ്, ഹോം മിഷന്റെ ചുമതലയുള്ള ബഹു. സിസ്റ്റേഴ്സ് എന്നിവരാണ് പങ്കെടുത്തത്. പ്രവർത്തനവർഷപരിപാടികൾ വിശദീകരിച്ചുകൊണ്ട് അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് തറയിൽ എന്നിവർ സംസാരിക്കുകയുണ്ടായി. വെരി റവ. ഡോ. തോമസ് പാടിയത്ത് മാർഗനിർദ്ദേശങ്ങൾ നല്കി. ഇടവകകൾക്ക് പുത്തനുണർവ്വു പകരുന്ന ഹോം മിഷൻ എല്ലാ ഇടവകകളിലും ഈ വർഷം തോമാശ്ലീഹാ വർഷാചരണത്തോടും കേരളസഭാ നവീകരണത്തോടുമനുബന്ധിച്ച് സംഘടിപ്പിക്കണമെന്ന് അഭിവന്ദ്യ പിതാക്കന്മാർ നിർദ്ദേശിച്ചു. കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപത ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഈ വർഷം ഹോം മിഷൻ നടത്താനാഗ്രഹിക്കുന്ന ഇടവകകൾ അതാത് ഇടവകകളിൽ ശുശ്രൂഷചെയ്യുന്ന സന്യാസിനീസമൂഹങ്ങളുടെ ഹോം മിഷൻ ടീമുമായോ അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസുമായോ ബന്ധപ്പെട്ട് വേണ്ടക്രമീകരണങ്ങൾ ഉടൻതന്നെ ചെയ്യേണ്ടതാണ്.
ബന്ധപ്പെടേണ്ട നമ്പർ - 9447432531, 7306208356

# അറിയിപ്പുകൾ

### ലോഗോസ് ക്വിസ് 2022

ലോഗോസ് ക്വിസ് 2022 മത്സരപരീക്ഷ സെപ്റ്റംബർ 25 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽ നടക്കുന്നതാണ്. പേര് രജിസ്റ്റർ ചെയ്ത മുഴുവനാളുകളെയും ഇതിൽ പങ്കെടുപ്പിക്കുവാൻ പ്രോത്സാഹനം നൽകുമല്ലോ. ചോദ്യക്കടലാസുകൾ സെപ്റ്റംബർ 23 മുതൽ ഫൊറോനാ കേന്ദ്രങ്ങളിൽനിന്നും ബഹു. വികാരിയച്ചന്റെ കത്തുമായിച്ചെന്ന് വാങ്ങാവുന്നതാണ്. പരീക്ഷയ്ക്കുശേഷം ഉത്തരക്കടലാസുകൾ നന്നായി പായ്ക്കുചെയ്ത് സെപ്റ്റംബർ 27 വൈകുന്നേരം 5 മണിക്കു മുമ്പായി അതിരൂപതാ ഓഫീസിലോ ഫൊറോനാകേന്ദ്രങ്ങളിലോ ഏൽപ്പിക്കേണ്ടതാണ്. കേന്ദ്രീകൃത വിലയിരുത്തൽ നടത്തേണ്ടതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തരുതെന്ന് സ്നേഹപൂർവം അറിയിക്കുന്നു.

### അഭിനന്ദനങ്ങൾ

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിന് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യ 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾ.

| | |
|---|---|
| ഒന്നാം സ്ഥാനം | - സെന്റ് ആന്റണീസ് ഫൊറോനാ ചർച്ച് കുറുമ്പനാടം (613 പേർ) |
| രണ്ടാം സ്ഥാനം | - ലൂർദ്ദ് ഫൊറോനാ ചർച്ച് കോട്ടയം (450 പേർ) |
| മൂന്നാം സ്ഥാനം | - ലിറ്റിൽ ഫ്ളവർ ചർച്ച് മാടപ്പള്ളി (413 പേർ) |

### പഞ്ചവത്സര അജപാലനപദ്ധതി

വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും (പഞ്ചവത്സര പഠനവിഷയം) വില 120 രൂപ.

പഞ്ചവത്സര പഠനവിഷയത്തെ ആസ്പദമാക്കി ഓരോ മാസവും പ്രബോധനങ്ങൾ ഓൺലൈനായി നൽകിവരുന്നു. എല്ലാവർക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും.

### ലോഗോസ് പഠനസഹായി

ലോഗോസ് 2022 പഠനസഹായി തയ്യാറായിട്ടുണ്ട്. കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില 70 രൂപ.

## സഭാ – സാമൂഹിക–സാമ്പത്തിക സർവേ

നമ്മുടെ അതിരൂപതയിൽ നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന സഭാ - സാമൂഹിക -സാമ്പത്തിക സർവേയുടെ വിവരശേഖരണങ്ങൾ സെപ്റ്റംബർ 10-ന് മുമ്പായി പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒക്ടോബർ ആദ്യവാരം നടത്തപ്പെടുന്ന അതിരൂപതാ അസംബ്ലിയിൽ ഇതിന്റെ റിപ്പോർട്ട് അവതരിപ്പിക്കാനുള്ളതാകയാൽ എല്ലാ ഇടവകളും സഹകരിക്കുമല്ലോ.

പ്രിയരേ,

ചങ്ങനാശേരി അതിരൂപതയിലെ 18 ഫൊറോനകളെ 5 മേഖലകളായി തിരിച്ച് വിവാഹിതരായിട്ട് 15 വർഷത്തിൽ താഴെ വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കുമായി നടത്തപ്പെട്ട യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും അതിരൂപതയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാധ്യമാക്കുംവിധം മനോഹരമായി ക്രമീകരിക്കപ്പെട്ടു.

യുവദമ്പതികളുടെ ആദ്യവർഷങ്ങൾ അവരുടെ ദാമ്പത്യത്തിന്റെ വർഷങ്ങൾ നീളുന്ന നിലനിൽപ്പിനെ കൃത്യമായി സ്വാധീനിക്കും. ഇതു മനസിലാക്കി ദമ്പതികൾ തങ്ങളുടെ സ്നേഹത്തെ ആഴപ്പെടുത്തണം. ആശയവിനിമയത്തെ സജീവമാക്കണം. 'മാംസനിബദ്ധമല്ല രാഗം' എന്ന യാഥാർഥ്യത്തെ അവധാനതയോടെ അഭിമുഖീകരിക്കുവാനുള്ള വെളിച്ചം കിട്ടിയാൽ അത് നല്ല നാളേക്ക് മുതൽക്കൂട്ടാകും. ദാമ്പത്യത്തിൽ മാത്രമല്ല എല്ലാ ബന്ധങ്ങളിലും വ്യക്തിതാൽപര്യങ്ങളും പൊതുതാൽപര്യങ്ങളും തമ്മിലുള്ള സംഘർഷമാണ് പ്രതിസന്ധിക്കു കാരണമാകുന്നത്. സ്വയം വിജയിപ്പിച്ചെടുക്കാൻ പരിശ്രമിച്ച് ഒരുമിച്ചു പരാജയപ്പെടുന്നവരായി ദമ്പതികൾ മാറുന്നതാണ് വിവാഹ വേർപിരിയലുകളിൽ സംഭവിക്കുന്നത്. യുവദമ്പതികൾ തങ്ങളുടെ ബന്ധത്തെ ഉന്നതമായ മൂല്യങ്ങൾക്കായി സമർപ്പിക്കുന്നില്ലെങ്കിൽ അവർക്ക് കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുക അസാധ്യമാകും. ലക്ഷ്യത്തിനുവേണ്ടി സഹിക്കുമ്പോൾ സഹനം പ്രശ്നമല്ലെന്നും സ്നേഹിച്ചുകൊണ്ട് ഏറ്റെടുക്കുമ്പോൾ ചുമതലകൾ ഭാരങ്ങളല്ലെന്നുമുള്ള തിരിച്ചറിവാണ് ദമ്പതികൾക്ക് കുടുംബത്തിന്റെ നന്മയ്ക്കായി അർപ്പിതരാകാൻ കരുത്താകേണ്ടത്.

യുവദമ്പതീ സംഗമത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച മാതൃ-പിതൃവേദിയുടെ യൂണിറ്റ്-ഫൊറോനാ-അതിരൂപതാ ഭാരവാഹികൾക്കും ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ.

സ്നേഹപൂർവം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. ബിജോ ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർമാർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

### 1. അതിരൂപതാ എക്സിക്യൂട്ടീവ്

മാതൃ-പിതൃവേദി അതിരൂപതാ കലോത്സവ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ആഗസ്റ്റ് 5 ന് വൈകുന്നേരം 9 മണിക്ക് ഓൺലൈനായി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിങ്ങ് നടത്തപ്പെട്ടു.

### 2. യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും

ചങ്ങനാശേരി അതിരൂപതാ മാതൃ-പിതൃവേദിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 7 ഞായർ ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, ചെങ്ങന്നൂർ ഫൊറോനകൾക്കായി ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ

പാരീഷ്ഹാളിലും, ആഗസ്റ്റ് 14 ഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് ആലപ്പുഴ, എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന്, മുഹമ്മ ഫൊറോനകൾക്കായി ചമ്പക്കുളം ബസിലിക്ക പാരീഷ്ഹാളിലും, ആഗസ്റ്റ് 20 ശനി തിരുവനന്തപുരം, അമ്പൂരി, കൊല്ലം ഫൊറോനകൾക്കായി തിരുവനന്തപുരം ലൂർദ് ഫൊറോനാ പാരീഷ് ഹാളിലും യുവദമ്പതീസംഗമം, കിഡ്സ് ഫെസ്റ്റ് എന്നിവ നടത്തപ്പെട്ടു.

**3. ആഗസ്റ്റ് 15 – മാതാവിന്റെ സ്വർഗാരോപണം**

മാതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥയായ പരി. കന്യാമറിയത്തിന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 15 ന് യൂണിറ്റുതലത്തിൽ വ്യത്യസ്തമായ പ്രവർത്തനങ്ങളും ആഘോഷങ്ങളും നടത്തപ്പെട്ടു. പരിശുദ്ധ കുർബാനയർപ്പണം, ദേശീയപതാക ഉയർത്തൽ, മധുരപലഹാര വിതരണം, യൂണിറ്റ് സമ്മേളനം, മേരി നാമധാരികളുടെ സംഗമം, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു.

**4. രചനാ മത്സരങ്ങൾ**

അതിരൂപതാ കലോത്സവത്തിന്റെ ഭാഗമായുള്ള രചനാമത്സരങ്ങൾ ആഗസ്റ്റ് 28 ഞായർ ഉച്ചകഴിഞ്ഞ് 2.30 ന് വിവിധ ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെട്ടു.

## അറിയിപ്പുകൾ

**1. മെമ്പർഷിപ്പ് കാമ്പയിൻ**

മെമ്പർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ ഫൊറോനാ ഡയറക്ടർ അച്ചന്മാരുടെയും ഫൊറോനാ പ്രസിഡന്റുമാരുടെയും മെയിൽ ഐഡിയിലേക്ക് അയച്ചിട്ടുണ്ട്. യൂണിറ്റ് ഭാരവാഹികൾ ഫൊറോനയിൽനിന്ന് ഓരോ യൂണിറ്റിന്റെയും മെമ്പർഷിപ്പ് വിവരങ്ങൾ കൈപ്പറ്റേണ്ടതാണ്.

**2. അതിരൂപതാ കലോത്സവം**

അതിരൂപതാ കലോത്സവത്തിന്റെ ഫൊറോനാതല അവതരണ മത്സരങ്ങൾ ഒക്ടോബർ 30 നകം പൂർത്തീകരിച്ച് വിജയികളുടെ ലിസ്റ്റ് ഒക്ടോബർ 31 ന് തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കണം. ഇതോടൊപ്പം ഫൊറോനാതല രചനാമത്സരവിജയികളുടെ രചനകളും ലിസ്റ്റും ഉണ്ടാകേണ്ടതാണ്.

**3. ചരിത്ര വഴികളിലൂടെ**

ഓരോ യൂണിറ്റും തങ്ങളുടെ ചരിത്രം തയ്യാറാക്കുക. ആരംഭിച്ച വർഷം, മുൻകാല ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, ഭാരവാഹികൾ, ലഭിച്ച അംഗീകാരങ്ങൾ, യൂണിറ്റിൽനിന്നും ഫൊറോനയിലേക്കും അതിരൂപതയിലേക്കും എത്തിയ മുൻകാല ഭാരവാഹികൾ, യൂണിറ്റുകൾ മുൻ വർഷങ്ങളിൽ നടത്തിയ പ്രത്യേക പരിപാടികൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.


## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE · ARCHDIOCESE OF CHANGANASSERY

| SEPTEMBER | | OCTOBER | |
|---|---|---|---|
| 05, 06, 07 | Chry | 03, 04, 05 | Chry |
| 19, 20, 21 | Chry | 10, 11, 12 | Zion |
| 26, 27, 28 | Zion | 24, 25, 26 | Chry |

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**
0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

**'EHREN' വി. ജോൺ മരിയ വിയാനി ദിനാചരണം**

വി. ജോൺ മരിയ വിയാനിയുടെ ഓർമദിനം (ആഗസ്റ്റ് 04) സമുചിതമായി ആചരിച്ചുകൊണ്ട് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു നിസ്തുലസംഭാവനകൾ നൽകിയ പ്രിയങ്കരരായ വൈദികരെ യുവജനങ്ങൾ പ്രത്യേകം ഓർമിക്കുകയും അവരോടുള്ള സ്നേഹം പങ്കിടുകയും ചെയ്തു. ദിനാചരണത്തിന്റെ ഭാഗമായി യൂണിറ്റുകളിൽ 'എഹ്രേൻ' സമ്മേളനങ്ങൾ സംഘടിപ്പിച്ചു.

**ടാസ്ക് ഫോഴ്സ്**

മഴ ശക്തിപ്രാപിച്ച സാഹചര്യത്തിൽ അടിയന്തിര സഹായത്തിനായി അതിരൂപതാഭാരവാഹികളുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് പ്രവർത്തനം പുനഃരുജ്ജീവിപ്പിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എല്ലാ ഫൊറോന കളിലും കോർഡിനേറ്റേഴ്സിനെ ചുമതലപ്പെടുത്തി.

**എ.സി. റോഡ് നിർമ്മാണത്തിലെ അപാകതകൾക്കെതിരെ പ്രതിഷേധസമരം**

എ.സി. റോഡ് നവീകരണം പൂർത്തിയായ മേഖലകളിൽ രൂക്ഷമായ വെള്ളക്കെട്ട് വീണ്ടും തുടരുന്ന സാഹചര്യത്തിൽ അശാസ്ത്രീയമായ റോഡ് നിർമാണത്തിൽ പ്രതിഷേധിച്ച് 2022 ആഗസ്റ്റ് 7 ന് പള്ളിക്കൂട്ടുമ്മയിൽ പ്രതി ഷേധസംഗമം നടത്തപ്പെട്ടു. യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് അഡ്വ. ജോർജ് ജോസഫ് അധ്യക്ഷതവഹിച്ച യോഗം ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. റോഡിലെ വെള്ളക്കെ ട്ടിൽ യുവജനങ്ങൾ വഞ്ചി തുഴഞ്ഞു പ്രതിഷേധമറിയിച്ചു. ന്യൂനതകൾ പരിഹ രിച്ച് പ്രളയരഹിതമായ സഞ്ചാരപാത നിർമിക്കാൻ സർക്കാർ തയ്യാറാവണമെന്ന് യോഗം ശക്തമായി ആവശ്യപ്പെട്ടു. ജനറൽ സെക്രട്ടറി റ്റോം തോമസ്, പുളി ങ്കുന്ന് ഫൊറോനാ ഡയറക്ടർ ഫാ. ടോണി മണിയഞ്ചിറ, പുളിങ്കുന്ന് ഫൊറോനാ പ്രസിഡന്റ് ടോണി വർഗീസ് എന്നിവർ സംസാരിച്ചു.

**സ്വാതന്ത്ര്യ സ്മൃതി**

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് - സായാഹ്ന പ്രഭാ ഷണ സദസ് - 'സ്വാതന്ത്ര്യ സ്മൃതി' 2022 ആഗസ്റ്റ് 12 ന് ചങ്ങനാശേരി പെരുന്ന മുനിസിപ്പൽ ബസ്സ്റ്റാൻഡിൽ നടത്തപ്പെട്ടു.

രാജ്യപുരോഗതിക്ക് നല്കിയ ക്രൈസ്തവസംഭാവനകൾ വിസ്മരിക്കുന്നത് ചരിത്രസത്യങ്ങളോടുള്ള അനീതിയാണെന്ന് സദസ് ചൂണ്ടിക്കാട്ടി. ചങ്ങനാ ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്ത യോഗ ത്തിൽ അതിരൂപതാ പ്രസിഡന്റ് അഡ്വ. ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. 'സ്വാതന്ത്ര്യലബ്ധിയുടെ ഏഴര പതിറ്റാണ്ടുകളും രാഷ്ട്രപുരോഗതിയും' എന്ന വിഷയത്തിൽ കെ.സി.ബി.സി. മുൻ വിദ്യാഭ്യാസ സെക്രട്ടറി വെരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ, സാമൂഹികപ്രവർത്തക ശ്രീമതി നിഷ സോമൻ, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു, അതിരൂപതാ ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ജനറൽ സെക്രട്ടറി റ്റോം തോമസ് എന്നിവർ സംസാരിച്ചു.

### വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമാവശ്യപ്പെട്ട് തീരദേശ ജനത നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. 2022 ആഗസ്റ്റ് 20 ന് അതിരൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സോണി പള്ളിച്ചിറ, സിൻഡിക്കേറ്റ് അംഗം ജെറിൻ ജോസ്, തിരുവനന്തപുരം ഫൊറോനാ പ്രസിഡന്റ് ജിയോ ജോൺസൺ തുടങ്ങിയവർ സമരഭൂമി സന്ദർശിക്കുകയും അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്തു.

### ഫൊറോനാ ക്യാമ്പുകൾ

2022 ജൂലൈ 29, 30, 31 തീയതികളിലായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട എടത്വാ ഫൊറോന ക്യാമ്പ് വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ബ്രദർ ക്രിസ്റ്റി ഐക്കുളം നേതൃത്വം നൽകിയ ക്യാമ്പിൽ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ശ്രീ. സിജു ആലഞ്ചേരി, റവ. ഫാ. നിതിൻ ഇലഞ്ഞിമറ്റം എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു.

2022 ആഗസ്റ്റ് 19, 20, 21 തീയതികളിലായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട തൃക്കൊടിത്താനം ഫൊറോന ക്യാമ്പ് വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ബ്രദർ ക്രിസ്റ്റി ഐക്കുളം നേതൃത്വം നൽകിയ ക്യാമ്പിൽ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ശ്രീ. സിജു ആലഞ്ചേരി, റവ. ഫാ. നിതിൻ ഇലഞ്ഞിമറ്റം എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു.

## UPCOMING EVENTS

സെപ്റ്റംബർ 03: ജപമാല റാലി
സെപ്റ്റംബർ 05: സ്നേഹവിരുന്ന് @മദർ തെരേസാ ഭവൻ
സെപ്റ്റംബർ 08: കെ - റെയിൽ വിരുദ്ധ ഉപവാസസമരം @മാടപ്പള്ളി
സെപ്റ്റംബർ 21: സിംപോസിയം
സെപ്റ്റംബർ 25: അതിരൂപതാതല രചനാമത്സരങ്ങൾ

## നിത്യതയിലേക്ക്



**സിസ്റ്റർ ക്ലെയർ ജോസ് പാറത്തറ CMC**



**സിസ്റ്റർ ലീന വാക്കണ്ടത്തിൽ MLF**



**സിസ്റ്റർ മേരി ജോസ് മാമ്പിള്ളിൽ SH**



**സിസ്റ്റർ ജോർജിറ്റ കരിക്കമ്പള്ളിൽ SD**

''ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു.'' *(2 തിമോ. 4:7)*

# കേരള കാത്തലിക് സ്റ്റുഡൻ്റ്സ് ലീഗ് KCSL

ഈശോയിൽ സ്നേഹംനിറഞ്ഞ KCSL കൂട്ടുകാരേ,

നമ്മുടെ പ്രവർത്തനങ്ങളെല്ലാം നല്ലരീതിയിൽ മുന്നോട്ടുപോകുന്നതിൽ ദൈവത്തിനു നന്ദിപറയുന്നു. വെള്ളപ്പൊക്കംമൂലം നമ്മുടെ ചില സ്കൂൾ സന്ദർശനകളും കിഡ്സ് കൺവൻഷനും നടത്താൻ സാധിച്ചിരുന്നില്ല. എന്നാൽ, ജൂലൈ 27 ന് FCC ദേവമാതാ പ്രൊവിൻസും KCSL ഉം സംയുക്തമായി നടത്തിയ അഖിലകേരളാ വി. അൽഫോൻസാ ഇൻ്റർ സ്കൂൾ ക്വിസ്മത്സരം ഭംഗിയായി നടത്താൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ചങ്ങനാശേരി സെൻ്റ് ആൻസ് സ്കൂളിൽ പത്തുമണിയോടുകൂടി ഉദ്ഘാടനവും തുടർന്ന് ക്വിസ്മത്സരവും ആരംഭിച്ചു. UP, HS, HSS എന്നീ വിഭാഗങ്ങൾക്കായിരുന്നു മത്സരങ്ങൾ ക്രമീകരിച്ചിരുന്നത്. ഉച്ചയോടുകൂടി മത്സരങ്ങൾ അവസാനിക്കുകയും ബഹു. സി. റെജിൻമേരി FCC അധ്യക്ഷപദം അലങ്കരിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു.

### വിജയികൾ

**HSS വിഭാഗം:** 1st - St. John the Baptist Nedumkunnam, 2nd - St. Mary's Champakulam, 3rd - Lourdes Matha Pacha-Chekkidikadu. **HS വിഭാഗം:** 1st - St. Annes Changanacherry, 2nd - St. Joseph's Changanacherry, 3rd - St. Joseph's Changanacherry. **UP വിഭാഗം**: 1st - St. Teresa's Nedumkunnam, 2nd - St. Teresa's Nedumkunnam, 3rd - St. Annes Changanacherry

### യൂണിറ്റ് സന്ദർശനങ്ങൾ

Sr. Alphonsa UPS Nedumanny, SB HSS Changanacherry, St. Peter's Kurumpanadom, AKM Morkulangara എന്നീ സ്കൂളുകൾ ആഗസ്റ്റുമാസത്തിൽ സന്ദർശിച്ചു. കത്തോലിക്ക വിദ്യാർത്ഥികളെ കാണുകയും സ്കൂൾതല KCSL ഉദ്ഘാടനം നടത്തുകയും ചെയ്തു.

### രണ്ടാം സംസ്ഥാന യോഗം

KCSL രണ്ടാം സംസ്ഥാനയോഗം ആഗസ്റ്റ് 18-ന് പാലാരിവട്ടം POC യിൽ നടത്തപ്പെട്ടു. ചങ്ങനാശേരി അതിരൂപതയിൽനിന്നും ആറ് എക്സിക്യൂട്ടീവ് അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

### ഓർമ്മിക്കാൻ

സെപ്റ്റംബർ 24-നു ചങ്ങനാശേരി അതിരൂപത KCSL ലും SABS ചങ്ങനാശേരി പ്രൊവിൻസും സംയുക്തമായി സംഘടിപ്പിക്കുന്ന ധന്യൻ മാർ തോമസ് കുര്യാളശേരി ശതോത്തര സുവർണ്ണജയന്തി ക്വിസ് മോർക്കുളങ്ങര AKM പബ്ലിക് സ്കൂളിൽ നടത്തപ്പെടുന്നു. UP, HS വിഭാഗങ്ങൾക്ക് പ്രത്യേകമായിട്ടായിരിക്കും മത്സരം. ഒരു സ്കൂളിൽനിന്നും രണ്ടുപേരടങ്ങുന്ന എത്ര ടീമിനുവേണമെങ്കിലും മത്സരിക്കാം; രജിസ്ട്രേഷൻ ഫീസ് 100രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 16-നു മുമ്പായി 7306157185 എന്ന whatsApp നമ്പറിൽ മെസേജ് അയയ്ക്കുക.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## കാർപ്പ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ ഓഗസ്റ്റ് 14 ന് നടന്ന യോഗത്തിൽ CARP ന്റെ ഒഫീഷ്യൽ വെബ്സൈറ്റ് www.carpchanganacherry.com ഉദ്ഘാടനം അഭി. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ നിർവഹിച്ചു. CARP (Community Awareness and Rights' Protection)അനുകൂല്യങ്ങളും സ്കോളർഷിപ്പുകളും സഭാംഗങ്ങളേവർക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തിലാണ് ഈ വെബ്സൈറ്റ് സ്ഥാപിതമായിരിക്കുന്നത്.

## വടവാതൂർ ഇടവകതല സെമിനാർ

സർക്കാർപദ്ധതികൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിവയെക്കുറിച്ച് ഇടവകാംഗങ്ങളെ പരിചയപ്പെടുത്തിയ സെമിനാർ ആഗസ്റ്റ് 7 ഞായറാഴ്ച വടവാതൂർ ഇടവകയിൽ നടത്തപ്പെട്ടു. ഡയറക്ടർ, കോർഡിനേറ്റർ എന്നിവർ ക്ലാസുകൾ നയിച്ചു.

## സെപ്റ്റംബർ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കാം

എ.പി.എൽ. റേഷൻ കാർഡ് അർഹതയുള്ളവർക്ക് ബി.പി.എൽ. ലേക്ക് മാറ്റാൻ സെപ്റ്റംബർ 13 മുതൽ അക്ഷയകേന്ദ്രങ്ങൾവഴി അപേക്ഷിക്കാം.

### ന്യൂനപക്ഷ സ്കോളർഷിപ്പുകൾ

***പ്രീ മെട്രിക് സ്കോളർഷിപ്പ്:*** 1 മുതൽ 10 വരെ ക്ലാസിൽ പഠിക്കുന്ന ന്യൂന പക്ഷ വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 സെപ്റ്റംബർ 30.

***പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്:*** +1 മുതൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർ ത്ഥികൾക്ക് – അവസാന തീയതി: 2022 ഒക്ടോബർ 31.

***ബീഗം ഹസ്രത്ത് മഹൽ സ്കോളർഷിപ്പ്:*** 9, 10, +1, +2 ക്ലാസിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 സെപ്റ്റംബർ 30.

***മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്:*** ഡിഗ്രി/പിജി/ടെക്നിക്കൽ/പ്രഫഷണൽ കോഴ്സുകൾ ചെയ്യുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 ഒക്ടോബർ 31.

***സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്:*** +2 തലത്തിൽ 80% മാർക്ക് വാങ്ങി ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 ഒക്ടോബർ 31.

**ബേബി വട്ടക്കര**
(കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

# ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി

CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

കർക്കടകത്തിന്റെ കഷ്ടതകൾ മറികടന്ന് പൊന്നിൻ ചിങ്ങമാസം വരവായി. പുതുവത്സരത്തിന്റെ ആരംഭവും ഓണാഘോഷവും വിളവെടുപ്പ് മഹോത്സവവും ഒത്തുചേരുന്ന ചിങ്ങമാസം എല്ലാ മലയാളികൾക്കും ഏറെ പ്രിയങ്കരമായ ഒരു കാലഘട്ടമാണ്. ഓണം ആത്യന്തികമായി വിളവെടുപ്പിന്റെയും വ്യാപാര മഹോത്സവത്തിന്റെയും ഉത്സവമായി കണക്കാക്കിപ്പോരുന്നു. അതുകൊണ്ടു തന്നെയാവാം ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നത്. പോയകാലങ്ങളിൽ ഓണക്കാലത്ത് നമ്മുടെ തൊടികളും കൃഷിയിടങ്ങളും വൈവിധ്യമാർന്ന കാർഷികവിളകളാൽ സമ്പുഷ്ടമായിരുന്നു. വിളവെടുപ്പിന്റെ കാലമായതിനാൽ സമൃദ്ധിയുടെയും സന്തോഷത്തിന്റെയും നിറവിലാണ് ഓണം ആഘോഷിച്ചിരുന്നത്. നല്ല കാലാവസ്ഥയും ഭക്ഷ്യസമൃദ്ധിയും പരസ്പരമുള്ള പങ്കുവയ്ക്കലും കൂട്ടായ്മയും ഐക്യവും ഒത്തുചേരലുകളും പരമ്പരാഗത കലാകായിക വിനോദങ്ങളുമെല്ലാം സന്തോഷകരമായ ഒരു അവസ്ഥാവിശേഷമായിരുന്നു മലയാളികൾക്ക് ഓണക്കാലം. ജാതിമതഭേദമന്യേ എല്ലാവരും ഒത്തൊരുമയോടും സന്തോഷത്തോടുംകൂടി ആഘോഷിക്കുന്ന ഓണം മറ്റ് ഉത്സവങ്ങളിൽനിന്നും ഏറെ വ്യത്യസ്തമായി നിലകൊള്ളുന്നു. എന്നാൽ ലോകത്തിന് മുഴുവൻ മാതൃകയായി മാറിയിരിക്കുന്ന നമ്മുടെ ഓണാഘോഷങ്ങൾ പുതുതലമുറയക്ക് ഒരനുഷ്ഠാനം മാത്രമായി തീർന്നിരിക്കുന്നുവെന്നതാണ് സത്യം. ഓണാഘോഷങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഓണസദ്യക്കുള്ള വിഭവങ്ങൾപോലും അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. സദ്യയ്ക്കുള്ള ഭക്ഷ്യവസ്തുക്കളും തൂശനിലയും പൂക്കളത്തിനുള്ള പൂക്കളുമെല്ലാം മറ്റുള്ളവരുടെ അദ്ധ്വാനഫലമായിട്ടാണ് മലയാളിക്കു ലഭിക്കുന്നത്. നമ്മുടെ തൊടികളിലും കൃഷിയിടങ്ങളിലും കൃഷിചെയ്ത് വിളവെടുപ്പ് മഹോത്സവങ്ങൾ നടത്തി അഭിമാനത്തോടെ ഓണമുണ്ടിരുന്ന മലയാളിയുടെ ഇന്നത്തെ അവസ്ഥ ലജ്ജാകരമല്ലേ? ഇതിനു മാറ്റം വരണം. പഴയ ഓണക്കാലങ്ങൾ വീണ്ടെടുക്കാൻ നമുക്കു കൂട്ടായി പരിശ്രമിക്കാം. ഏവർക്കും ഐശ്വര്യസമ്പൂർണ്ണമായ ഓണക്കാലം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ജോർജ്ജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്ര വാർത്തകൾ

### മുഖാഭിമുഖം

പൊങ്ങന്താനം ചാസ് ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനിയുടെയും മാടപ്പള്ളി അഗ്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും ചെയർമാൻ, ബോർഡ് അംഗങ്ങൾ, പ്രമോട്ടർമാർ എന്നിവർ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവുമായി ആഗസ്റ്റ് 6 ന് ചാസ് കേന്ദ്രഓഫീസിൽ മുഖാഭിമുഖം നടത്തി. നാളിതുവരെയുള്ള പ്രവർത്തനപുരോഗതിയും ഭാവിയിൽ നേരിടാവുന്ന വെല്ലുവിളികളും പിതാവിനെ നേരിട്ടു ബോധ്യപ്പെടുത്തി. ചാസ് പ്രസിഡന്റ്

വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് അബ്രഹാം പ്രവർത്തനങ്ങൾ വിശദീകരിച്ചു. മാട പ്പള്ളി കൃഷി വകുപ്പ് അസി. ഡയറക്ടർ ശ്രീമതി അനീനാ സൂസൻ, വാകത്താനം കൃഷി ഓഫീസർ ശ്രീ. മുഹമ്മദ് അസ്സീം, ICCOA സോണൽ കോർഡിനേറ്റർ ശ്രീ. വിനീത് കുമാർ, ചാസ് പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നി വർ പ്രസംഗിച്ചു.

**പ്രളയമേഖല സന്ദർശിച്ചു**

2022 ആഗസ്റ്റ് മാസത്തിലെ മഴയിലും പ്രളയത്തിലും ഏറെ ക്ലേശിച്ച കുട്ടനാടൻ മേഖലയിൽ യുണിസെഫ് കേരളാ പ്രതിനിധി ശ്രീ. ജോ ജോർജ്ജ് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. ആഗസ്റ്റ് 7 ന് ഡയറക്ടർ ഫാ. തോമസ് കുള ത്തുങ്കലും പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യുവുമായി ചർച്ച നടത്തി. ആഗസ്റ്റ് 7, 8 തീയതികളിൽ കോട്ടയം ജില്ലയിലെ തിരുവാർപ്പ്, ആലപ്പുഴ ജില്ല യിലെ മുട്ടാർ, എടത്വാ പഞ്ചായത്തുകളിലെയും ചങ്ങനാശേരി മുനിസിപ്പാലിറ്റി യിലെ പെരുന്ന, മനയ്ക്കച്ചിറ വാർഡുകളിലെയും ദുരിതാശ്വാസ ക്യാമ്പുകളും അങ്കണവാടികളും സന്ദർശിച്ച് ദുരിതബാധിതരുമായും അധികൃതരുമായും ചർച്ചകൾ നടത്തി ആലപ്പുഴ ജില്ല ദുരന്തനിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചു.

**ജൽ ജീവൻ മിഷൻ പദ്ധതി**

**ജലാശയങ്ങൾ വൃത്തിയാക്കി**

**ചമ്പക്കുളം:** ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം പഞ്ചായ ത്തിൽ 6-ാം വാർഡിലെ ജലാശയങ്ങൾ പോളനീക്കംചെയ്ത് വൃത്തിയാക്കി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റ്റി.ജി. ജലജകുമാരി ഉദ്ഘാടനം നിർവഹിച്ചു. നൂറിൽപ്പരം വനിതകൾ പങ്കെടുത്തു.

**വാർഡുതല വിവരശേഖരണം-2022**

**ചമ്പക്കുളം:** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ വാർഡുതല വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി ജൂലൈ 30 ന് പഞ്ചായത്ത് കോൺഫ്രൻസ്ഹാളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റ്റി.ജി. ജലജകുമാരി അദ്ധ്യക്ഷതവഹിച്ച യോഗം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ കിഫ്ബി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അരുൺ കുര്യൻ, കിടങ്ങറ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അലൻ ലിയോൺ എന്നിവർ പദ്ധതിവിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ ജോസഫ് JJM പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സേവ്യർ എന്നിവർ പ്രസംഗിച്ചു.

**നെടുമുടി:** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി നെടുമുടി ഗ്രാമ പഞ്ചായത്തിൽ വാർഡുതല വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 16 ന് പഞ്ചായത്ത് കോൺഫ്രൻസ്ഹാളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. വൈസ് പ്രസിഡന്റ് ശ്രീ. ജോസഫ് വല്യാക്കൽ അദ്ധ്യക്ഷതവഹിച്ച യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻനായർ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ കിഫ്ബി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അരുൺ കുര്യൻ, കിടങ്ങറ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അലൻ ലിയോൺ എന്നിവർ പദ്ധതിവിശദീകരണം നടത്തി. JJM പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സേവ്യർ എന്നിവർ പ്രസംഗിച്ചു.

### ജൽ ജീവൻ മിഷൻ പദ്ധതി ഉദ്ഘാടനം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഉദ്ഘാടനം ആഗസ്റ്റ് 19 ന് പഞ്ചായത്ത് കമ്മറ്റിഹാളിൽ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല തോമസ് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പദ്ധതി വിശദീകരണം നടത്തി. KWA അസി. എഞ്ചിനീയർ ശ്രീ. ജെറിൻ ജെ. പോൾ ശിൽപശാല നയിച്ചു. വൈസ് പ്രസിഡന്റ് ശ്രീ. ബിനു ജോസഫ്, ചാസ് പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, JJM കോർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ പ്രസംഗിച്ചു. 2024 മാർച്ചുമാസത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക യന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### പൊങ്ങന്താനം ചാസ് ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനി–പ്രഥമ പൊതുയോഗം

പൊങ്ങന്താനം ചാസ് ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനിയുടെ പ്രഥമ ജനറൽ ബോഡി യോഗം ആഗസ്റ്റ് 20 ന് നെടുംകുന്നം ഫൊറോനാ പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. നെടുംകുന്നം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. രവി വി. സോമൻ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കൃഷി വകുപ്പ് അസി. ഡയറക്ടർ ഡോ. അനീനാ സൂസൻ സ്കറിയ, കൃഷി ഓഫീസർമാരായ ശ്രീ. ആൻസിം, ശ്രീ. അനിൽ സെബാസ്റ്റ്യൻ എന്നിവർ ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനിയുടെ മെച്ചപ്പെട്ട തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശം നൽകി. നോഡൽ കൺസൾട്ടിംഗ് ഏജൻസിയായ ICCOA യുടെ സോണൽ കോർഡിനേറ്റർ ശ്രീ. വിനീത്, ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് അബ്രഹാം വിവരശേഖരണം, പരിശീലനം, ബിസിനസ് പ്ലാൻ തയ്യാറാക്കൽ മുതലായവയുടെ പ്രാധാന്യം വിശദീകരിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു ആശംസയർപ്പിച്ചു.

### FIG (ഫാർമേഴ്സ് ഇന്ററസ്റ്റ് ഗ്രൂപ്പ്)

നാടിന്റെ നട്ടെല്ലായ കർഷകരുടെയും കാർഷികമേഖലയുടെയും ക്ഷേമം മുൻനിർത്തി ചാസ് കോട്ടയം ജില്ലയിൽ രൂപംകൊടുത്തിരിക്കുന്ന കാർഷിക ഉൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കുന്നതിന്റെ ഭാഗമായി ഫാർമേഴ്സ് ഇന്ററസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിച്ചുവരുന്നു. 20 കർഷകർ വീതമുള്ള FIG കളാണ് ചാസിന്റെ പ്രവർത്തനമേഖലയിൽ രൂപീകരിക്കുന്നത്. താഴെപ്പറയുന്ന യൂണിറ്റുകളിൽ കർഷകരുടെ മീറ്റിംഗ് സംഘടിപ്പിച്ച് FIG രൂപീകരണത്തിന് നേതൃത്വം നൽകി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ മാർഗനിർദ്ദേശങ്ങൾ നൽകി.

| *തീയതി* | *യൂണിറ്റ്* |
|---|---|
| ജൂലൈ 26 | ഇരവുചിറ |
| ജൂലൈ 31 | നെടുംകുന്നം, ചമ്പക്കര, കൂത്രപ്പള്ളി |
| ആഗസ്റ്റ് 14 | കുറുമ്പനാടം |
| ആഗസ്റ്റ് 20 | ഏറ്റുമാനൂർ |

### PME

ചാസിന്റെ ഗ്രാമതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മേഖലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേഖലാ PME സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യുവും

യൂണിറ്റ്/മേഖലാ ഭാരവാഹികളുമായി ചർച്ച നടത്തി. മേഖലാ കോർഡിനേറ്റേഴ്സ് നേതൃത്വം നൽകി.

| *തീയതി* | *മേഖല* |
|---|---|
| ആഗസ്റ്റ് 14 | ആലപ്പുഴ |
| ആഗസ്റ്റ് 18 | പുളിങ്കുന്ന് |
| ആഗസ്റ്റ് 19 | നെടുംകുന്നം, മണിമല |
| ആഗസ്റ്റ് 23 | ചങ്ങനാശേരി |
| ആഗസ്റ്റ് 25 | കുറുമ്പനാടം |

## SAFP

### ക്ലസ്റ്റർ മീറ്റിംഗ് & മോണിട്ടറിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പുതിയ സംരംഭകത്വ പദ്ധതി തുടങ്ങുന്നതിനാവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനും ഓരോ കുടുംബവും നിലവിൽ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിലയിരുത്തുന്നതിനുമായി ക്ലസ്റ്റർ മീറ്റിംഗും ഭവന സന്ദർശനവും നടത്തി. SAFP പ്രോജക്ട് കോർഡിനേറ്റർ സിസ്റ്റർ സെൽമ SRA, കുമാരി നിവ്യ ജോസഫ്, മേഖലാ കോർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *ക്ലസ്റ്റർ* |
|---|---|
| ആഗസ്റ്റ് 19 | ചമ്പക്കുളം |
| ആഗസ്റ്റ് 23 | ആലപ്പുഴ |
| ആഗസ്റ്റ് 24 | മാടപ്പള്ളി |

### പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ 2022-2028 കാലയളവിലേയ്ക്ക് ചാസിന്റെ വിവിധ മേഖലകളിൽനിന്നും ആഗസ്റ്റുമാസം പതിനാല് കുടുംബങ്ങളെ തെരഞ്ഞെടുത്തു. 100 കുടുംബങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| *തീയതി* | *യൂണിറ്റ്* | *കുടുംബങ്ങളുടെ എണ്ണം* |
|---|---|---|
| ആഗസ്റ്റ് 17 | മാടപ്പള്ളി | 5 |
| ആഗസ്റ്റ് 20 | മണ്ണാർകുന്ന് | 3 |
| ആഗസ്റ്റ് 20 | ഏറ്റുമാനൂർ | 3 |
| ആഗസ്റ്റ് 22 | ചേന്നങ്കരി | 3 |

## ചാസ് സാമൂഹ്യ സുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യ സുരക്ഷാ സഹായപദ്ധതികൾവഴി 2022 ആഗസ്റ്റുമാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 40,000/- രൂപ അനുവദിച്ചു)

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 586. | ആനിയമ്മ ജോസ് | ധനലക്ഷ്മി | നെടുംകുന്നം | നെടുംകുന്നം |
| 587. | കെ.സി. സെബാസ്റ്റ്യൻ | നവോദയ | ഇത്തിത്താനം | തുരുത്തി |
| 588. | സാറാമ്മ സേവ്യർ | ഐശ്വര്യ | പുത്തനങ്ങാടി | ആലപ്പുഴ |
| 589. | ആന്റണി സി. | കർഷകമിത്ര | കൊടുപ്പുന്ന | എടത്വാ |

### (2) മ്യൂച്വൽ ബെനഫിറ്റ് സ്കീം

- മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 2,40,000/- രൂപ സഹായം അനുവദിച്ചു)

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 747. ആനിയമ്മ ജോസ് വലിയഉരുപ്പക്കാട്ട് | മൈലാടി | നെടുംകുന്നം |
| 748. മീനാക്ഷിയമ്മ പാലുവേലിൽ | ചമ്പക്കര | നെടുംകുന്നം |
| 749. തങ്കമ്മ വർഗീസ് സ്രാമ്പിക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 750. സാറാമ്മ വേങ്ങവിള | ഫിൽഗിരി | കൊല്ലം |
| 751. സുരേഷ് പി.റ്റി. ആറ്റുചിറയിൽ | കിടങ്ങറ | ചങ്ങനാശേരി |
| 752. ലോപ്പസ് തെക്കേപ്പന്ത | മായം | അമ്പൂരി |
| 753. ലോനൻ വർഗീസ് നെല്ലിക്കാപ്പള്ളി | മുഹമ്മ | ആലപ്പുഴ |
| 754. ഔസേഫ് വർഗീസ് തോട്ടുങ്കൽ | മുഹമ്മ | ആലപ്പുഴ |
| 755. ത്രേസ്യാമ്മ ജേക്കബ് കൊടിവീട്ടിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 756. ജോസഫ് ജോസഫ് കാട്ടാശ്ശേരി | പഴവങ്ങാടി | ആലപ്പുഴ |
| 757. കുഞ്ഞുമോൾ ജോസഫ് തുണ്ടിയിൽ | പഴവങ്ങാടി | ആലപ്പുഴ |
| 758. മേരി ക്ലീറ്റസ് ബംഗ്ലാവ്പറമ്പിൽ | പുത്തനങ്ങാടി | ആലപ്പുഴ |
| 759. ഓമന ചാക്കോ ചെമ്മങ്ങാനിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 760. ടോമിച്ചൻ ബൈജുഭവൻ | കൊണ്ടാക്കൽ | ചമ്പക്കുളം |
| 761. ഏലിയാമ്മ ജേക്കബ് മുളയ്ക്കൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 762. രാമചന്ദ്രൻ പറയത്ത് | പായിപ്പാട് | തൃക്കൊടിത്താനം |
| 763. ശിഖ മാണി തെക്കേപന്ത | മായം | അമ്പൂരി |
| 764. ബിജി പി.എ. പ്രാക്കുഴി | കുറുമ്പനാടം | കുറുമ്പനാടം |
| 765. ഏലിയാമ്മ മാത്യു കൊച്ചുപറമ്പ് | ചങ്ങങ്കരി | എടത്വാ |
| 766. തോമസ് എം. റ്റി. കുറ്റിയിൽ | ഫിൽഗിരി | കൊല്ലം |
| 767. കുര്യൻ ചാക്കോ ഓവേലിൽ | മാന്നില | കുറുമ്പനാടം |
| 768. ആന്റണി സി. പോളയ്ക്കൽ | കൊടുപ്പുന്ന | എടത്വാ |
| 769. കൃഷ്ണൻകുട്ടി കൃഷ്ണവിലാസം | കൊടുപ്പുന്ന | എടത്വാ |
| 770. മധുസൂതനൻ കട്ടത്തറലക്ഷംകോളനി | കൈനകരി | ആലപ്പുഴ |

## മേഖലാ വാർത്തകൾ

### യൂണിറ്റ് എക്സിക്യൂട്ടീവ്

മുഹമ്മ യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 24 ന് പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ വെരി റവ. ഫാ. ജോൺ പരുവപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ചാസിന്റെ ജനകീയടിത്തറ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് വിശദീകരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സെബാൻ യോഗ്യാവീട്, വൈസ് പ്രസിഡന്റ് ശ്രീ. ഷേർളി, മേഖലാ കോർഡിനേറ്റർ ശ്രീ. ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

**കാവാലം** യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 31-ാം തീയതി സംഘടിപ്പിച്ചു. ശ്രീ. എൻ. ഐ. തോമസ് ചാസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**മുട്ടാർ CMI** യൂണിറ്റിന്റെ 3-ാമത് വാർഷികം ആഗസ്റ്റ് 14 ന് ചാവറ സാംസ്കാരികകേന്ദ്രത്തിൽ സംഘടിപ്പിച്ചു. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.കെ. വേണുഗോപാൽ ഉദ്ഘാടനം

നിർവഹിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീ. അബ്രഹാം ചാക്കോ അദ്ധ്യക്ഷതവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിനി ജോളി ഔഷധക്കഞ്ഞി വിതരണോദ്ഘാടനം നിർവഹിച്ചു. ഡോ. വിനോദ് കൃഷ്ണൻ നമ്പൂതിരി BAMS മഴക്കാല ആയൂർവേദ ആരോഗ്യസംരക്ഷണക്ലാസ് നയിച്ചു.

**രാമങ്കരി** യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് ആഗസ്റ്റ് 21 ന് സെന്റ് ജോസഫ് പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വർഗീസ് മതിലകത്തുകുഴി അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ. ടിങ്കിൾ ജോസഫ് നേതൃത്വം നൽകി.

**തൃക്കൊടിത്താനം** യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് ആഗസ്റ്റ് 21 ന് സെന്റ് സേവ്യേഴ്സ് ഫൊറോനാ പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. ഫ്രാൻസിസ് കരുവേലിൽ അദ്ധ്യക്ഷതവഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. ജിമ്മിച്ചൻ പടുപുരയ്ക്കൽ, യൂണിറ്റ് സെക്രട്ടറി ശ്രീ. ജയിംസ് വേഷ്ണാൽ എന്നിവർ പ്രസംഗിച്ചു.

### ക്യാൻസർ രോഗനിർണ്ണയ ക്യാമ്പ്

ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി പുഷ്പഗിരി മെഡിക്കൽ കോളേജും ചാസും സംയുക്തമായി ചെത്തിപ്പുഴ യൂണിറ്റിൽ ജൂലൈ 28ന് സൗജന്യ ക്യാൻസർ രോഗനിർണ്ണയ ക്യാമ്പ് നടത്തി. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. യൂണിറ്റ് ഭാരവാഹികളായ ശ്രീ. തോമസ് കുട്ടംപേരൂർ, ശ്രീ. തോമസുകുട്ടി മണക്കുന്നേൽ, ശ്രീ. ജോസുകുട്ടി കടന്തോട് എന്നിവർ നേതൃത്വം നൽകി. 70 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

### സ്വാശ്രയസംഘസംഗമം

കിടങ്ങറ യൂണിറ്റിൽ ജൂലൈ 29 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ അദ്ധ്യക്ഷതവഹിച്ചു. പ്രസിഡന്റ് ശ്രീ. എം.എസ്. മാത്യു, സെക്രട്ടറി ശ്രീമതി ജൂലിയറ്റ് ജോ എന്നിവർ നേതൃത്വം നൽകി. 20 അംഗങ്ങൾ പങ്കെടുത്തു.

### യൂണിറ്റ് വാർഷികം

തായങ്കരി ചാസ് യൂണിറ്റിന്റെ 33-ാമത് വാർഷികം ജൂലൈ 30 ന് ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കൊച്ചുചിറ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. 'മരുന്നില്ലാത്ത ജീവിതക്രമവും ആരോഗ്യസംരക്ഷണവും' എന്ന വിഷയത്തിൽ അക്യുഹീലിംഗ് സെമിനാർ സംഘടിപ്പിച്ചു. 260 കുടുംബങ്ങൾക്ക് കുട വിതരണം ചെയ്തു.

### തയ്യൽ പരിശീലനം ആരംഭിച്ചു

എടത്വാ യൂണിറ്റിൽ ആഗസ്റ്റ് 3 ന് തയ്യൽ പരിശീലനം ആരംഭിച്ചു. വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവഹിച്ചു. 22 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

## കമ്മ്യൂണിറ്റി ഓർഗനൈസേഴ്സ് സംഗമം

ചാസിന്റെ പ്രാദേശികയൂണിറ്റുകളിൽ സേവനം ചെയ്യുന്ന കമ്മ്യൂണിറ്റി ഓർഗനൈസേഴ്സിനെ മേഖലാതലത്തിൽ ഒരുമിച്ചുചേർത്ത് കോവിഡാനന്തര കാലഘട്ടത്തിൽ ചാസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനെക്കുറിച്ച് വിലയിരുത്തലുകളും ചർച്ചകളും സംഘടിപ്പിച്ചു. കൂടാതെ ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യതകൾ പ്രാദേശികതലത്തിൽ എപ്രകാരം നടപ്പിലാക്കാമെന്നും അതിനായി കമ്മ്യൂണിറ്റി ഓർഗനൈസേഴ്സ് എങ്ങനെ വർത്തിക്കണമെന്നും ചർച്ചചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ഖാദി മാനേജർ ശ്രീ. ജോൺ സക്കറിയാസ്, മേഖലാ കോർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 24.07.2022 pm | ആലപ്പുഴ | ആറാട്ടുവഴി |
| 24.07.2022 pm | പുളിങ്കുന്ന് | പുളിങ്കുന്ന് |

## പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചു

പുളിങ്കുന്ന് മേഖലയിലെ പ്രളയബാധിത പ്രദേശങ്ങളിൽ ചാസ് ഫീൽഡ് വർക്ക് ഓഫീസർ ശ്രീ. അരുൺ റ്റി. യുടെ നേതൃത്വത്തിലുള്ള ടീം 132 ഭവനങ്ങൾ സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തി ആവശ്യമായ ബോധവത്ക്കരണ ക്ലാസ് നടത്തി.

## സംരംഭകരുടെ സ്വാശ്രയസംഘ രൂപീകരണം

മുണ്ടുപാലം യൂണിറ്റിൽ സ്വയംതൊഴിൽ സംരംഭകരുടെ സ്വാശ്രയസംഘം രൂപീകരിക്കുന്നതിനായി ആഗസ്റ്റ് 14 ന് മീറ്റിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളി അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് ക്ലാസ് നയിച്ചു. എക്സിക്യൂട്ടീവ് സമിതിയംഗങ്ങൾ സന്നിഹിതരായിരുന്നു.

## സംഘവാർഷികം

**നാൽപ്പാത്തിമല** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അമലമരിയ SHG' യുടെ 15-ാമത് വാർഷികം ആഗസ്റ്റ് 15 ന് ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുറിയന്നൂർപ്പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. സംഘം പ്രസിഡന്റ് ശ്രീമതി സിന്ധു ഷാജി അദ്ധ്യക്ഷതവഹിച്ചു. സംഘത്തിന്റെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹികളും മേഖലാ കോർഡിനേറ്റർ ശ്രീമതി സജി ഷാജിയും ആശംസകൾ നേർന്നു സംസാരിച്ചു.

**തൃക്കൊടിത്താനം** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അസംപ്ഷൻ SHG' യുടെ 21-ാമത് വാർഷികം ആഗസ്റ്റ് 18 ന് ആഘോഷിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി ബോബിന തോമസ് ആശംസയർപ്പിച്ചു. സെക്രട്ടറി ശ്രീമതി ആൻസി മാത്യു റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

## ബേക്കറി നിർമ്മാണ പരിശീലനം

**കറിക്കാട്ടൂർ** യൂണിറ്റിൽ ഖാദി ഗ്രാമവ്യവസായ വകുപ്പ് ചാസുമായി സഹകരിച്ച് 20 അംഗങ്ങൾക്ക് രണ്ട് മാസം നീണ്ടു നിൽക്കുന്ന ബേക്കറി നിർമ്മാണ പരിശീലനത്തിന് ആഗസ്റ്റ് 17 ന് ശ്രീമതി ജോളി ലാലന്റെ നേതൃത്വത്തിൽ തുടക്കംകുറിച്ചു.

*ശേഷം പേജ് 59 ൽ.....»*

## കളർ എ ഹോം ഭവനനിർമ്മാണപദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 ആഗസ്റ്റ് 23 -വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 206 | വെട്ടിത്തുരുത്ത് | 15250 | 6100 |
| 207 | ആനിക്കാട് | 12000 | 4800 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022- ജൂലൈ 24 മുതൽ ആഗസ്റ്റ് 23 വരെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക | തുക |
|---|---|---|
| 1 | പുളിങ്കുന്ന് - സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 61000 |
| 2 | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 40000 |
| 3 | പനയംപാല - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് | 72000 |
| 4 | കുമരകം - സെന്റ് ജോൺ വടക്കുംകര ചർച്ച് | 22000 |

*» ചാസ് തുടർച്ച...*

## സ്വാശ്രയ സംഘരൂപീകരണം

ചാസിന്റെ വിവിധ യൂണിറ്റുകളിൽ നാല് പുതിയ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചു.

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 27.7.2022 | കറിക്കാട്ടൂർ | ജ്യോതി | 19 |
| 27.7.2022 | കറിക്കാട്ടൂർ | അൽഫോൻസാ | 15 |
| 03.08.2022 | ഏറ്റുമാനൂർ | പുതുമ | 16 |
| 17.08.2022 | മുട്ടാർ CMI | ചാവറ | 20 |

### SLCA Kerala - ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ചു

SLCA Kerala യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തുതലത്തിലും സ്കൂൾ-കോളേജ് തലങ്ങളിലും ലഹരിവിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, SLCA ഫീൽഡ് ഓഫീസർ ശ്രീ. കാർമൽ ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| ആഗസ്റ്റ് 1 | ചമ്പക്കുളം പഞ്ചായത്ത് |
| ആഗസ്റ്റ് 4 | എസ്.ബി. കോളേജ്, ചങ്ങനാശേരി |
| ആഗസ്റ്റ് 16 | നെടുമുടി പഞ്ചായത്ത് |
| ആഗസ്റ്റ് 17 | ചമ്പക്കുളം സെന്റ് മേരീസ് സ്കൂൾ |
| ആഗസ്റ്റ് 19 | നെടുംകുന്നം പഞ്ചായത്ത് |

ഈശോയിൽ പ്രിയരേ,

നമ്മുടെ വിശ്വാസജീവിതത്തിലെ തീക്ഷ്ണതയുടെ ദിനങ്ങളാണ് സെപ്റ്റംബർ മാസത്തിലെ എട്ടുനോമ്പ് ആചരണവും പരി. അമ്മയുടെ പിറവിത്തിരുനാളും. തോമ്മാശ്ലീഹാ വർഷവും കേരളസഭാ നവീകരണവും ആചരിക്കുമ്പോൾ കേരള സഭയുടെമേൽ പ്രത്യേകിച്ച് സീറോ മലബാർ സഭയുടെമേൽ കർത്താവിന്റെ വലിയ കരുണ വർഷിക്കപ്പെടാൻ ഈ എട്ടുനോമ്പിൽ നമുക്കു തീക്ഷ്ണമായി പ്രാർത്ഥിക്കാം.

### 1. ഒക്ടോബർ – നവംബർ മാസം ദീപിക തീവ്രപ്രചാരണമാസം

ദീപികയുടെ പ്രചാരണത്തിലും വളർച്ചയിലും എല്ലാ വൈദികരും സമർപ്പിതരും DFC ഭാരവാഹികളുമൊക്കെ നൽകുന്ന വലിയ സഹകരണത്തിന് പ്രത്യേകം നന്ദിപറയുന്നു. സെപ്റ്റംബർ മാസം ദീപിക തീവ്രപ്രചാരണത്തിനുള്ള ഒരുക്കമാസമായി മാറ്റാം. കുടുംബക്കൂട്ടായ്മകളിൽ സെപ്റ്റംബർമാസം ദീപിക പ്രചാരണത്തിന്റെ പ്രാധാന്യം ചർച്ചചെയ്യുക. ഓരോ കുടുംബക്കൂട്ടായ്മയിലും നിലവിൽ ദീപിക വരുത്തുന്നവരെ അഭിനന്ദിക്കുക. ഒക്ടോബർ മാസം ഓരോ കൂട്ടായ്മയും സമ്പൂർണ്ണ ദീപിക വരിക്കാരായിമാറാൻ എല്ലാവരുടെയും സഹകരണം ഉറപ്പുവരുത്തുക.

### 2. DFC – കുടുംബക്കൂട്ടായ്മ ലീഡേഴ്സ്: അതിരൂപതാസമിതി മീറ്റിംഗ്

ഒക്ടോബർ-നവംബർ മാസം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ആഹ്വാനം ചെയ്തിരിക്കുന്ന ദീപിക തീവ്രപ്രചാരണത്തിന് ഒരുക്കമായി DFC – കുടുംബകൂട്ടായ്മ ഫൊറോന ഡയറക്ടർ അച്ചന്മാർ, DFC അതിരൂപതാസമിതി, ഓരോ ഫൊറോനയിലെയും പുരുഷ-വനിതാ പ്രസിഡന്റുമാർ, കുടുംബക്കൂട്ടായ്മ ഫൊറോനാ ജനറൽ കൺവീനർ, ജനറൽ സെക്രട്ടറി എന്നിവരുടെ മീറ്റിംഗ് സെപ്റ്റംബർ 17 ശനി രാവിലെ 10 മുതൽ 1 മണിവരെ സന്ദേശനിലയം മാർത്തോമാ വിദ്യാനികേതൻ ഹാളിൽ നടത്തപ്പെടുന്നു.

### 3. DFC – കുടുംബക്കൂട്ടായ്മ നേതൃത്വ കൺവൻഷൻ

ദീപിക തീവ്രപ്രചാരണത്തിനൊരുക്കമായി DFC യുടെ ഓരോ ഇടവകയിൽ നിന്നുമുള്ള പുരുഷ-വനിതാ പ്രസിഡന്റുമാർ, കുടുംബക്കൂട്ടായ്മ ഇടവക ജനറൽ കൺവീനർ, സെക്രട്ടറി, ഫൊറോനാ ഡയറക്ടർമാർ, ഫൊറോനാ ആനിമേറ്റർ സിസ്റ്റർ എന്നിവരുടെ നേതൃത്വ കൺവൻഷൻ സെപ്റ്റംബർ മാസം 28 ബുധനാഴ്ച രാവിലെ 10 മുതൽ 3.30 വരെ സന്ദേശനിലയം ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു.

### 4. DFC – കുടുംബക്കൂട്ടായ്മ ലീഡേഴ്സ് ഇടവകതല മീറ്റിംഗ്

ദീപിക തീവ്രപ്രചാരണത്തിന്റെ ഒരുക്കങ്ങൾ നടക്കേണ്ടത് ഇടവകതലങ്ങളിലൂടെയാണല്ലോ!

1. സെപ്റ്റംബർ മാസം എല്ലാ ഇടവകകളിലെയും കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ മീറ്റിംഗിൽ ദീപിക തീവ്രപ്രചാരണത്തിന്റെ കർമപരിപാടികൾ തയ്യാ

റാക്കുക. ആ മീറ്റിംഗിലേയ്ക്ക് DFC ഭാരവാഹികളെ ഉൾപ്പെടുത്തുന്നത് നല്ല തായിരിക്കും.

2. DFC പുരുഷ-വനിതാഭാരവാഹികൾ ഇല്ലെങ്കിൽ ഈ മീറ്റിംഗിൽ തെരഞ്ഞെ ടുക്കുക. സജീവമല്ലാത്തവരെ മാറ്റി സജീവമായ ടീം സജ്ജമാക്കുക.
3. ഒക്ടോബർ മാസത്തിൽ ദീപിക പ്രചാരണത്തിനായുള്ള ടീമിനെ കൂട്ടായ്മ അടിസ്ഥാനത്തിൽ രൂപീകരിക്കുകയും ഭവനസന്ദർശനത്തിനുള്ള തീയതി കൾ നിശ്ചയിക്കുകയും ചെയ്യുക.

**ഉപസംഹാരം**

തോമാശ്ലീഹാ വർഷാചരണത്തിന്റെയും കേരളസഭാ നവീകരണത്തിന്റെയും കർമപദ്ധതികളിൽ പ്രധാനപ്പെട്ടതായി അഭി. പിതാവ് നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങളിലൊന്ന് 'എല്ലാ ഭവനങ്ങളിലും സഭയുടെ ജിഹ്വയായ ദീപിക എത്തി ക്കുക' എന്നതാണല്ലോ. ഈശോ അരുൾചെയ്യുന്നു ''എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു'' (യോഹ.10:27). എല്ലാ ഭവനങ്ങളിലും ഈശോയുടെ, സഭ യുടെ സ്വരമെത്തട്ടെ. എല്ലാവരുടെയും സഹകരണത്തിന് നന്ദി പറയുന്നു.

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561

**സണ്ണി പുളിങ്കാലായിൽ**
9539125164

**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജന. സെക്രട്ടറീസ്)

---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ. വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

---

» *സന്ദേശനിലയം തുടർച്ച...*

**ആദരാഞ്ജലികൾ**

സന്ദേശനിലയം-മിഷൻലീഗ് മുൻ അസി. ഡയറക്ടർ റവ. ഫാ. ജോസി പൊക്കാവരയത്തിന്റെ മാതാവിന്റെയും മല്ലപ്പള്ളി സൺഡേസ്കൂൾ അധ്യാ പിക സി. അൽഫോൻസാ മൂന്നാറ്റുമുഖത്തിന്റെ മാതാവിന്റെയും പുതുക്കരി സൺഡേസ്കൂൾ മുൻ ഹെഡ്മിസ്ട്രസ് സി. വിനീത വടക്കേത്തലയ്ക്കലിന്റെ മാതാവിന്റെയും കുടമാളൂർ സൺഡേസ്കൂൾ അധ്യാപകനും സി.ആർ.റ്റി. അംഗവുമായ ശ്രീ. രാജു തുരുത്തേലിന്റെ മാതാവിന്റെയും പഴവങ്ങാടി സൺ ഡേസ്കൂൾ അധ്യാപകൻ ശ്രീ. മനോജ് എം. തോമസ്, ചെത്തിപ്പുഴ സൺഡേ സ്കൂൾ അധ്യാപിക ശ്രീമതി ഡെയ്സ് എം. തോമസ് എന്നിവരുടെ മാതാവി ന്റെയും ഇരവുചിറ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സിബി ജോസഫിന്റെ ഭാര്യയുടെയും ചങ്ങനാശേരി കത്തീഡ്രൽ സൺഡേസ്കൂൾ അധ്യാപിക സി. വിനീത സി.എം.സി.യുടെ പിതാവിന്റെയും അധ്യാപകൻ ശ്രീ. അരുൺ ടോം തോപ്പിലിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ഇന്ത്യയിലാദ്യം ചെത്തിപ്പുഴ ആശുപത്രിയിൽ പതിനാറ് വയസുകാരിയുടെ അപൂർവ ശസ്ത്രക്രിയ വിജയിച്ചു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഗ്യാസ്ട്രോ സർജറി വിഭാഗത്തിലെ ഡോ. മുരളി അപ്പുക്കുട്ടന്റെ നേതൃത്വത്തിൽ വയറിനുള്ളിൽ അപൂർവ മുഴയുമായെത്തിയ പതിനാറുകാരിക്ക് വിജയകരമായി ശസ്ത്രക്രിയ നടത്തി. നടുവേദനയ്ക്ക് ചികിത്സയ്ക്കായെത്തിയ പെൺകുട്ടിയുടെ ചെറുകുടലിന്റെ ആവരണത്തിനുള്ളിൽ മുഴ കണ്ടെത്തുകയായിരുന്നു. കുട്ടികളിൽ അപൂർവമായി മാത്രം കാണുന്ന ഈ മുഴ കാൽസ്യമടിഞ്ഞ് ചുറ്റുപാടുമുള്ള രക്തക്കുഴലുകൾ, ചെറുകുടൽ, വൻകുടൽ എന്നിവയുമായി ചേർന്നയവസ്ഥയിലായിരുന്നു. ഈ രോഗാവസ്ഥക്ക് വൈദ്യശാസ്ത്രത്തിൽ calcified chylous mesenteric cyst എന്നാണറിയപ്പെടുന്നത് (കാൽസ്യമടിഞ്ഞ് ലിംഫ് ദ്രാവകം നിറഞ്ഞ അവസ്ഥ). ഇത്തരം ശസ്ത്രക്രിയ ലോകത്തിൽ ആകെ 6 എണ്ണം മാത്രമേ നടന്നിട്ടുള്ളു, ഇന്ത്യയിലിത് ആദ്യത്തേതാണ്. ഡോ. മുരളി അപ്പുക്കുട്ടൻ, ഡോ. സുനിൽ മാത്യു, അനസ്തേഷ്യയിലെ ഡോ. കുക്കു ജോൺ, ഡോ. അനു അമ്പൂക്കൻ, ഡോ. മനു എസ്., ഡോ. ചിഞ്ചു റോസ് സ്റ്റെഫി, എന്നിവരടങ്ങുന്ന മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.

### നൂതന ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയാരീതിയായ TARM ദക്ഷിണകേരളത്തിലാദ്യമായി ചെത്തിപ്പുഴ ആശുപത്രിയിൽ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ Department of General & Laparoscopic Surgery വിഭാഗത്തിന്റെ നേതൃത്വത്തിൽ അന്തർദ്ദേശീയ വൈദ്യശാസ്ത്രമേഖലയിലെ പുത്തൻ ശസ്ത്രക്രിയാരീതിയായ TARM (ട്രാൻസ് അബ്ഡോമൽ റിട്രോമസ്ക്കുലർ മെഷ് റിപ്പയർ) ദക്ഷിണ കേരളത്തിലാദ്യമായി വിജയകരമായി പൂർത്തീകരിച്ചു. മനുഷ്യശരീരത്തിലെ വയറുഭാഗത്തെ മാംസം 6 പാളികളായി സ്ഥിതിചെയ്യുന്നു. പ്രസ്തുത ശരീരപാളികൾക്കിടയിലായി കീഹോൾ സർജറിയിലൂടെ മുറിവുകൾ ലഘൂകരിച്ച് മെഷ് ഘടിപ്പിക്കുന്ന രീതിയാണിത്. ഇത്തരം ലാപ്രോസ്കോപ്പിക്ക് ശസ്ത്രക്രിയകൾ സങ്കീർണവും വിദഗ്ധപരിശീലനം അത്യന്താപേക്ഷിതവുമാണ്. ഈ രീതിയിൽ ശസ്ത്രക്രിയകൾ ചെയ്യുന്നതിനാൽ വളരെകുറച്ചു മുറിവും ആശുപത്രിവാസം വളരെ കുറവു ദിവസവും മാത്രമേ ആവശ്യമായി വരുന്നുള്ളു. കഴിഞ്ഞദിവസം ഹെർണിയാ രോഗബാധിതയും 41 വയസുള്ള ചങ്ങനാശേരി സ്വദേശിനിയും രണ്ടുകുട്ടികളുടെ അമ്മയുമായ സ്ത്രീയ്ക്ക്, സർജൻ ഡോ. വിജയ് വർഗീസിന്റെ നേതൃത്വത്തിൽ TARM രീതിയിലൂടെ ശസ്ത്രക്രിയ ചെയ്തു. പ്രസ്തുതരോഗിക്ക് പ്രസവാനന്തരം വയറ്റിലെ മസിലുകളയഞ്ഞിരുന്നു. ഹെർണിയാ എന്ന രോഗത്തിനും വയറിന്റെ അഭംഗി മാറ്റാനുള്ള ചികിത്സയും (ലാപ്രോസ്കോപ്പിക് അബ്ഡോമിനോപ്ലാസ്റ്റി) ഒന്നിച്ചുചെയ്യാൻ കഴിഞ്ഞു. ഏഴ് മണിക്കൂറെടുത്ത ശസ്ത്രക്രിയക്ക് അനസ്തെറ്റിസ്റ്റ് ഡോ. കുക്കു ജോൺ, ഡോ. ചിഞ്ചു റോസ് സ്റ്റെഫി എന്നിവരുടെ സേവനം ലഭ്യമായിരുന്നു.

### നട്ടെല്ലിലെ മുഴകൊണ്ട് ശരീരം തളർന്ന മധ്യവയസ്ക ഇനി പുതുജീവിതത്തിലേക്ക്

നട്ടെല്ലിലെ ഗുരുതരമായ മുഴമൂലം ശരീരം തളർന്നാണ് കറുകച്ചാലിലെ 52 വയസുള്ള മധ്യവയസ്ക ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. ഫിസിഷ്യൻ ഡോ. ജൂലി സെബാസ്റ്റ്യൻ ന്യൂറോ സർജറിലേയ്ക്ക് റഫർ ചെയ്തു. ന്യൂറോ സർജൻ ഡോ. സാജൻ ജോർജിന്റെ പരിശോധനയിൽ നട്ടെല്ലിലെ മുഴ വളർന്ന് സുഷുമ്നനാഡിക്ക് തകരാർ ഉണ്ടായാണ് കാലുകൾ പൂർണമായി തളരാൻ കാരണമായതെന്ന് വ്യക്തമായി. അപകടകരമായഘട്ടത്തിലൂടെ രോഗി കടന്നുപോകുന്നുവെന്ന കാര്യം ബന്ധുക്കളെ അറിയിച്ചു. സങ്കീർണമായ ശസ്ത്രക്രിയ മാത്രമായിരുന്നു ഏക ചികിത്സ. അത് പൂർത്തിയാക്കാൻ അഞ്ചര മണിക്കൂറിലധികമെടുത്തു. ഓപ്പറേഷന്റെ ഓരോ ഘട്ടവും പ്രതിസന്ധി നിറഞ്ഞതായിരുന്നു. എല്ലാ ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കാൻ ഡോ. സാജൻ ജോർജിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘത്തിനു കഴിഞ്ഞു. അല്പംപോലും നടക്കാനോ ശരീരം അനക്കാനോ കഴിയാതിരുന്ന രോഗിക്കിപ്പോൾ എല്ലാം പഴയതുപോലെ ചെയ്യാൻ കഴിയുന്നുണ്ട്. മേജർ ഓപ്പറേഷന് വിധേയമായ രോഗി ഒരാഴ്ചക്കുള്ളിൽ സുഖം പ്രാപിച്ച് ആശുപത്രിയിൽനിന്ന് ഡിസ്ചാർജായി. പ്രസ്തുത ചികിത്സക്കും ഓപ്പറേഷനും മെഡിക്കൽ സംഘാംഗങ്ങളായി ന്യൂറോ സർജൻ ഡോ. ടോം ജോസ്, അനസ്തെറ്റിസ്റ്റുമാരായ ഡോ. കുക്കു ജോൺ, ഡോ. ചിഞ്ചു റോസ് സ്റ്റെഫി എന്നിവരുമുണ്ടായിരുന്നു.

### സാരഥി സംഗമം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ കോട്ടയം, ആലപ്പുഴ ജില്ലകളിലെ ആംബുലൻസ് ഡ്രൈവർമാരുടെ ഒത്തുചേരൽ 'സാരഥി സംഗമം' എന്നപേരിൽ 28/07/2022 വൈകുന്നേരം 6.30 ന് ഹോസ്പിറ്റൽ കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ജാഗ്രത്തായ വേഗപ്പോരാളികളുടെ ഒത്തുചേരൽ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആംബുലൻസ് ഡ്രൈവേഴ്സിനായി ബേസിക് ലൈഫ് സപ്പോർട്ട് ട്രെയിനിംഗ് നടത്തുകയും സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തു.

### ഗർഭാശയ – അണ്ഡാശയ മുഴ രോഗനിർണയവും സൗജന്യ ലാപ്രോസ്കോപ്പിക് മെഡിക്കൽ ക്യാമ്പും

Department of Obstetrics & Gynecology യുടെ നേതൃത്വത്തിൽ ഗർഭാശയ–അണ്ഡാശയ മുഴ രോഗനിർണയവും സൗജന്യ ലാപ്രോസ്കോപ്പിക് മെഡിക്കൽ ക്യാമ്പും 2022 ആഗസ്റ്റ് 22 മുതൽ 31 വരെ രാവിലെ 09 മുതൽ ഉച്ചയ്ക്ക് 1 വരെ സംഘടിപ്പിച്ചു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീല തോമസ് ഉദ്ഘാടനം ചെയ്തു. ഡോ. മഞ്ജു എലിസബത്ത് സെബാസ്റ്റ്യൻ നേതൃത്വം നൽകി. സൗജന്യ കൺസൾട്ടേഷനും ലാബ്, സ്കാനിങ്, എക്സ്റേ, പ്രൊസീജിയറുകൾക്ക് 25% ഡിസ്കൗണ്ടും നൽകി. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽനിന്നും ഡോക്ടർ നിർദ്ദേശിക്കുന്ന രോഗികൾക്ക് ശസ്ത്രക്രിയക്ക് സ്പെഷ്യൽ ഡിസ്കൗണ്ടും നൽകി. ഗൈനക്കോളജി വിഭാഗത്തിൽ ഡോ. മരിയ ജോർജ്, ഡോ. റോസമ്മ ജോൺ എന്നിവരുടെ സേവനം ലഭ്യമായിരുന്നു.

**ഫാ. ജോഷി മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോ. ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(ഡയറക്ടർ)

*ശേഷം പേജ് 67 ൽ.....»*

സ്നേഹംനിറഞ്ഞവരേ,

കോവിഡ് മഹാമാരി ഏറ്റവുമധികം ബന്ധനസ്ഥരാക്കിയത് നമ്മുടെ പ്രായമായവരെയാണ്. സമൂഹത്തിൽ ഇറങ്ങുന്നതിനും ദൈവാലയത്തിൽ പോകുന്നതിനും പ്രായമായവർക്ക് വലിയ നിയന്ത്രണം ഉണ്ടായിരുന്നല്ലോ. ഇപ്പോൾ ആ സാഹചര്യം മാറിവരുകയാണ്. വലിയ താൽപ്പര്യത്തോടെ നമ്മുടെ പ്രായമായവർ ദൈവാലയങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. പ്രായമായവർക്കുവേണ്ടിയുള്ള സംഗമങ്ങളും ശുശ്രൂഷകളും നിരവധി ഇടവകകളിൽ ആരംഭിച്ചുകഴിഞ്ഞു.

**ജൂലൈ 24 ഞായർ, മുത്തശ്ശി – മുത്തച്ഛൻ ദിനം**

ഫ്രാൻസിസ് മാർപാപ്പ, ജൂലൈ 26 വി. യോവാക്കീം – വി. അന്ന ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ മാസത്തിന്റെ അവസാനത്തെ ഞായറാഴ്ച സഭയിലെ പ്രായമായവരെ പ്രത്യേകം പരിഗണിക്കുന്നതിനായ് മാറ്റിവച്ചിരുന്നല്ലോ. 'വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും' (സങ്കീ. 92:14) എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം.

നിരവധി ഇടവകകളിൽ (നെടുങ്കുന്നം, മുണ്ടുപാലം, പൊടിപ്പാറ, കുറിച്ചി, വെരൂർ, താഴത്തുവടകര) ഈ ദിനം സമുചിതമായി ആചരിക്കുകയുണ്ടായി.

**മണിമല ഫൊറോന ഗ്രാന്റ് പേരന്റ്സ് സംഗമം**

വാത്സല്യം 2022 എന്ന പേരിൽ മണിമല ഫൊറോനയിലെ 11 ഇടവകകളിൽനിന്ന് ഇരുനൂറോളം മുത്തശ്ശീ-മുത്തച്ഛന്മാർ ജൂലൈ 24-ന് ഒന്നിച്ചുകൂടി. ഫൊറോനാവികാരി പെ. ബഹു. മാത്യു താന്നിയത്ത് സംഗമം ഉദ്ഘാടനം ചെയ്തു. ബഹു. ജോൺ മുള്ളൻപാറ അച്ചൻ അദ്ധ്യക്ഷതവഹിച്ചു. ബഹു. അഗസ്റ്റിൻ പൊങ്ങനാംതടത്തിൽ അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. മണിമല ഫൊറോന മാതൃ-പിതൃവേദി ഇതിന് നേതൃത്വം കൊടുത്തു. വിവാഹിതരായി 50 വർഷം കഴിഞ്ഞവരെ തദവസരത്തിൽ ആദരിച്ചു. കലാപരിപാടികൾ കൊഴുപ്പേകിയ സംഗമം സ്നേഹവിരുന്നോടെ അവസാനിച്ചു.

ഗ്രാന്റ് പേരന്റ്സ് ദിനാചരണം സംഘടിപ്പിച്ച എല്ലാ വികാരിയച്ചന്മാർക്കും നന്ദി, അഭിനന്ദനങ്ങൾ. മറ്റ് ഇടവകകളിൽ നടന്നത് ദയവായി അറിയിക്കണമേ. ശുശ്രൂഷകൾ നടത്തുന്നതിന് സന്നദ്ധമാണ്. ദയവായി വിളിക്കുക

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(ഡയറക്ടർ)
9495107045

ഈശോയിൽ ഏറ്റം സ്നേഹംനിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെ പ്രാർത്ഥനകൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റ് വിവിധ നിയോഗങ്ങൾക്കായി ആഗസ്റ്റ് 7-ാം തീയതി പ്രാർത്ഥനാദിനമായി ആചരിച്ചു. ലോകം മുഴുവനുമുള്ള പ്രവാസിമക്കൾ അന്നത്തെ വിശുദ്ധ കുർബാനയും പ്രാർത്ഥനകളും ഉപവി പ്രവർത്തനങ്ങളും സഭയുടെ ഐക്യത്തിനും കെട്ടുറപ്പിനും മഴയിലും വെള്ളപ്പൊക്കത്തിലും ദുരിതം പേറുന്ന നമ്മുടെ പ്രിയപ്പെട്ടവർക്കും, റഷ്യ-യുക്രൈൻ യുദ്ധം സമാധാനപൂർണ്ണമായി അവസാനിക്കുക എന്നീ നിയോഗങ്ങൾക്കായി സമർപ്പിച്ചു. മാതാവിന്റെ സ്വർഗാരോപണതിരുനാളിന്റെ ആശംസകൾ എല്ലാ പ്രവാസികളെയും വാട്സ് ആപ്പിലൂടെ അറിയിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളാഘോഷം ഒമാൻ സെന്റ് ജോസഫ് ഓൺലൈൻ സൺഡേസ്കൂൾ കുട്ടികളുടെ വിവിധ കലാപരിപാടികളോടെ ആഗസ്റ്റ് 20-ാം തീയതി ഓൺലൈൻ പ്ലാറ്റ്ഫോം വഴി ആഘോഷിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിജോ മാറാട്ടുകളം അദ്ധ്യക്ഷനായ പരിപാടിയിൽ റവ. ഫാ. ജോസഫ് (ലിജോ) ചമ്പക്കുളം മുഖ്യപ്രഭാഷണം നടത്തി.

**ആവേ മരിയ ഹോളിഡെയ്സ് & വെഞ്ച്വേഴ്സ്**

വിശുദ്ധനാട് തീർത്ഥാടനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. 2022 നവംബർ 12-ാം തീയതി ആദ്യസംഘം പുറപ്പെടുന്നു. പിന്നീടുള്ള എല്ലാ മാസവും വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രവാസി അപ്പോസ്തലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

ഈശോയിൽ പ്രിയപ്പെട്ടവരേ,

തിരുവോണാശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു.

കെ.എൽ.എം. ന്റെ സംഘത്തിന്റെ പ്രവർത്തനം ഭംഗിയായി നടക്കുന്നുണ്ടെന്ന് യൂണിറ്റ് സന്ദർശനങ്ങളിലൂടെ ഞാൻ മനസിലാക്കുന്നു. എന്നാൽ UCC-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഒരു സംഘടനയെന്നനിലയിൽ സഭയോടും ഇടവകയോടും പൊതുസമൂഹത്തോടും ചേർന്ന് പ്രവർത്തിക്കാനാവൂ. ഇതിനായുള്ള പരിശ്രമങ്ങളും നിർദ്ദേശങ്ങളും അതിരൂപതയിൽനിന്നും നല്കുമ്പോൾ എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

**യൂണിറ്റ് സന്ദർശനങ്ങൾ**

തൃക്കൊടിത്താനം, ചമ്പക്കര, പനയമ്പാല, മുണ്ടത്താനം, വായ്പൂർ ഓൾഡ്, വായ്പൂർ ന്യൂ, അതിരമ്പുഴ, മണ്ണാർകുന്ന്, ചെറുവാണ്ടൂർ, വെട്ടിമുകൾ, കായൽപുറം, പുന്നക്കുന്നത്തുശേരി എന്നീ യൂണിറ്റുകളിൽ അതിരൂപതാ ഡയറക്ടർ സന്ദർശനം നടത്തി.

**കുറുമ്പനാടം ഫൊറോന കോർഡിനേറ്റേഴ്സ് മീറ്റ്**

കുറുമ്പനാടം ഫൊറോനയിലെ എല്ലാ കോർഡിനേറ്റേഴ്സിന്റെയും സമ്മേളനം ആഗസ്റ്റ് 9-ാം തീയതി കുറുമ്പനാടം സെന്റ് ആന്റണീസ് ഹാളിൽ നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ കർമ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു.

**കെ.എൽ.എം. മെറിറ്റ് അവാർഡ്**

ഈ വർഷം SSLC, +2 ക്ലാസുകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ കെ.എൽ.എം. അംഗങ്ങളുടെ മക്കളെ സെപ്റ്റംബർ 4 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് സന്ദേശനിലയം ഹാളിൽ നടക്കുന്ന ചടങ്ങിൽ ആദരിക്കും.

**ക്ഷേമനിധി അംഗത്വവിതരണമേള**

കുറുമ്പനാടം ഫൊറോനയുടെ ആഭിമുഖ്യത്തിൽ മാടപ്പള്ളി ചെറുപുഷ്പം ഹാളിൽ സെപ്റ്റംബർ 25 ഉച്ചകഴിഞ്ഞ് 2 മണിക്ക് ക്ഷേമനിധി അംഗത്വവിതരണമേള സംഘടിപ്പിക്കുകയാണ്. അസംഘടിത തൊഴിൽമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്ന ക്ഷേമനിധിയിൽ അർഹതയുള്ളവരെല്ലാം ചേരുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

**ആദരാഞ്ജലികൾ**

വെട്ടിത്തുരുത്ത് സെന്റ് തോമസ് സംഘാംഗം ചാക്കോ തോമസിന്റെയും കുറുമ്പനാടം സെന്റ് ജോസഫ് സംഘാംഗം ബിജി പി.എ. പ്രാക്കുഴിയുടെയും കുന്നന്താനം സെന്റ് ജോസഫ് സംഘാംഗം റെജി സെബാസ്റ്റ്യൻ വറവുങ്കലിന്റെയും മണ്ണഞ്ചേരി സെന്റ് മേരീസ് സംഘാംഗം കെ.റ്റി. ചാക്കോയുടെയും

നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥ നയും അറിയിക്കുന്നു.

**മരണാനന്തരസഹായനിധി**

95. പള്ളിക്കുന്ന് സെന്റ് തോമസ് സംഘാംഗം പരേതനായ ടോമി ജോർജ് പ്ലാക്കി ത്തൊട്ടിയിൽ
97. ചാഞ്ഞോടി സെന്റ് ജോസഫ് സംഘാംഗം പരേതനായ അരുൺ സെബാ സ്റ്റ്യൻ, കോട്ടപുഴയ്ക്കൽ
98. കൂരോപ്പട ഹോളി ക്രോസ് സംഘാംഗം പരേതനായ മാത്യു ജോസഫ്, പൂത്തോട്ടയിൽ

എന്നിവരുടെ നോമിനികൾക്ക് മരണാനന്തരസഹായനിധിയായ 1,15,000/- രൂപ കൈമാറി.

» ആതുരശുശ്രൂഷാമേഖല തുടർച്ച...

## സഹൃദയ ഹോസ്പിറ്റൽ

**സ്വാതന്ത്ര്യ ദിനാഘോഷം**

75-ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സഹൃദയ ഹോസ്പിറ്റലിൽ ദേശീയപതാക ഉയർത്തൽ കർമ്മം ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ നിർവഹിച്ചു. പരേഡ്, ദേശീയഗാനം ആലപിക്കൽ എന്നിവ നടത്തപ്പെട്ടു.

**മെഗാ മെഡിക്കൽ ക്യാമ്പ്**

സഹൃദയ ആശുപത്രിയും വൈശ്യംഭാഗം സെന്റ് ആന്റണീസ് പള്ളിയുടെ സംഘടനയായ മാതൃവേദി - പിതൃവേദി യൂണിറ്റും സംയുക്തമായി ആഗസ്റ്റ് 7 ന് നടത്തിയ സൗജന്യ മെഗാ മെഡിക്കൽക്യാമ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ ഉദ്ഘാടനം ചെയ്തു. ഡോ. അഞ്ജലി ചന്ദ്രകുമാർ (പൾമനോളജി വിഭാഗം), ഡോ. ശിവ സുബ്രഹ്മണ്യ (ഓർത്തോപീഡിക്സ് വിഭാഗം), ഡോ. ഗോവിന്ദ് എസ്. (ജനറൽ മെഡിസിൻ വിഭാഗം), ഡോ. പ്രശാന്ത് ജി. (ഇ.എൻ.ടി. വിഭാഗം) എന്നിവരുടെ സേവനങ്ങളും ബി.എം.ഡി., പി.എഫ്.ടി. പരിശോധനാക്രമീകരണങ്ങളും പ്രമേഹരോഗ നിർണ്ണയ പരിശോധനകളും സൗജന്യ മരുന്നുവിതരണവും നടത്തി.

സഹൃദയ ആശുപത്രിയും വൈശ്യംഭാഗം സെന്റ് ആന്റണീസ് പള്ളിയുടെ സംഘടനയായ മാതൃവേദി - പിതൃവേദി യൂണിറ്റും സംയുക്തമായി ആഗസ്റ്റ് 21 ന് സൗജന്യ മെഗാ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

പ്രിയ സ്നേഹിതരേ,

**അമ്പൂരി ഫൊറോന കൗൺസിൽ തെരഞ്ഞെടുപ്പ്**

ജൂലൈ 17 ന് അമ്പൂരി ഫൊറോനാ കൗൺസിൽ തെരഞ്ഞെടുപ്പ് നടന്നു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. ജേക്കബ് ചീരംവേലിൽ, അതിരൂപത വൈസ് പ്രസിഡന്റ് ശ്രീ. ഷെയിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ബഫർസോൺ സെക്രട്ടറിയേറ്റ് ധർണ**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ജൂലൈ 20ന് ബഫർസോൺ വിഷയത്തിനെതിരെ നടത്തിയ ധർണയിൽ ചങ്ങനാശേരി അതിരൂപതയിൽനിന്നും നൂറിൽപരം പ്രവർത്തകരും നേതാക്കളും പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ്, ഫൊറോനാ ഡയറക്ടർമാരായ റവ. ഫാ. ഫിലിപ്പ് തയ്യിൽ, വെരി റവ. ഫാ. ജേക്കബ് ചീരംവേലിൽ ഭാരവാഹികളായ ശ്രീ. രാജേഷ് ജോൺ, ശ്രീ. ജേക്കബ് നിക്കോളാസ്, ശ്രീ. ഷെയിൻ ജോസഫ്, ശ്രീമതി ലിസി ജോസ്, ശ്രീ. ബിനു ഡൊമിനിക്, ശ്രീ. ജോർജുകുട്ടി മുക്കത്ത്, ശ്രീ. സെബാസ്റ്റ്യൻ പുല്ലാട്ടുകാല എന്നിവർ നേതൃത്വം നൽകി.

**ദ്വിദിന നേതൃ പരിശീലന ശില്പശാല – ദർശൻ 2022**

കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ നേതാക്കൾക്കായി 'ദർശൻ 2022' എന്നപേരിൽ ദ്വിദിന നേതൃപരിശീലനശില്പശാല ജൂലൈ 23, 24 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അഡ്വ. പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സിറിയക് കോട്ടയിൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ശ്രീ. ബാബു വള്ളപ്പുര, ഗ്ലോബൽ ഭാരവാഹികളായ ശ്രീ. രാജേഷ് ജോൺ, ശ്രീ. വർഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു

24 ന് ശിൽപ്പശാലയുടെ ഭാഗമായി ഗ്ലോബൽ ഭാരവാഹികളുടെ സന്ദർശനവും നേതൃസംഗമവും അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലം മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ. രാജീവ് കൊച്ചുപറമ്പിൽ ഭാരവാഹികളായ ശ്രീമതി ടെസി ബിജു, ഡോ. ജോസുകുട്ടി ഒഴുകയിൽ, ശ്രീ. ബെന്നി ആന്റണി എന്നിവർ പ്രസംഗിച്ചു.

യൂത്ത്-വനിതാ വിങ്ങുകൾക്കായി പ്രത്യേക സെഷനും ശില്പശാലയിൽ ഉണ്ടായിരുന്നു. ശ്രീ. ബിനു ഡൊമിനിക്, ശ്രീ. ജോമോൻ വെള്ളാപ്പള്ളി, ശ്രീ. ജിനോ ജോസഫ്, ശ്രീമതി ലിസി ജോസ്, ശ്രീമതി ആനീസ് ജോർജ്, ശ്രീമതി പരിമൾ ആന്റണി എന്നിവർ നേതൃത്വം നൽകി.

സമാപനസമ്മേളനത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. ഷെയിൻ ജോസഫ് അധ്യക്ഷത വഹിച്ചു. ന്യൂനപക്ഷ വികസന കോർപ്പറേഷൻ ചെയർമാൻ ശ്രീ. സ്റ്റീഫൻ ജോർജ് ഉദ്ഘാടനം ചെയ്തു.

ഡോ. കുര്യാസ് കുമ്പളക്കുഴി, റവ. ഫാ. ജേക്കബ് പാലയ്ക്കപ്പിള്ളി, റവ. ഫാ. ജയിംസ് കൊക്കാവയലിൽ, റവ. ഫാ. ജോസഫ് ഇറ്റോലിൽ, ശ്രീ. കുര്യാച്ചൻ പുതുക്കാട്ടിൽ, റവ. ഫാ. ജോർജ് മാന്തുരുത്തിൽ, പ്രൊഫ. ജാൻസൺ ജോസഫ്, മാധ്യമപ്രവർത്തകരായ ശ്രീ. ജോൺസൺ പൂവന്തുരുത്ത്, ശ്രീ. റിജോ ജോസഫ്, ശ്രീ. അനിൽ ജോർജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വംനൽകി. 23 രാവിലെ 11 ന് ആരംഭിച്ച ശില്പശാല 24 വൈകുന്നേരം 4 ന് സമാപിച്ചു.

യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് ദിനമായ ജൂലൈ 3 ന് ചങ്ങനാശേരി താലൂക്ക് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഭക്ഷണവിതരണം നടത്തി. യൂത്ത് വിംഗ് നേതാക്കളായ ശ്രീ. ബിനു ഡൊമിനിക്, ശ്രീ. ജോമോൻ വെള്ളാപ്പള്ളി, ശ്രീ. ജിനോ ജോസഫ്, ശ്രീ. സെബാസ്റ്റ്യൻ വർഗീസ് എന്നിവർ നേതൃത്വം നൽകി.

**ഭീകരവാദത്തിനെതിരെ സമാധാനപ്രതിജ്ഞയും ദേശീയോദ്ഗ്രഥന ദീപം തെളിക്കലും**

സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഭീകരവാദത്തിനെതിരെ ജനമനഃസാക്ഷിയെ ഉണർത്തുവാൻ ആഗസ്റ്റ് 13 ന് കോട്ടയം ഹെഡ് പോസ്റ്റോഫീസ് പടിക്കൽ സമാധാനപ്രതിജ്ഞയും ദേശീയോദ്ഗ്രഥന ദീപം തെളിക്കലും CBCI ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ശ്രീ. ബാബു വള്ളപ്പുര, ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം ശ്രീ. ബിജു മട്ടാഞ്ചേരി, ശ്രീ. ബിനു ഡൊമിനിക്, അതിരൂപതാ ഭാരവാഹികളായ ശ്രീ. ഷെയിൻ ജോസഫ്, ശ്രീ. ജോയി പാറപ്പുറം, ശ്രീ. ജോർജുകുട്ടി മുക്കത്ത്, ശ്രീ. സെബാസ്റ്റ്യൻ പുല്ലാട്ടുകാല, ശ്രീ. ജോസ് ജയിംസ്, ശ്രീ. കുഞ്ഞു കളപ്പുര, ശ്രീ. കുര്യൻ വട്ടമല, ശ്രീ. സാബു എട്ടുമൂല, ശ്രീ. ജോസഫ് കട്ടച്ചിറ എന്നിവർ പ്രസംഗിച്ചു.

ഈ കാലയളവിൽ 6 നേരിട്ടുള്ള മീറ്റിംഗുകളും 2 ഓൺലൈൻ മീറ്റിംഗുകളും സംഘടിപ്പിച്ചു.

**അടുത്ത 4 മാസകാലത്തേക്കുള്ള പ്രവർത്തന കലണ്ടർ**

1. എല്ലാ ഫൊറോനകളിലും ഫൊറോനാ ഡയറക്ടർമാർ അവരവരുടെ യൂണിറ്റിൽ കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരും അതിരൂപത മൊബിലൈസേഷൻ ടീമും ഒരുമിച്ചുള്ള പ്രത്യേകമായ മീറ്റിംഗ് വിളിച്ചുകൂട്ടുന്നു. മീറ്റിംഗ് സംഘടിപ്പിക്കേണ്ട അവസാന തീയതി : 20/09/2022.
2. ഒക്ടോബർ 31 നു മുമ്പ് എല്ലാ ഫൊറോനകളിലും പ്രവർത്തക കൺവൻഷനുകൾ പൂർത്തിയാക്കുവാനുള്ള തീരുമാനം.
3. ആഗസ്റ്റ് 21 മുതൽ ഡിസംബർ 20 വരെയുള്ള കാലയളവിൽ പുതിയ യൂണിറ്റുകൾ, കൂടുതൽ അംഗങ്ങൾ, ആജീവനാന്ത അംഗത്വവിതരണം എന്നിവ നടത്തുവാനും ഇവയിലൂടെ 10000 പുതിയ അംഗങ്ങൾ, 100 പുതിയ യൂണിറ്റുകൾ, 250 ആജീവനാന്ത അംഗങ്ങൾ എന്നിവരെ സംഘടനയുടെ ഭാഗമാകുവാനുള്ള തീരുമാനം.
4. സെപ്റ്റംബർ 10 നു മുമ്പ് ഒഴിവുള്ള ഫൊറോനകളിൽ ഡയറക്ടർ അച്ചന്മാരുടെ നിയമനവും സെപ്റ്റംബർ 30 ന് മുൻപ് ഫൊറോനാ ഡയറക്ടർ അച്ചന്മാരുടെ നേരിട്ടുള്ള സംഗമവും നടത്തുവാനുള്ള തീരുമാനം.

*ശേഷം പേജ് 78 ൽ.....»*

## യുവദീപ്തി എസ്.എം.വൈ.എം.
## ചങ്ങനാശേരി അതിരൂപത

# റവ.ഡോ. ജോർജ് കോലത്ത് സ്മാരക



# യുവ പ്രതിഭാ അവാർഡ്

ചങ്ങനാശേരി അതിരൂപത യുവദീപ്തി - എസ്.എം.വൈ.എം. സുവർണജൂബിലി വർഷത്തിൽ അതിരൂപതാ മുൻ ഡയറക്ടർ റവ.ഡോ. ജോർജ് കോലത്തിന്റെ പൗരോഹിത്യ സുവർണജൂബിലിയോനടുബന്ധിച്ച് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന യുവ പ്രതിഭാ അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

- ചങ്ങനാശേരി അതിരൂപതയിലെ മാതൃകാപരമായ സഭാജീവിതം നയിക്കുന്ന യുവദീപ്തി - എസ്.എം.വൈ.എം. അംഗങ്ങളെയാണ് (അഫിലിയേറ്റ് ചെയ്തവർ മാത്രം) അവാർഡിനായി പരിഗണിക്കുക.
- സ്വന്തമായോ മറ്റൊരാൾക്കുവേണ്ടിയോ അപേക്ഷകൾ നൽകാവുന്നതാണ്.
- സ്വഭാവശുദ്ധി, നേതൃവാസന, പ്രവർത്തനശൈലിയിലുള്ള നൂതനത്വം, മാധ്യമയിടപെടലുകൾ, സംഘടനാപാടവം, സഭയോടുള്ള സമർപ്പണം തുടങ്ങിയവ പരിഗണിച്ചായിരിക്കും അവാർഡ് നൽകുക.
- അപേക്ഷയോടൊപ്പം നേട്ടങ്ങൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെയും സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാകും വിധിനിർണയം നടത്തപ്പെടുക.
- അപേക്ഷകൾ 2022 സെപ്റ്റംബർ 15 നു മുമ്പ് അതിരൂപതാ യുവദീപ്തി - എസ്.എം.വൈ.എം. ഓഫീസിൽ ഏല്പ്പിക്കുക.

YUVADEEPTI SMYM ARCHEPARCHY OF CHANGANACHERRY

ഈശോയിൽ പ്രിയപ്പെട്ടവരേ,

എല്ലാവർക്കും തിരുവോണാശംസകൾ സ്നഹപൂർവം നേരുന്നു. ആഘോഷങ്ങൾ ലഹരിയുടെ ഉന്മത്തതയിൽനിന്ന് അകലംപാലിച്ചുകൊണ്ടായിരിക്കട്ടെ. ആരോഗ്യമാണ് സർവപ്രദാനം. അതിനെ നഷ്ടപ്പെടുത്തിയുള്ള ലഹരിയുടെ സുഖാനുഭൂതിയുടെ ഒടുക്കം കണ്ണീരാകും. ജാഗ്രത തുടരാം.

ലഹരിമുക്തി ആഗ്രഹിക്കുന്നവർക്കായുള്ള കുടുംബവിശുദ്ധീകരണധ്യാനം മാസംതോറും ആത്മതാകേന്ദ്രത്തിന്റെയും കുന്നന്താനം ദൈവപരിപാലന സിസ്റ്റേഴ്സിന്റെയും ആഭിമുഖ്യത്തിൽ ഏറെ ഫലപ്രദമായി സംഘടിപ്പിച്ചുവരുന്നു. ആഗസ്റ്റുമാസത്തിലെ ധ്യാനത്തിൽ 70-ൽ പരം പേർ ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ഈ ധ്യാനത്തിലേയ്ക്ക് ലഹരിവിമോചനം ആഗ്രഹിക്കുന്നവരെ പങ്കെടുപ്പിക്കുവാൻ ബഹു. വൈദികരും സിസ്റ്റേഴ്സും മുൻകൈയെടുക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്ക് പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) ഇരവുചിറ ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം - (കോട്ടയം) അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി - (കോട്ടയം) ചങ്ങനാശേരി പാസ്റ്ററൽ സെന്റർ

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ജൂലൈ 30ന് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളത്തിന്റെ നേതൃത്വത്തിൽ സഹായവിതരണം നടത്തി. ജൂലൈമാസം 48,000 രൂപയുടെ സഹായം നൽകി.

## ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം

ലഹരിവിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാമാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം സൗജന്യമായി നടത്തപ്പെടുന്നു. കൗൺസിലിംഗ് സൗകര്യം ലഭ്യമാണ്. ഈ മാസത്തെ ധ്യാനം 2022 സെപ്റ്റംബർ 11 വൈകിട്ട് 5 ന് ആരംഭിച്ച് 16 ന് ഉച്ചയ്ക്ക് ഒരുമണിക്ക് സമാപിക്കും. ബുക്കിംഗിനുള്ള മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം, പത്തനംതിട്ട
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

## നീതിഞായർ ദിനാചരണവും വിദ്യാർത്ഥികൾക്ക് അനുമോദനവും

ഭാരതത്തിലെ ദലിത് ക്രൈസ്തവർ അനുഭവിക്കുന്ന പട്ടികജാതി സംവരണ നീതി നിഷേധത്തിനെതിരെ CBCI (1986) ആഹ്വാനംചെയ്ത നീതിഞായർ ദിനാചരണം ഡി.സി.എം.എസിന്റെ ആഭിമുഖ്യത്തിൽ എസ്.ബി. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 21 ന് നടത്തപ്പെട്ടു. ദിനാചരണത്തിന്റെ ഉദ്ഘാടനം അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിച്ചു. 'ദലിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യങ്ങൾ നിഷേധിക്കുന്നത് മതവിവേചനം തന്നെയെന്ന്' അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം സ്വാഗതവും പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷതയും വഹിച്ച പൊതുസമ്മേളനത്തിൽ സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ മുഖ്യ പ്രഭാഷണവും വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ നീതിഞായർ സന്ദേശവും നല്കി. ചങ്ങനാശേരി MLA ശ്രീ. ജോബ് മൈക്കിൾ, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജയിംസ് ഇലവുങ്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ഡൊമിനിക് ജോസഫ്, ഡി.സി.എം.എസ്. സെക്രട്ടറി ഷൈജു ജോസഫ്, DCVS പ്രസിഡന്റ് കുമാരി എൻ.ജെ. റോസമ്മ, DCYL പ്രസിഡന്റ് ശ്രീ. ശ്യാം കെ. ജോസഫ് എന്നിവർ സംസാരിച്ചു.

സമ്മേളനത്തിൽ സംസ്ഥാനജലവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിന് ഡി.സി. എം.എസ്. പ്രസിഡന്റ് ശ്രീ. സിജോ ജേക്കബ്, മുതിർന്ന നേതാവ് ശ്രീ. സി.സി. കുഞ്ഞുകൊച്ച് എന്നിവർചേർന്ന് മെമ്മോറാണ്ടം സമർപ്പിച്ചു.

ദിനാചരണത്തോടനുബന്ധിച്ച് 2021-22 വർഷം SSLC, +2 ഡിഗ്രി തലങ്ങളിൽ വിജയിച്ച വിദ്യാർത്ഥികളെ അനുമോദിച്ചു. മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് അഭി. മാർ ജോസഫ് പെരുന്തോട്ടം മെറിറ്റ് സ്കോളർഷിപ്പും മറ്റു വിദ്യാർത്ഥികൾക്ക് അതിരൂപതയിലെ സുമനസുകൾ കുടുംബയോഗങ്ങളുടെ പേരിലും വ്യക്തിപരമായും സ്പോൺസർ ചെയ്ത സ്കോളർഷിപ്പുകളും മെമന്റോയും 97 വിദ്യാർത്ഥികൾക്ക് വിതരണംചെയ്തു. പൊതുസമ്മേളനത്തിനും സ്കോളർഷിപ്പ് വിതരണത്തിനുശേഷം യൂണിറ്റുകളിൽ നിന്നുള്ള കലാപരിപാടികളും അരങ്ങേറി. വിവിധ യൂണിറ്റുകളിൽനിന്നായി അഞ്ഞൂറിൽപരം അംഗങ്ങൾ തദവസരത്തിൽ പങ്കെടുത്തു.

അതിരൂപതയിലെ ദലിത് ക്രൈസ്തവവിദ്യാർത്ഥികൾക്കായുള്ള അഭി. മാർ ജോസഫ് പെരുന്തോട്ടം മെറിറ്റ് സ്കോളർഷിപ്പും മറ്റ് മെമ്മോറിയൽ, കുടുംബയോഗം സ്കോളർഷിപ്പുകളും 2022-23 പ്രവർത്തനവർഷം മുതൽ എല്ലാ വർഷവും നീതിഞായർ ദിനാചരണത്തോടനുബന്ധിച്ച് സമ്മാനിക്കുന്നതായിരിക്കും.

*ശേഷം പേജ് 81 ൽ.....»*

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 802 മതും കൂരിയായുടെ 1042 മതും പ്രാർത്ഥനാസമ്മേളനം ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ 12.06.2022 ൽ പാറേൽ പുരയ്ക്കൽഹാളിൽ കൂടുകയുണ്ടായി.

കോവിഡ് മഹാമാരിമൂലം നീണ്ട കാലാവധിക്കുശേഷം ഭാരവാഹികളുടെ മീറ്റിംഗുകൂടി കാര്യങ്ങൾ വിലയിരുത്തിയശേഷമാണ് വീണ്ടും കമ്മീസിയം പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയത്. കൊറോണ കാലയളവിൽ കമ്മീസിയം കാര്യമായി പ്രവർത്തിച്ചിരുന്നില്ല. ഗവൺമെന്റിന്റെയും ഇടവകയുടെയും നിർദ്ദേശങ്ങൾക്ക് വിധേയപ്പെട്ടുകഴിഞ്ഞുവെങ്കിലും ആത്മീയതയിൽ ഒട്ടും വീഴ്ചയില്ലാതെ നിലനിന്നു. കമ്മീസിയത്തിന്റെ 803 മതും കൂരിയായുടെ 1043 മതും പ്രാർത്ഥനാസമ്മേളനം 10.7.22-ൽ പതിവുപോലെ നടത്തപ്പെട്ടു.

ആഗോള കത്തോലിക്കാസഭയിൽ ലീജിയൻ ഓഫ് മേരി സ്ഥാപിതമായതിന്റെ (1921-2021) ശതാബ്ദിയാഘോഷവും സെപ്റ്റംബർ സമ്മേളനവും സംയുക്തമായി സെപ്റ്റംബർ 11-ന് പാറേൽപള്ളിയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

1921-ൽ അയർലണ്ടിലെ ഡബ്ലിൻ എന്ന നഗരത്തിൽ ഫ്രാങ്ക് ഡഫ് എന്ന അത്മായൻ സ്ഥാപിച്ചതാണ് ലീജിയൻ ഓഫ് മേരി എന്ന ഭക്തസംഘടന. ഇന്ന് ഈ മരിയൻ മൂവ്മെന്റ് വളർന്നുപന്തലിച്ച് ലോകത്തിലെ ഏകദേശം എല്ലാ രാജ്യങ്ങളിലുമായി മൂന്നരമില്യൺ അംഗങ്ങൾ ഉണ്ട്. 1931-ൽ മദ്രാസിൽ ലീജിയന്റെ ഒരു സമിതിയാരംഭിച്ചു. ചങ്ങനാശേരി അതിരൂപതയിലെ ബഹു. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ അച്ചൻ കേരളത്തിലെ പ്രഥമ പ്രസീദിയം പാലാ ളാലം പള്ളിയിലും 1940-ൽ പാറേൽ പള്ളിയിൽ 'അനുഗ്രഹമാതാ' എന്ന നാമത്തിൽ ചങ്ങനാശേരിയിൽ അഭി. മാർ ജയിംസ് കാളാശേരി പിതാവിന്റെ കാലത്ത് സ്ഥാപിക്കുകയും ചെയ്തു. പെണ്ണമ്മ മാറാട്ടുകളം പ്രഥമ പ്രസിഡന്റാണ്.

1953-ൽ ചങ്ങനാശേരി കൂരിയാ ആയും 1955 ഒക്ടോബർ 14 ന് കമ്മീസിയം ആയും ഉയർത്തപ്പെട്ടു. പുണ്യശ്ലോകനായ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് സംഘടനയ്ക്കു നൽകിയ പ്രോത്സാഹനവും അനുഗ്രഹവും അതിരൂപതയിൽ മിക്ക ഇടവകകളിൽ പ്രസീദിയങ്ങൾ സ്ഥാപിക്കാനിടയാക്കി. ലീജിയന്റെ ആദ്യകാലഘട്ട വിജയകാരണങ്ങൾ രൂപതാദ്ധ്യക്ഷന്റെ നിസ്സീമമായ പ്രോത്സാഹനവും പാറേൽ പെറ്റി സെമിനാരിയിൽ അന്നുണ്ടായിരുന്ന വൈദികവിദ്യാർത്ഥികൾ (അവർക്കായി ഒരു പ്രസീദിയം ഉണ്ടായിരുന്നു) ലീജിയൻ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്തിരുന്നുവെന്നതുമാണ്. പിന്നീട് ഇവർ പുരോഹിതരായി അവരുടെ ഇടവക സേവനകാലത്ത് ലീജിയന് പ്രോത്സാഹനം കൊടുക്കുവാൻ ശ്രദ്ധപതിപ്പിക്കുകയും പരിശ്രമിക്കുകയും ചെയ്തിരുന്നു.

ചങ്ങനാശേരി കമ്മീസിയത്തിന്റെ പ്രഥമ ഡയറക്ടർ, സെമിനാരി റെക്ടർകൂടി യായിരുന്ന ബഹു. സിറിയക് തുരുത്തുമാലിൽ അച്ചനായിരുന്നു. തുടർന്ന് റവ. ഫാ. ജെ.ഡി. ടിലാർ, റവ. ഫാ. ജോസഫ് വട്ടക്കളം, റവ. ഫാ. മാത്യു ഞള്ള ത്തുവയലിൽ, റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ, റവ. ഫാ. മാത്യു താന്നിയത്ത്, റവ. ഫാ. മാർട്ടിൻ കുരിശുങ്കൽ, റവ. ഫാ. ജോജോ പുതുവേലിൽ എന്നിവരും ആത്മീയനിയന്താക്കളായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റവ. ഫാ. ജോസഫ് ഇളംതുരുത്തിയിലാണ് ഇപ്പോഴത്തെ ആത്മീയനിയ ന്താവ്. കമ്മീസിയത്തിന്റെ എല്ലാ കാര്യങ്ങൾക്കും അച്ചൻ സമയം കണ്ടെത്തി പങ്കെടുക്കുകയും വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

എല്ലാമാസവും രണ്ടാംഞായറാഴ്ച ഉച്ചകഴിഞ്ഞ് പ്രസീദിയം, കമ്മീസിയം ഭാരവാഹികൾ ബഹു. ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ പാറേൽ പുരയ്ക്കൽ ഹാളിൽ ഒത്തുചേരുകയും ലിജീയന്റെ ക്രമപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തു കയും ചർച്ചകൾ നടത്തി കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തുവരുന്നു.

14.8.22 ൽ കൂടിയ പ്രാർത്ഥനാസമ്മേളനത്തിൽ പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറ എല്ലാ വർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതമാശംസിക്കുകയും തന്റെ രോഗവി വരമറിയിച്ച് പ്രസിഡന്റ് സ്ഥാനത്തുനിന്നും പിന്മാറുകയും ചെയ്തു. പുതിയ പ്രസിഡന്റായി ബ്രദർ വർഗീസ് തട്ടാരടി തെരഞ്ഞെടുക്കപ്പെട്ടു.

2022 സെപ്റ്റംബർ 23, 24, 25 തീയതികളിൽ വിശുദ്ധ ദേവസഹായംപിള്ള നഗർ നെയ്യാറ്റിൻകര കമ്മീസിയത്തിന്റെ ആതിഥേയത്വത്തിൽ നടക്കാനിരിക്കുന്ന ശതാബ്ദിയാഘോഷങ്ങളിൽ സംബന്ധിക്കുവാൻ എല്ലാ പ്രസീദിയം, കമ്മീസിയം ഭാരവാഹികളെയും ക്ഷണിച്ചിട്ടുണ്ട്. അവർ ആവശ്യപ്പെട്ടതനുസരിച്ച് ചങ്ങനാ ശേരി പ്രസീദിയം, കമ്മീസിയം ഭാരവാഹികളുടെ ഫോട്ടോയെടുത്ത് അയച്ചു കൊടുക്കുകയും ചെയ്തു.

സൈനികജപശൃംഖലയ്ക്കുശേഷം ചർച്ചകൾ നടത്തി. നൂറാം വാർഷികാ ഘോഷമായിരുന്നു ചർച്ചാവിഷയം. ലീജിയന്റെ പ്രാർത്ഥനകളെല്ലാം ചൊല്ലി തീർന്നശേഷം ഏകദേശം നാലുമണിയോടുകൂടി ബഹു. ഡയറക്ടറച്ചന്റെ അനു ഗ്രഹാശീർവാദം സ്വീകരിച്ച്, പരസ്പരം സ്തുതിചൊല്ലി സ്വഭവനങ്ങളിലേയ്ക്ക് തിരിച്ചുപോയി. ഏകദേശം 80 സൈനികർ പങ്കെടുത്തു.

കമ്മീസിയത്തിനുവേണ്ടി,

**സി. ജെമിനി സുരേഷ് കണ്ണമ്പള്ളി**
(സെക്രട്ടറി)

**ഫാ. ജോസഫ് ഇളംതുരുത്തിയിൽ**
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

SFO

"സമാധാനം - സൗഭാഗ്യം"

# ഫ്രാൻസിസ്കൻ അല്മായസഭ

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങൾക്കും പഠനത്തിനും ധ്യാനത്തിനുമായി SFO സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക ''നിയമാവലിയും ജീവിതക്രമവും'' തുടർച്ച: കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്കു വി. ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം.

തപശ്ചര്യയുടെ സഹോദരീസഹോദരന്മാർ എന്ന പദവിയിലേയ്ക്കുള്ള അവരുടെ വിളി മുൻനിർത്തിയും സുവിശേഷത്തിന്റെ ചലനാത്മക ശക്തിയിൽ പ്രബുദ്ധരായും സുവിശേഷത്തിൽ മാനസാന്തരം എന്ന് നിർദ്ദേശിക്കപ്പെടുന്ന ആന്തരികമായ സമൂല ഹൃദയപരിവർത്തനത്തിൽകൂടി അവരുടെ വാക്കുകളും പ്രവർത്തികളും മിശിഹായുടെ വാക്കുകളോടും പ്രവർത്തികളോടും അനുരൂപപ്പെടുത്തണം. മാനുഷികമായ ദൗർബല്യങ്ങൾ ഈ മാനസാന്തര പ്രക്രിയ അനുദിനം ആവശ്യമാക്കിത്തീർക്കുന്നുണ്ടല്ലോ. ഈ നവീകരണത്തിൽ സ്വർഗീയ പിതാവിന്റെ കാരുണ്യത്തിന്റെയും വരപ്രസാദസ്രോതസ്സിന്റെയും അനുഗ്രഹം തികഞ്ഞ ഒരടയാളമാണ് അനുരഞ്ജനത്തിന്റെ കൂദാശയായ പാപസങ്കീർത്തനം.

പിതാവായ ദൈവത്തിന്റെ യഥാർത്ഥ ആരാധകനായിരുന്ന ഈശോയെപ്പോലെ അവരുടെ സത്തയുടെയും പ്രവൃത്തികളുടെയും ആത്മാവ് പ്രാർത്ഥനയും ധ്യാനവും ആയിരിക്കട്ടെ. അവർ തിരുസഭയുടെ കൗദാശികജീവിതത്തിൽ വിശിഷ്യ വി. കുർബാനയിൽ പങ്കുകൊള്ളണം. തിരുസഭ നിർദ്ദേശിക്കുന്ന ഏതെങ്കിലും വിധത്തിലുള്ള ഔദ്യോഗികപ്രാർത്ഥനയിൽ, മിശിഹായുടെ ജീവിത രഹസ്യങ്ങളെ വീണ്ടും സജീവമാക്കിക്കൊണ്ട് അവർ സംബന്ധിക്കണം.

ദൈവത്തിന്റെ വിനീതദാസിയായ പരി. കന്യകാമറിയം അവിടുത്തെ ഓരോ വചനത്തിനും വിളിക്കും ഹൃദയംതുറന്ന് സ്വാഗതംനൽകി. വി. ഫ്രാൻസിസ് അവർണ്ണനീയമായ സ്നേഹത്തോടെ ദൈവമാതാവിൽ ആശ്രയിക്കുകയും തന്റെ ആദ്ധ്യാത്മിക കുടുംബത്തിന്റെ സംരക്ഷകയും മധ്യസ്ഥയും ഈ മാതാവാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ദൈവമാതാവ് സ്വയം ദൈവത്തിനു സമർപ്പിച്ചത് അനുകരിച്ചുകൊണ്ടും തീക്ഷ്ണതയോടും വിശ്വാസത്തോടുംകൂടി പ്രാർത്ഥിച്ചുകൊണ്ടും നമ്മുടെ സ്വർഗീയ അമ്മയോടുള്ള തീവ്രമായ സ്നേഹം ഫ്രാൻസിസ്ക്കൻ അല്മായ സഭാംഗങ്ങൾ പ്രകടിപ്പിക്കണം.

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെ എല്ലാ മംഗളങ്ങളും നേരുന്നു. പരി. അമ്മയുടെ മധ്യസ്ഥതയാൽ എല്ലാവർക്കും ധാരാളം അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. അഭിമാനത്തോടുകൂടി പരിശുദ്ധ അമ്മയിൽ നമുക്കു ശരണം വയ്ക്കാം. നമ്മുടെ ദേശീയോത്സവമായ ഓണത്തിന്റെ സന്തോഷവും ഐശ്വര്യവും സമൃദ്ധിയും എല്ലാവർക്കും ആശംസിക്കുന്നു.

**സ്വർഗപ്രവേശം**

ചങ്ങനാശേരി അതിരൂപത വാഴപ്പള്ളി റീജൺ തുരുത്തി മർത്ത് മറിയം ഭ്രാതൃത്വാംഗം സഹോദരൻ വേഴയ്ക്കാട്ട് വി.ജെ. ജോർജ് സ്വർഗപ്രാപ്തിക്കായി യാത്രയായി. സഹോദരനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** (പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap. (സ്പിരിച്ച്വൽ അസിസ്റ്റന്റ്)




ചങ്ങനാശേരി അതിരൂപത

കെ.സി.എസ്.എൽ.

# റവ.ഡോ.ജോർജ് കോലത്ത് മെമ്മോറിയൽ

# പ്രസംഗമത്സരം

2022 SEP **17** SATURDAY @ 9.30AM

ഒന്നാം സമ്മാനം ₹10,000/-

രണ്ടാം സമ്മാനം ₹7,500/-

മൂന്നാം സമ്മാനം ₹5,000/-

കൂടാതെ പ്രശസ്തിപത്രവും

**വിഷയങ്ങൾ :**

1. കേരള പൊതു വിദ്യാഭ്യാസ പാഠ്യക്രമവും അവഗണിക്കപ്പെടുന്ന ക്രൈസ്തവ ചരിത്രവും.
2. ക്രൈസ്തവസംഭാവനകൾ വിസ്മരിച്ച് പൊതുബോധ നിർമ്മിതിക്ക് ശ്രമിക്കുന്ന ഭരണകൂടങ്ങൾ.

സ്ഥലം : സെന്റ് ജോസഫ്സ് ജി.എച്ച്.എസ്.എസ്., ചങ്ങനാശേരി

REGISTRATION FEES : ₹100/-

FOR REGISTRATION : G Pay 9497197119

*REGISTRATIONS ARE NOT ALLOWED AFTER 10 SEPTEMBER

- ഒരു ഇടവകയിൽ/സ്കൂളിൽ നിന്നും ഒരാൾക്കു മാത്രം പങ്കെടുക്കാം.
- ആൺ പെൺ വ്യത്യാസമില്ല.
- ഹൈസ്കൂളിലെ കത്തോലിക്കാവിദ്യാർത്ഥികൾക്കു മാത്രമാണ് മത്സരം.
- രണ്ട് വിഷയങ്ങളിൽനിന്ന് ഒരു വിഷയം നറുക്കെടുത്ത് മത്സരസമയത്ത് നൽകുന്നതാണ്.

If any queries +91 7306157185

# വിൻസെൻഷ്യൻ വേദി

*''നാം പാവപ്പെട്ടവരുടെ സേവകരാണ്,
അവർക്കുവേണ്ടിയാണ് ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നത്''*
(വി. വിൻസെന്റ് ഡി പോൾ)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമുള്ള മാസമാണല്ലൊ സെപ്റ്റംബർ. പരി. അമ്മയുടെ ജനനത്തിരുനാളിനൊപ്പം, നമ്മുടെ സംഘടനയുടെ സ്വർഗീയമദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും സംഘടനാസ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും തിരുനാളുകൾ ഈ മാസം ആചരിക്കുകയാണല്ലൊ. കോൺഫ്രൻസ് /ഏരിയാ കൗൺസിൽ തലങ്ങളിൽ തിരുനാളുകളുടെ ഉചിതമായ ആചരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും തിരുനാളുകളുടെയും തിരുവോണത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവമാശംസിക്കുന്നു. ഈ വിശുദ്ധരുടെ തിരുനാളുകൾ ആചരിക്കുമ്പോൾ അവരുടെ ജീവിതം ധ്യാനിക്കുവാനും അവർ നല്കിയ മാതൃകകൾ സ്വന്തമാക്കുവാനും നമുക്കു സാധിക്കണം.

മിശിഹായുടെ സ്വഭാവം സ്വന്തമാക്കിയ വിശുദ്ധരുടെ കൈപിടിച്ച് അവർ തെളിച്ച പാതയിലൂടെ നാം നടക്കുമ്പോൾ എത്തിച്ചേരുക മിശിഹായിലാണ്. അസാധാരണമായ ആത്മീയതയുടെ ഉടമയായിരുന്നല്ലൊ വി. വിൻസെന്റ് ഡി പോൾ. ഒത്തിരിയേറെ സഹനങ്ങളിലൂടെ അദ്ദേഹത്തിനു കടന്നുപോകേണ്ടി വന്നിട്ടുണ്ട്. തന്റെയുള്ളിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹാഗ്നി ഈ സഹനങ്ങളെ ഏറ്റെടുക്കുവാനും അവ മറ്റുള്ളവർക്ക് അനുഗ്രഹപ്രദമാക്കുവാനും അദ്ദേഹത്തെ കരുത്തനാക്കി. സാധാരണജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ട് അവരുടെ സങ്കടങ്ങളും നൊമ്പരങ്ങളും സ്വന്തമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. തന്റെ സഹായം ആവശ്യമായ ആരെയും അവഗണിച്ചില്ല. മൗനത്തിന് ഏറെ പ്രാധാന്യം നല്കിയിരുന്ന ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ''മൗനം പാലിക്കുകയെന്നത് ദൈവവുമായി സമ്പർക്കം പുലർത്തുകയെന്നല്ലാതെ മറ്റൊന്നുമല്ല. സുവ്യക്തമായി ദൈവസ്വരം കേൾക്കാൻ സാധിക്കുന്നത് ആരും നമ്മെ തുറിച്ചുനോക്കാത്ത പ്രശാന്തസുന്ദരമായ ഏകാന്തതയിൽ മാത്രമാണ്'' എന്നാണ് മൗനത്തെപ്പറ്റി പറഞ്ഞിരുന്നത്. ലാളിത്യം, വിനയം, സൗമ്യത, ആത്മസംയമനം, മനുഷ്യരക്ഷയിലുള്ള ശുഷ്ക്കാന്തി എന്നീ പഞ്ചസുകൃതങ്ങൾ സ്വയം അഭ്യസിക്കുകയും അവ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ തന്റെ ശിഷ്യരെ അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. മറ്റുള്ളവരെ ആകർഷിക്കുന്ന, ഹൃദ്യതയോടെ സ്വീകരിക്കുന്ന ശാന്തമായ ഒരു മാന്യപ്രകൃതി നമുക്കുണ്ടാവണം. ''ഒരുവനിൽ മിശിഹായുടെ അരൂപി കുടികൊള്ളുന്നുണ്ടോ എന്നറിയാൻ അവൻ ശാന്തനാണോ എന്നു നോക്കിയാൽ മതി'' എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. വി. വിൻസെന്റ് ദരിദ്രരുടെ സഹായി മാത്രമായിരുന്നില്ല, മനോഗുണപ്രവൃത്തികൾ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. നന്മ നിറഞ്ഞ മനസോടെ നല്ലതു ചെയ്യാനും അതിനു മറ്റുള്ളവരെ പ്രേരിപ്പിക്കാനും അവർക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുവാനും നമുക്കു സാധിക്കണം.

വി. വിൻസെന്റിൽ വിളങ്ങിയിരുന്ന പ്രേഷിതചൈതന്യമാണല്ലൊ വാഴ്ത്തപ്പെട്ട ഫ്രെഡറിക്കിനെയും സുഹൃത്തുക്കളെയും നമ്മുടെ സൊസൈറ്റിയുടെ

രൂപീകരണത്തിന് പ്രേരിപ്പിച്ചത്. മിശിഹായുമായി വ്യക്തിപരമായ ബന്ധം പുലർത്തി സുവിശേഷദൗത്യം നിർവഹിക്കാൻ വിളിക്കപ്പെട്ടവരാണ് ഓരോ സംഘടനാംഗവുമെന്നാണ് ഫ്രെഡറിക് അംഗങ്ങളെ ഉപദേശിച്ചിരുന്നത്. 40 വയസുവരെയുള്ള ചെറിയകാലയളവിൽ വലിയ മാതൃകനല്കി കടന്നുപോയ വ്യക്തിയാണ് ഫ്രെഡറിക് ഓസാനാം. 1997 ആഗസ്റ്റ് 22 ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതിന്റെ 25-ാം വാർഷികം നാം ആചരിക്കുകയാണ്. അദ്ദേഹത്തെ വിശുദ്ധപദവിയിലേക്ക് ഉയർത്തണമെന്ന നിയോഗവുമായി സംഘടനാംഗങ്ങൾ എല്ലാ മാസവും 23-ാം തീയതി ഉപവാസദിനമായി ആചരിക്കണമെന്ന നിർദ്ദേശം എല്ലാവരിലുമെത്തിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഈ വർഷത്തെ എട്ടുനോമ്പാചരണത്തിലും പ്രസ്തുത നിയോഗം ഉൾപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.

വാഴപ്പള്ളി കോൺഫ്രൻസ് അംഗം ബ്രദർ സക്കറിയാസ് തോമസ് ഉപ്പുകുന്നേൽ, സി.സി.യുടെ മുൻ ട്രഷറർ എ.ഒ. മത്തായി സാറിന്റെ മകൻ ജിജോ മാത്യു എന്നിവരുടെ വേർപാടിൽ സംഘടനാംഗങ്ങളുടെ പേരിൽ അനുശോചനം അറിയിക്കുകയും കുടുംബാംഗങ്ങളെ പ്രത്യേകം ഓർത്തുപ്രാർത്ഥിക്കുകയും ചെയ്യുന്നു. തിരുവനന്തപുരം ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡന്റ് ബ്രദർ ഷിജോ സേവ്യറിന് ആശംസകളും സി.സി.ലേക്ക് സ്വാഗതവും മുൻ പ്രസിഡന്റ് ബ്രദർ എം.എം. ജോസഫിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

---

» ***കത്തോലിക്കാ കോൺഗ്രസ് തുടർച്ച...***

5. നവംബർ 30ന് മുമ്പ് എല്ലാ യൂണിറ്റുകളിലും വിപുലമായ രീതിയിൽ പ്രവർത്തക കൺവൻഷൻ നടത്തുവാനും എല്ലാ യൂണിറ്റുകളിൽനിന്നും 2 വീതം യൂത്ത്, വനിതാ കോർഡിനേറ്റർമാരെ തെരഞ്ഞെടുക്കുവാനുമുള്ള തീരുമാനം.
6. ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 5 വരെയുള്ള 10 ദിവസക്കാലം വി. മദർ തെരേസയുടെ പേരിൽ യൂത്ത് കൗൺസിൽ സംഘടിപ്പിക്കുന്ന 'കാരുണ്യ ഉത്സവം' വിജയിപ്പിക്കുവാൻ എല്ലാവിധ സഹകരണങ്ങളും നൽകുവാനുള്ള തീരുമാനം.
7. ഡിസംബർ 20 വരെയുള്ള നാലുമാസക്കാലം പൂർണമായും സംഘടനയുടെ ശാക്തീകരണത്തിനായി മാറ്റിവയ്ക്കാനുള്ള തീരുമാനം.
8. യൂണിറ്റ് മൊബിലൈസേഷൻ, ഫണ്ട് സ്വരൂപണം എന്നിവയ്ക്ക് പ്രത്യേകമായി പ്രസിഡന്റ്, ഡയറക്ടർ, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ 15 അംഗ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

സ്നേഹത്തോടെ,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജന. സെക്രട്ടറി) |

## അധികം തരും പുഴ ഒരു കോടി ലഭിച്ചു

രക്താർബുദം ബാധിച്ച കുരുന്നിന്റെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സാമ്പത്തികസഹായത്തിനായി കൈകോർത്ത് അതിരമ്പുഴ. അതിരമ്പുഴ കീഴേടത്ത് ജസ്റ്റിന്റെയും ജിൻസിയുടെയും മകനായ 6 വയസുകാരൻ ജറോമിനുവേണ്ടിയാണ് അതിരമ്പുഴ പഞ്ചായത്തിലെ 22 വാർഡുകളിൽ ചങ്ങനാശേരി പ്രത്യാശ ടീമിന്റെ നേതൃത്വത്തിൽ ധനസമാഹരണത്തിനിറങ്ങിയത്. 30 ലക്ഷം പ്രതീക്ഷിച്ചിറങ്ങിയ സന്നദ്ധപ്രവർത്തകർക്ക് 9046658 ലക്ഷം രൂപ സമാഹരിക്കാൻ കഴിഞ്ഞു. അടിയന്തിരമായി മജ്ജ മാറ്റിവയ്ക്കൽ നടത്തണമെന്ന് ഡോക്ടർമാർ അറിയിച്ചതോടെയാണ് കുടുംബത്തിനായി നാട് കൈകോർത്തത്. അതിരമ്പുഴ ഇടവകക്കാരുടെയും അതിരമ്പുഴ നിവാസികളുടെയും അകമഴിഞ്ഞ സഹകരണമാണ് ഇതു സാധ്യമാക്കിയത്.

## ചേർത്തലയുടെ കാരുണ്യസ്പർശം

ചേർത്തല നഗരസഭ വാർഡ് 11 ൽ സജി-ഷീബ ദമ്പതികളുടെ ഏക മകനായ സൻജിൻ (16) ഇരുവൃക്കകളും തകരാറിലായി ചികിത്സയിലായിരുന്നു. അടിയന്തിരമായി വൃക്ക മാറ്റിവച്ചാൽ മാത്രമേ കുട്ടിയുടെ ജീവൻ നിലനിർത്താൻ കഴിയൂ എന്ന സാഹചര്യം വന്നപ്പോൾ കുടുംബം പ്രത്യാശ ടീം അംഗങ്ങളെ സമീപിക്കുകയായിരുന്നു. രോഗിയായ കുട്ടിയുടെ പിതാവിന് ഭീമമായ തുക കണ്ടെത്തുക അസാധ്യമായിരുന്നു. പ്രത്യാശ ടീം 50 ലക്ഷം ലക്ഷ്യം വച്ച് ധനസമാഹരണം നടത്തി 5 മണിക്കൂർ കൊണ്ട് ചേർത്തലക്കാർ കനിഞ്ഞു നൽകിയത് 52 ലക്ഷം രൂപ.

## നിത്യയെ ഹൃദയത്തോടുചേർത്ത് വിജയപുരം നിവാസികൾ

വിജയപുരം 14-ാം വാർഡിൽ താമസിക്കുന്ന നിത്യ പ്രസാദ് (25) ഒരു വർഷമായി രണ്ടു വൃക്കകളും തകർന്ന് ചികിത്സയിലാണ്. ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കുമായി 20 ലക്ഷം രൂപ ആവശ്യമായിരുന്നു. ആ നിർധന കുടുംബത്തിന് ഈ തുക താങ്ങാൻ കഴിയുന്നതായിരുന്നില്ല. ഇതു മനസിലാക്കിയ ചങ്ങനാശേരി പ്രത്യാശ ടീം സഹായം നൽകാനുള്ള ദൗത്യം ഏറ്റെടുത്തു. വിജയപുരത്തെ 11 വാർഡുകളിൽ നിന്നായി 5 മണിക്കൂർ കൊണ്ട് തുക കണ്ടെത്താനായിരുന്നു ശ്രമം. എന്നാൽ, 20 ലക്ഷത്തിന് പകരം 25 ലക്ഷം കണ്ടെത്താൻ പ്രത്യാശ ടീം പ്രവർത്തകർക്ക് സാധിച്ചു.

## അൽ അമാൻ തിരികെ ജീവിതത്തിലേക്ക്

തിരുവാർപ്പ് പഞ്ചായത്ത് 8-ാം വാർഡിലെ അൽ അമാൻ എന്ന 4 വയസുകാരൻ കിഡ്നി രോഗംമൂലം വളരെനാളായി ചികിത്സയിലായിരുന്നു. രോഗം മാറുന്നതിനുള്ള ഏക പോംവഴി വൃക്ക മാറ്റിവയ്ക്കലായിരുന്നു. അൽ അമാന്റെ മാതാവ് കിഡ്നി നൽകാൻ തയ്യാറായിരുന്നെങ്കിലും ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമുള്ള പണം കണ്ടെത്തുവാൻ ഈ നിർധന കുടുംബത്തിന് സാധിക്കാതെ വന്നപ്പോൾ ചങ്ങനാശേരി പ്രത്യാശ ടീം അംഗങ്ങളെ സമീപിക്കുകയാ

യിരുന്നു. തുടർന്ന് തിരുവാർപ്പ് പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നായി 10 ലക്ഷം ലക്ഷ്യംവച്ച് ധനസമാഹരണത്തിനിറങ്ങിയ പ്രത്യാശ ടീമിന് സമാഹരിക്കാനായത് 21 ലക്ഷം.

### നജീബിനായി കൈകോർത്ത് തൃക്കൊടിത്താനം

തൃക്കൊടിത്താനം പഞ്ചായത്ത് 18-ാം വാർഡിലെ മുല്ലശ്ശേരിൽ നജീബ് എം. ഇരുവൃക്കകളും തകരാറിലായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ദീർഘകാലമായി ചികിത്സയിലായിരുന്നു. എന്നാൽ, വൃക്ക മാറ്റിവക്കലിനും തുടർചികിത്സക്കുമായി പണമില്ലാതെ വലയുമ്പോളാണ് പ്രത്യാശ ടീമും തൃക്കൊടിത്താനം നിവാസികളും കാരുണ്യത്തിന്റെ കരങ്ങളുമായി എത്തിയത്. 10 ലക്ഷം ആവശ്യമായിരുന്നിടത്ത് തൃക്കൊടിത്താനംകാരുടെ കാരുണ്യംകൊണ്ട് 13.5 ലക്ഷം സമാഹരിക്കാൻ സാധിച്ചു.

### മണിക്കുട്ടനായി കൈകോർത്ത് അകലക്കുന്നം

അകലക്കുന്നം പഞ്ചായത്ത് 15-ാം വാർഡിലെ മണിക്കുട്ടൻ കവലയ്ക്കലിന് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമായി 20 ലക്ഷം രൂപ അനിവാര്യമായിരുന്നു. പക്ഷേ, ഇത്രയും ചിലവേറിയ ശസ്ത്രക്രിയയും തുടർചികിത്സയും നിർധനരായ ഈ കുടുംബത്തിന് സ്വപ്നം കാണാവുന്നതിനുമപ്പുറമായിരുന്നു. ചികിത്സാചെലവുകൾക്ക് പണമില്ലാതെ വലയുന്ന കുടുംബത്തെ സഹായിക്കാൻ പ്രത്യാശ ടീമംഗങ്ങൾ തയ്യാറായി. അകലക്കുന്നം ഗ്രാമപഞ്ചായത്ത് നിവാസികളുടെ സഹായത്തോടെ 5 മണിക്കൂർകൊണ്ട് 24 ലക്ഷത്തോളംരൂപ സമാഹരിക്കാൻ പ്രത്യാശ ടീമിന് സാധിച്ചു.

### കലേഷിന് ഇനി വൃക്ക മാറ്റിവെക്കാം

പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ആറുപറച്ചിറ കലേഷ് രണ്ടു കിഡ്നികളും പ്രവർത്തനരഹിതമായി വളരെനാളായി ചികിത്സയിലായിരുന്നു. ജീവൻ നില നിർത്തുവാൻ കിഡ്നി മാറ്റിവക്കൽ അനിവാര്യമായിവന്നു. എന്നാൽ, ആ നിർധന കുടുംബത്തിന്റെ വേദനയറിഞ്ഞ് പ്രത്യാശ ടീം കടന്നുവന്നു. പുളിങ്കുന്ന് പഞ്ചായത്തിൽനിന്ന് അവിടുത്തെ പ്രദേശവാസികളുടെ സഹായത്താൽ 5 മണിക്കൂർകൊണ്ട് 5 ലക്ഷത്തിനു പകരം 5.3 ലക്ഷം സമാഹരിക്കാൻ പ്രത്യാശ ടീം പ്രവർത്തകർക്ക് സാധിച്ചു.

### ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയർ കുട്ടനാട്ടിലേക്കും

രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ കുട്ടനാട്ടിലേക്കുകൂടി വ്യാപിപ്പിച്ചു. കുട്ടനാട്ടിലെ പാവപ്പെട്ട രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് പാലിയേറ്റീവ് കെയർ നൽകിവരുന്നു. മാത്രമല്ല അവരുടെ ആവശ്യങ്ങൾ മനസിലാക്കി ഭക്ഷ്യകിറ്റുകൾ, ധനസഹായം, ആശുപത്രി ഉപകരണങ്ങൾ (എയർ ബെഡ്, വീൽ ചെയർ, വോക്കിങ് സ്റ്റിക്ക്, ഡയപ്പേഴ്സ്) മുതലായവ ആവശ്യങ്ങൾക്ക് അനുസരിച്ച് എത്തിച്ചുനൽകുന്നു.

പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ഈ മാസവും 25 രോഗികളുടെ ഭവനങ്ങളിൽ ഭക്ഷ്യകിറ്റും ചികിത്സാസഹായവും എത്തിച്ചുനൽകി.

### 100 ഡയാലിസിസ് കൂപ്പണുകൾ വിതരണം ചെയ്തു

ജിമ്മി പടനിലം സെന്ററിന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന പേരിൽ നടത്തിവരുന്ന സൗജന്യ ഡയാലിസിസ് പദ്ധതി വഴി ഈ മാസവും 100 ഡയാലിസിസുകൾ സൗജന്യമായി ചെയ്തുനൽകി. ഡോ. ജോർജ് പടനിലത്തിന്റെ സഹായത്തോടെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിവഴിയാണ് സൗജന്യ ഡയാലിസിസുകൾ ചെയ്തുവരുന്നത്. നിർധനരായ വൃക്കരോഗികളെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയാണ് സൗജന്യ ഡയാലിസിസ് കൂപ്പൺ നൽകുന്നത്.

### പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്

ചാരിറ്റി വേൾഡ് ട്രസ്റ്റും തുരുത്തി ആലഞ്ചേരി മറിയാമ്മ ഫിലിപ്പോസ് ഫൗണ്ടേഷനും സംയുക്തമായി നടത്തിവരുന്ന 'പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്' പദ്ധതിയുടെ ഭാഗമായി ഈ മാസവും ഭക്ഷ്യകിറ്റുകൾ വിതരണംചെയ്തു. ചങ്ങനാശേരി താലൂക്കിൽ സാമ്പത്തികമായി ക്ലേശമനുഭവിക്കുന്ന കുടുംബങ്ങൾക്കാണ് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തത്.

### അന്നദാനം ഒൻപതാം മാസത്തിലേക്ക്

ചങ്ങനാശേരി ജനറൽ ആശുപത്രിയിലും ആയുർവേദ ആശുപത്രിയിലുമായി നിർധനരോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന അന്നദാനം പദ്ധതി വിജയകരമായി മുന്നേറുകയാണ്. പ്രതിദിനം 300 പേർക്ക് ആഹാരം നൽകാൻ ഈ പദ്ധതിക്കാവുന്നുണ്ട്. സുമനസുകളുടെ സഹായത്താൽ ഒരു ദിവസംപോലും മുടങ്ങാതെ അന്നദാനം നൽകാൻ ചാരിറ്റി വേൾഡിന് സാധിക്കുന്നു. നിസ്വാർത്ഥരായ കുറേയധികം സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിലാണ് ആഹാരം തയ്യാറാക്കുന്നതും ആളുകൾക്ക് എത്തിച്ചു നൽകുന്നതും.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

---

» *ദലിത് കത്തോലിക്കാ മഹാജന സഭ തുടർച്ച...*

### പ്രതിഷേധധർണ

ദലിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട നടപടിയിൽ പ്രതിഷേധിച്ച് KCBC ആഹ്വാനം ചെയ്ത കരിദിനാചരണത്തോടനുബന്ധിച്ച് DCMS സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം തിരുനക്കര മൈതാനത്ത് ആഗസ്റ്റ് 10 ന് രാപ്പകൽ പ്രതിഷേധധർണ സംഘടിപ്പിച്ചു. DCMS സംസ്ഥാന പ്രസിഡന്റ് ശ്രീ. ജയിംസ് ഇലവുങ്കൽ ഉദ്ഘാടനം ചെയ്ത ധർണയിൽ ചങ്ങനാശേരി അതിരൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, പ്രസിഡന്റ് ഡോ. സിജോ ജേക്കബ് എന്നിവർ സംസാരിച്ചു. അതിരൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നും മുപ്പതോളം അംഗങ്ങൾ ധർണയിൽ പങ്കെടുത്തു.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

***"പിന്നെ അവൻ മലമുകളിലേയ്ക്ക് കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേയ്ക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാനയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു."***

(മർക്കോസ് 3:13)

ദൈവകൃപയാൽ ചങ്ങനാശേരി കരിസ്മാറ്റിക് സോണിന്റെ നേതൃപുനഃസംഘടന വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞു. ആഗസ്റ്റുമാസം ഒന്നാംതീയതി 9 am ന് ആരംഭിച്ച ചടങ്ങുകൾക്ക് KCSC സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ നേതൃത്വം നൽകി. തദവസരത്തിൽ ചങ്ങനാശേരി സോൺ മുൻ ഡയറക്ടർ ബഹു. മാത്യു താന്നിയത്ത് അച്ചന് സമുചിതമായ യാത്രയയപ്പ് നൽകി. ഭാരിച്ച ഇടവക ഉത്തരവാദിത്വവും ആരോഗ്യപ്രശ്നങ്ങളുമാണ് ഈ സ്ഥാനത്തുനിന്നും പിന്മാറാൻ അച്ചനെ നിർബന്ധിതനാക്കിയത്. പുതിയ ഡയറക്ടറായി രൂപതാ അധികാരികൾ നിയമിച്ച ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ ബഹു. താന്നിയത്ത് അച്ചനെ പൊന്നാടയണിയിച്ച് ആദരിച്ചു. കഴിഞ്ഞ പത്തുവർഷക്കാലം ചങ്ങനാശേരി സോണിനെ ഒന്നുമില്ലായ്മയിൽനിന്നും ഇന്നത്തെ അവസ്ഥയിലേയ്ക്ക് ഉയർത്തി എടുക്കാൻ നേതൃത്വംനൽകിയ അച്ചന്റെ പ്രവർത്തനങ്ങളെ സ്മരിച്ചുകൊണ്ട് KCSC അസിസ്റ്റന്റ് കോർഡിനേറ്റർ സെബാസ്റ്റ്യൻ താന്നിയ്ക്കലും ചങ്ങനാശേരി സോൺ കോർഡിനേറ്റർ മോൻ ചെത്തിമറ്റവും ഹൃദയപൂർവം നന്ദിയർപ്പിച്ചു. ശേഷം ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ പുതിയ ഡയറക്ടർസ്ഥാനം ഏറ്റെടുത്ത് സംസാരിച്ചു. ബഹു. മാത്യു താന്നിയത്ത് അച്ചൻ മറുപടി പ്രസംഗത്തിൽ സോണിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയും ആശീർവാദവും നേർന്നുകൊണ്ട് പുതിയ ഡയറക്ടർ അച്ചനെ പൊന്നാട അണിയിച്ച് സ്വീകരിച്ചുകൊണ്ട് എല്ലാവർക്കും മധുരം വിളമ്പി.

തുടർന്ന് സോണൽ നേതൃത്വത്തിന്റെ പുനഃസംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചു. മൂന്നു ഘട്ടങ്ങളായി നടന്ന അവസാനഘട്ടത്തിൽ ദിവ്യകാരുണ്യ ആരാധനയുടെ മദ്ധ്യത്തിൽ കോർഡിനേറ്ററായി മോൻ ചെത്തിമറ്റം, സെക്രട്ടറി ആയി ആന്റണി പി.കെ. കല്ലുപുരയ്ക്കൽ, ട്രഷറർ ആയി സിബിച്ചൻ ഉപ്പുകുന്ന്, മെമ്പർമാരായി ജോർജുകുട്ടി ചേന്നാട്ടുശേരി, ജോജി സിറിയക് നെല്ലുവേലി, മഞ്ചു മാത്തൂർ, ലില്ലികുട്ടി തോമസ്, ലൂസിയാമ്മ തോമസ്, റൂബിമോൾ ചൂരവടി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതായി ഡയറക്ടർ ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ പ്രഖ്യാപിച്ചു. ചെത്തിപ്പുഴ എസ്.എച്ച്. ഹാളിൽ നടത്തപ്പെട്ട ചടങ്ങിൽ നൂറിലധികം സഹോദരങ്ങൾ പങ്കെടുത്തു. 6 pm ന് ചടങ്ങുകൾ അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**



# ക്രൈസ്തവജീവിതം

(തിരുവചനഭാഗം: റോമാ 7, 1–25)

മാമ്മോദീസായിലൂടെ തുടക്കംകുറിക്കുന്ന മിശിഹായിലുള്ള ജീവിതവും പഴയനിയമാധിഷ്ഠിത ജീവിതവും തമ്മിലുള്ള വ്യത്യാസമാണ് ഈ ലേഖന ഭാഗം വ്യക്തമാക്കുന്നത്. ഈ വചനഭാഗത്തെ അഞ്ചായി വിഭജിക്കാം.

1. യഹൂദനിയമവും ക്രൈസ്തവജീവിതവും (7,1–6)
2. നിയമത്തിന്റെ സ്വാധീനം (7,7–12)
3. പാപത്തിന്റെ സ്വാധീനം (7,13–21)
4. ദൈവത്തിന്റെ നിയമവും മനസിന്റെ നിയമവും (7,22–24)
5. ഈശോമിശിഹാ വിമോചകൻ (7,25)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശം നമുക്കു ധ്യാനവിഷയമാക്കാം.

### 1. യഹൂദനിയമവും ക്രൈസ്തവജീവിതവും

*''അതുപോലെ എന്റെ സഹോദരരേ, മിശിഹായുടെ ശരീരം മുഖേന നിയമത്തിനു നിങ്ങൾ മരിച്ചവരായി. ഇത് നിങ്ങൾ മരിച്ചവരിൽനിന്നുയിർപ്പിക്കപ്പെട്ടവന്റെ സ്വന്തമാകേണ്ടതിനും അങ്ങനെ നാം ദൈവത്തിനുവേണ്ടി ഫലം പുറപ്പെടുവിക്കേണ്ടതിനുമത്രേ. നാം ശാരീരികാഭിലാഷങ്ങൾക്കനുസരിച്ചു ജീവിച്ചിരുന്നപ്പോൾ മരണത്തിനുവേണ്ടി ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നിയമംവഴി പാപകരമായ ദുരാശകൾ നമ്മുടെ അവയവങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോഴാകട്ടെ, നാം നമ്മെ അടിമപ്പെടുത്തിയിരുന്നതിനു മരിച്ച് നിയമത്തിൽനിന്നു മോചിതരായി. ഇത് ആത്മാവിന്റെ പുതുമയിൽ, നിയമത്തിന്റെ പഴമയിലല്ല, നാം ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടിയാണ്''* (7,4–6).

ക്രൈസ്തവജീവിതത്തിലേക്കു പ്രവേശിച്ചവർ യഹൂദനിയമത്തിനു വിധേയപ്പെടേണ്ട ആവശ്യമില്ല. യഹൂദനിയമാനുസൃതം ജീവിക്കുകയും വേണ്ടാ എന്നത് പൗലോസ്ശ്ലീഹായുടെ പ്രധാനപ്പെട്ട ഒരു നിലപാടും പ്രബോധനവുമാണ്. മാമ്മോദീസായിൽ ക്രൈസ്തവർ മിശിഹായുടെ ശരീരമാകുന്ന സഭാംഗങ്ങളായിത്തീർന്നവരാണ്. യഹൂദരുടെ നിയമത്തെ സംബന്ധിച്ചിടത്തോളം അവർ മരിച്ചവരാണ്. സഭ മിശിഹായുടെ മണവാട്ടിയാണെന്ന കാഴ്ചപ്പാടിലാണ് ഇവിടെ ഭാര്യാഭർതൃബന്ധവുമായി ഇതിനെ താരതമ്യപ്പെടുത്തുന്നത്. ഭർത്താവോ ഭാര്യയോ മരിച്ചാൽ മാത്രമേ വിവാഹബന്ധത്തിൽനിന്ന് ഒരാൾ സ്വതന്ത്രനോ സ്വതന്ത്രയോ ആകുകയുള്ളൂ. അതുപോലെ മാമ്മോദീസായിലൂടെ മിശിഹായുടെ മണവാട്ടിയായിത്തീർന്ന, സഭാംഗങ്ങളായിത്തീർന്ന യഹൂദർ, യഹൂദരുടെ ജീവിതാടിസ്ഥാനമായിരുന്ന നിയമത്തിൽനിന്നും സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നുവെന്ന് പൗലോസ്ശ്ലീഹാ ഇവിടെ വ്യക്തമായി പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവൻ നിയമത്തെ ഉപേക്ഷിച്ച് മറ്റൊരു നാഥനെ വരനായി സ്വീകരിച്ചിരിക്കുന്നു. അത് ഈശോമിശിഹായാണ്. അവനെ ദൈവം മരിച്ചവരിൽനിന്നുയിർപ്പിച്ച് തന്റെ വലതുഭാഗത്ത് ആസനസ്ഥനാക്കിയിരിക്കുന്നു (1 കൊറി 11,24; കൊളോ 1,22). മാമ്മോദീസാ സ്വീകരിച്ച വ്യക്തി മേലിൽ മിശിഹായുടെ സ്വന്തമാണ്. മാത്രമല്ല, അയാൾ ദൈവത്തിനുവേണ്ടി ''ഫലം പുറപ്പെടുവിക്കാൻ'' നിയുക്തനുമാണ്. വിശ്വാസമില്ലാത്ത ലോകത്തിൽ ദൈവത്തിനു സാക്ഷ്യം വഹിക്കാൻ ക്രൈസ്തവർക്ക് ചുമതലയുമുണ്ട് (മർക്കോ 4,20). ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലായ ഈശോമിശിഹായിലുള്ള വിശ്വാസവും പ്രഘോഷണവുമാണ് ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര. നിയമവും പ്രവാചകരുമെല്ലാം ദൈവപുത്രനായ മിശിഹായിലേയ്ക്കാണ് വിരൽചൂണ്ടിയിരിക്കുന്നത് (ഹെബ്രാ 1,1-2). മിശിഹായിലാണ് നിയമവും പ്രവാചകരുമെല്ലാം പൂർത്തീകരിക്കപ്പെട്ടതും (മത്താ 5,17). മിശിഹാ കേന്ദ്രീകൃതജീവിതം നയിക്കാൻ ജനങ്ങൾക്ക് നേതൃത്വം നൽകുവാൻ അജപാലകർ ശ്രദ്ധിക്കണം.

## 2. നിയമത്തിന്റെ സ്വാധീനം

*''ആകയാൽ നാം എന്താണു പറയേണ്ടത്? നിയമം പാപമാണെന്നോ? ഒരിക്കലുമല്ല. എങ്കിലും, നിയമമില്ലായിരുന്നെങ്കിൽ ഞാൻ പാപമെന്തെന്ന് അറിയുമായിരുന്നില്ല. മോഹിക്കരുത് എന്നു നിയമം അനുശാസിക്കാതിരുന്നെങ്കിൽ, മോഹം എന്തെന്നു ഞാൻ അറിയുമായിരുന്നില്ല. എന്നാൽ, പ്രമാണംവഴി അവസരം കണ്ടെത്തി പാപം എല്ലാവിധ മോഹവും എന്നിൽ ജനിപ്പിച്ചു. നിയമത്തിന്റെ അഭാവത്തിൽ പാപം നിർജീവമാണ്. ഒരു കാലത്ത് നിയമം കൂടാതെ ഞാൻ ജീവിച്ചു. എന്നാൽ, പ്രമാണം വന്നപ്പോൾ പാപം സജീവമാവുകയും ഞാൻ മരിക്കുകയും ചെയ്തു''* (7,7-9).

യഹൂദനിയമം രക്ഷയ്ക്ക് അപരിത്യാജ്യമല്ലായെന്ന പൗലോസിന്റെ നിലപാട് വിമർശനവിധേയമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ഗലാത്തിയാ, കൊറീന്തിയാലേഖനങ്ങളിലും ഈ ആശയം ശക്തിയുക്തം അദ്ദേഹം പ്രഘോഷിക്കുകയും ചെയ്തിരുന്നു. ''മിശിഹാ നമ്മെപ്രതി ശപിക്കപ്പെട്ടവനായിത്തീർന്നുകൊണ്ട് നിയമത്തിന്റെ ശാപത്തിൽനിന്നു നമ്മെ രക്ഷിച്ചു. എന്തെന്നാൽ, മരത്തിൽ തൂക്കപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണ് എന്ന് എഴുതിയിരിക്കുന്നു'' (ഗലാ 3,13). പാപങ്ങൾ നിമിത്തം നിയമം നല്കപ്പെട്ടു (ഗലാ 3,19), പാപത്തിന്റെ ശക്തി നിയമമാണ് (ഗലാ 3,17.21) മുതലായ വാക്യങ്ങളിൽ അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാണ്. പാപവും നിയമവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ശ്ലീഹായ്ക്ക് ഉറച്ച ബോധ്യമുണ്ട്. അതേസമയം നിയമത്തിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ബോധവാനാണ്. നിയമം പാപത്തിന് അവസരമൊരുക്കുന്നുവെന്ന് തെളിയിക്കുവാനാണ് പൗലോസ് പരിശ്രമിക്കുന്നത്. നിയമങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതും അജപാലകർ ശ്രദ്ധിക്കണം.

നിയമവും പാപവും ഒന്നല്ല. നിയമം പാപത്തിന്റെ ഉപകരണമെന്ന അർത്ഥത്തിലാണ് ശ്ലീഹാ സംസാരിക്കുന്നത്. നിയമം വിശുദ്ധവും ന്യായവും നല്ലതുമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, നിയമത്തിന്റെ യഥാർത്ഥ ഉദ്ദേശമെന്തെന്നാണ് പൗലോസ് ചർച്ച ചെയ്യുന്നത്. നിയമം തീർച്ചയായും പാപമല്ല. പക്ഷേ പാപത്തെക്കുറിച്ചുള്ള അറിവു പകരുന്നത് നിയമമാണ്. പാപത്തെ നിയന്ത്രിക്കാൻ നിയമം അശക്തമാണ്. പാപത്തിൽനിന്നും സ്വാതന്ത്ര്യമേകാനും നിയമത്തിനു കഴിവില്ല. ഉദാഹരണം ആദിമനുഷ്യനായ ആദംതന്നെയാണ്. മോഹം എന്താ

ണെന്ന് ആദം അറിഞ്ഞത് 'മോഹിക്കരുത്' എന്ന നിയമം വഴിയാണ് (പുറ 20,17; നിയമ 5,21). മോഹം ഇവിടെ നില്ക്കുന്നത് ദൈവത്തിനെതിരായ സകലപാപങ്ങൾക്കും വേണ്ടിയാണ്. നിയമം നല്കപ്പെടുന്നതിനുമുമ്പ് ആദം നിയമവും, തൽഫലമായി പാപവും കൂടാതെയാണ് ജീവിച്ചത്. ദൈവത്തിന്റെ മുമ്പിൽ സ്വതന്ത്രനായി ജീവിക്കാൻ നിയമമില്ലാത്ത അവസ്ഥ ആദത്തെ സഹായിച്ചു. എന്നാൽ 'മോഹിക്കരുത്' എന്ന ദൈവകല്പന വന്നതോടെ പാപം ആവിർഭവിച്ചു. അങ്ങനെ ആദം -മനുഷ്യൻ- മരണവിധേയനായിത്തീർന്നു. നിയമം ചെയ്ത കൊടുംചതിയായിട്ടാണ് പൗലോസ് ഇതുകാണുന്നത്. ജീവനുവേണ്ടി നൽകപ്പെട്ട നിയമം മരണത്തിനു കാരണമായി. ഇപ്രകാരം സംഭവിക്കാതെ, കൃപാവരത്തിൻെറ ശക്തിയാൽ ജീവിക്കാൻ അജപാലകർ ജനങ്ങളെ സഹായിക്കണം.

### 3. പാപത്തിന്റെ സ്വാധീനം

*''അപ്പോൾ, നന്മയായിട്ടുള്ളത് എനിക്കു മരണമായിത്തീർന്നെന്നോ? ഒരിക്കലുമല്ല, പാപമാണ് നന്മയായിട്ടുള്ളതിലൂടെ എന്നിൽ മരണമുളവാക്കിയത്. ഇത്, പാപം പാപമായിട്ടുതന്നെ കാണപ്പെടുന്നതിനും കൽപനവഴി പൂർവാധികം പാപകരമായിത്തീരുന്നതിനും വേണ്ടിയാണ്. നിയമം ആത്മീയമാണെന്നു നാമറിയുന്നു. ഞാൻ പാപത്തിന് അടിമയായി വിൽക്കപ്പെട്ട ജഡികനാണ്. ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ എനിക്കു മനസിലാകുന്നില്ല. എന്തെന്നാൽ, ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണു ഞാൻ പ്രവർത്തിക്കുന്നത്''* (7,13-15).

നിയമവും പാപവും തമ്മിലുള്ള ബന്ധം വിശദമാക്കാനാണ് പൗലോസിന്റെ ശ്രമം. തന്നെ നാശത്തിലേക്കു നയിക്കുന്നത് നിയമമല്ല, പാപമാണ് എന്ന യാഥാർത്ഥ്യമാണ് അദ്ദേഹം എടുത്തുകാണിക്കുന്നത്. നല്ലതും വിശുദ്ധവും ന്യായവുമായ നിയമത്തെയാണ് പാപം അതിന് ഉപകരണമാക്കുന്നതെന്നു മാത്രം. പതിമൂന്നുമുതൽ പതിനാറുവരെയുള്ളവാക്യങ്ങൾ മുൻഖണ്ഡികയിലെ ഏഴുമുതൽ പന്ത്രണ്ടുവരെയുള്ള വാക്യങ്ങൾക്ക് സമാന്തരമാണ്. ജഡികാസക്തമായ ബാഹ്യമനുഷ്യനും ആത്മാവിനാൽ നയിക്കപ്പെടുന്ന ആന്തരികമനുഷ്യനും തമ്മിലുള്ള വേർതിരിവ് പൗലോസ് കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ അവതരിപ്പിച്ചിട്ടുള്ളവയാണ്: ''ഞങ്ങൾ ഭഗ്നാശരാകുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരികമനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു'' (2 കൊറി 4,16). പാപത്തിനുള്ള പ്രേരണയും പ്രലോഭനവുമാണ് ഒന്ന്, മറ്റേതാകട്ടെ അതിൽനിന്നു രക്ഷപെടാനുള്ള ആത്മീയ പ്രചോദനത്തിന്റെ ഉറവിടവും.

നന്മചെയ്യാൻ ആഗ്രഹിക്കാനല്ലാതെ അത് പ്രവർത്തനക്ഷമമാക്കാൻ മനുഷ്യനു സാദ്ധ്യമല്ല (7,19-20). പാപത്തിന്റെ അവബോധമുള്ള മനുഷ്യന്റെ ദീനരോദനമാണ് ഈ വാക്യങ്ങളിൽ കാണുന്നത്. ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് പാപിയായ മനുഷ്യൻ ചെയ്യുന്നത്. സ്വാഭീഷ്ടത്തിനു വിരുദ്ധമായ തിന്മചെയ്യുന്നത് അപ്പോൾ ആരാണ്? പൗലോസ് പറയും: ആ വ്യക്തിയല്ല അവന്റെയുള്ളിൽ അധിവാസം നടത്തുന്ന പാപമാണ് തിന്മകൾ ചെയ്യുന്നത്. മാമ്മോദീസായ്ക്കു മുമ്പുള്ള ഈ അവസ്ഥയിൽ പാപമാണ് മനുഷ്യനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥയ്ക്കുമാറ്റം വരണമെങ്കിൽ ദൈവം തന്നെ ഇടപെടണം. ആ ഇടപെടലാണ് മാമ്മോദീസായിൽ ഈശോമിശിഹായിലൂടെ ദൈവംതന്നെ നടത്തിയത്. അങ്ങനെ ''ഇപ്പോൾ'' എന്നൊരു പുതിയ അവസ്ഥ സംജാതമായിരിക്കുന്നു. ആത്മീയജീവിതത്തിന്റെ നവീനതയിൽ

ക്രൈസ്തവർക്ക് നിയമത്തെയും പാപത്തെയും മരണത്തെയും ഭയപ്പെടാതെ ശുശ്രൂഷിക്കുന്നതിനു സാധിക്കും (7,25). അതുകൊണ്ട് ദൈവത്തിനു നാം നന്ദിപറയണം. ഈ സ്ഥിതിവിശേഷത്തെപ്പറ്റി അജപാലകർ അജഗണങ്ങളെ ബോധവത്ക്കരിക്കണം.

## 4. ദൈവത്തിന്റെ നിയമവും മനസിന്റെ നിയമവും

*''എന്റെ അന്തരംഗത്തിൽ ഞാൻ ദൈവത്തിന്റെ നിയമമോർത്ത് ആഹ്ലാദിക്കുന്നു. എന്റെ അവയവങ്ങളിലാകട്ടെ, എന്റെ മനസിന്റെ നിയമത്തോടു പോരാടുന്ന വേറൊരു നിയമം ഞാൻ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിന് എന്നെ അടിമപ്പെടുത്തുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ! മരണത്തിന് അധീനമായ ഈ ശരീരത്തിൽനിന്ന് എന്നെ ആരു മോചിപ്പിക്കും?''* (7,22-24).

നന്മചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തി തിന്മ ചെയ്യുവാൻ ഇടയാകുന്നു. പ്രായോഗികമായി തിന്മചെയ്യുകയും ചെയ്യുന്നു. ഇത് അനുദിനം നാം കണ്ടുകൊണ്ടിരിക്കുന്നു. നമുക്കു അനുഭവവേദ്യവുമാകുന്നു. ദൈവത്തിന്റെ നിയമം മനസിലാക്കുന്ന വ്യക്തി അതേപ്പറ്റി ആഹ്ളാദിക്കുകയും അത് പ്രാവർത്തികമാക്കുവാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുക സ്വാഭാവികമാണ്. സങ്കീർത്തനങ്ങളിൽ ഈ ആശയം പലയിടങ്ങളിലായി നാം കാണുന്നുണ്ട്. ''അവന്റെ ആനന്ദം കർത്താവിന്റെ നിയമത്തിലാണ്; രാവും പകലും അവൻ അതിനെക്കുറിച്ചു ധ്യാനിക്കുന്നു'' (സങ്കീ 1,2). ''കർത്താവിന്റെ വിധികൾ സത്യമാണ്; അവ തികച്ചും നീതിപൂർണ്ണമാണ്. അവ പൊന്നിനെയും തങ്കത്തെയുംകാൾ അഭികാമ്യമാണ്; അവ തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്'' (സങ്കീ 19,9-10). മാത്രമല്ല നന്മചെയ്തുകൊണ്ടു ജീവിക്കുമ്പോഴുള്ള സന്തോഷം എല്ലാ മനുഷ്യരും പ്രായോഗികജീവിതത്തിൽ അനുഭവിക്കുന്നതായും നാം കാണുന്നുണ്ട്. നമുക്കുതന്നെ അതനുഭവപ്പെടുന്നുമുണ്ട്.

എന്നാൽ, ഈ നന്മയിൽ ആഹ്ലാദിക്കുന്ന മനുഷ്യൻ തന്റെ പ്രായോഗിക ജീവിതത്തിൽ നിയമം പാലിക്കാത്തവനും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവനുമായിത്തീരുന്നു. പാപത്തിനുള്ള പ്രവണതകൾ അവൻ ശരീരത്തിൽ സംവഹിക്കുന്നു. മനസിലുള്ള ദൈവനിയമത്തോട് നിരന്തരം പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ഈ ശാരീരികപ്രവണതകൾ. ആന്തരികമനുഷ്യനാണ് ദൈവികനിയമം, നന്മചെയ്യുവാനുള്ള ആഗ്രഹവും മനസും. ദൈവഹിതമെന്താണെന്ന് വിവേചിച്ചറിയാൻ കഴിവുള്ളതാണ് അവന്റെ മനസ്. പക്ഷേ ഈ മനസിലുള്ള ദൈവികനിയമത്തോട് നിരന്തരം പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ് അവന്റെ ശാരീരികപ്രവണതകൾ. പാപത്തിന്റെ ഈ നിയമവും ആന്തരികമനുഷ്യനും തമ്മിലുള്ള സംഘട്ടനത്തിൽ പലപ്പോഴും പാപമാണ് വിജയിക്കുന്നത്. അപ്രകാരമുള്ള ഈ അവസ്ഥ മനുഷ്യനെ നിരന്തരം അസ്വസ്ഥതപ്പെടുത്തുന്നു. ഈ അവസ്ഥയിൽ പരിതപിക്കാനും നിലവിളിക്കാനുംമാത്രമേ അവനു കഴിയുന്നുള്ളൂ. ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് അജപാലകർ വിശ്വാസികളെ ബോധവത്ക്കരിക്കണം.

## 5. ഈശോമിശിഹാ വിമോചകൻ

*''നമ്മുടെ കർത്താവായ ഈശോമിശിഹാവഴി ദൈവത്തിനു സ്തോത്രം! ചുരുക്കത്തിൽ, ഞാൻ എന്റെ മനസുകൊണ്ടു ദൈവത്തിന്റെ നിയമത്തെ സേവിക്കുന്നു; എന്റെ ശരീരംകൊണ്ടു പാപത്തിന്റെ നിയമത്തെയും''* (7,25).

മനുഷ്യന്റെ ശാരീരികമായ ഈ അവസ്ഥ മാമ്മോദീസായ്ക്കു മുമ്പുള്ള അവസ്ഥയാണ്. അതായത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം, ശാരീരികമായ ഈ അവസ്ഥയെ കീഴടക്കുവാൻ ക്രൈസ്തവർക്ക് കഴിയേണ്ടിയിരിക്കുന്നു. കാരണം, മാനുഷികമായ, പാപബദ്ധമായ മനുഷ്യപ്രകൃതിയനുസരിച്ചുള്ള ഈ സ്ഥിതിവിശേഷത്തെ കീഴടക്കി അതിസ്വാഭാവികമായ സ്ഥിതിവിശേഷം സംജാതമാക്കുന്ന ഒന്നാണ് മാമ്മോദീസാ എന്ന കൂദാശ. മാമ്മോദീസാ എന്ന കൂദാശയിലൂടെ, ഈശോമിശിഹായിലൂടെ ദൈവംതന്നെ മനുഷ്യജീവിതത്തിലേക്ക് കടന്നുവരുന്നുണ്ട്. മനുഷ്യത്വത്തിൽ ദൈവികത കടന്നുവന്നത് ഈശോമിശിഹായിലൂടെയാണ്. ദൈവമായിരുന്ന അവിടുന്ന് ''ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ – അതേ കുരിശുമരണംവരെ– അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (ഫിലിപ്പി 2,6–8). ഈ മിശിഹായിലുള്ള വിശ്വാസത്തിലേയ്ക്കാണ് നാം മാമ്മോദീസായിൽ കടന്നുവന്നത്. ദൈവമായ മിശിഹായ്ക്ക് ഈ പാപാവസ്ഥയിൽ നിന്നും മനുഷ്യനെ രക്ഷിക്കുവാൻ കഴിയും.

ഇതുകൊണ്ടാണ് പൗലോസ്ശ്ലീഹാ പറയുന്നത്: ''നമ്മുടെ കർത്താവായ ഈശോമിശിഹാവഴി ദൈവത്തിനു സ്ത്രോത്രം'' (7,25). 'സ്തോത്രം' എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ നന്മയെ അംഗീകരിക്കുകയും അത് ഏറ്റുപറയുകയും ചെയ്യുക എന്നതാണ്. മനുഷ്യന്റെ പാപാവസ്ഥയിൽനിന്നും അവനെ രക്ഷിക്കുക എന്നതാണല്ലോ ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെയും രക്ഷാകരജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ആത്യന്തിക ലക്ഷ്യം. ദൈവം തന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ മനുഷ്യകുലത്തിന്റെ കൂദാശയായി സഭയ്ക്കു രൂപംനൽകുകയും സഭയുടെ കൂദാശകളിലൂടെ തന്റെ അരൂപിയെ നൽകി പാപബദ്ധനായ മനുഷ്യനെ ദൈവികനാക്കിത്തീർക്കുകയും ചെയ്തു. അതുകൊണ്ട് മനുഷ്യന് തന്റെ മാനുഷികമായ അവസ്ഥയെ അതിജീവിച്ച്, ദൈവികമായി ജീവിക്കുവാനും രക്ഷ പ്രാപിക്കുവാനും കഴിവു ലഭിക്കുന്നു. ഈശോമിശിഹാവഴി ഇത് സാദ്ധ്യമാക്കിത്തീർത്ത ദൈവത്തിന്റെ നന്മയെയാണ് പൗലോസ്ശ്ലീഹാ ഇവിടെ പ്രഖ്യാപിക്കുന്നത്. തങ്ങളുടെ ജീവിതത്തിൽ ഇപ്രകാരം ദൈവത്തിന്റെ രക്ഷാകരമായ പ്രവർത്തനം തിരിച്ചറിഞ്ഞ് ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കുവാൻ പുരോഹിതർ അജഗണങ്ങളെ ഉദ്ബോധിപ്പിക്കണം.

## ജീവിതസൂചിക

1. മിശിഹാ കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുവാനും അപ്രകാരം ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. പാപം ചെയ്യാതെ നിയമാനുസൃതം ജീവിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കണം? ജനങ്ങളെ പരിശീലിപ്പിക്കണം?
3. പാപത്തെയും മരണത്തെയും ഭയപ്പെടാതെ ദൈവശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. എന്റെ ജീവിതത്തിൽ നന്മയും തിന്മയും തമ്മിലുള്ള സംഘർഷത്തെ ഞാൻ എപ്രകാരമാണ് നേരിടുന്നത്?
5. ഈശോമിശിഹായിലൂടെയുള്ള രക്ഷാകരമായ അനുഭവം എന്റെ ജീവിതത്തിലും അജപാലനശുശ്രൂഷയിലും എത്രമാത്രം അന്വർത്ഥമാക്കുന്നുണ്ട്?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂലൈ 2022**

25 രാവിലെ ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് നേഴ്സിങ്ങ് കോളേജ് സാന്തോം ഓഡിറ്റോറിയത്തിൽ യാക്കോബുശ്ലീഹായുടെ നാമഹേതുകത്തിരുന്നാൾ ആഘോഷിക്കുന്ന സെന്റ് തോമസ് ഹോസ്പ്പിറ്റലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ കുന്നത്ത് ബഹു. ജയിംസച്ചനും അസിസ്റ്റന്റ് ഡയ്റക്ടറായ അത്തിക്കളം ബഹു. ജേക്കബച്ചനും ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്നു ഹോസ്പ്പിറ്റലിൽ രോഗാവസ്ഥയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

26 രാവിലെ ചങ്ങനാശേരി പാസ്റ്ററൽ സെന്റർ ചാപ്പലിൽ വിവാഹയൊരുക്ക ധ്യാനത്തിൽ പങ്കെടുക്കുന്നവർക്കായി പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

27 രാവിലെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ കണ്ടങ്കരി സെന്റ് ജോസഫ് ഇടവകാംഗം കളപ്പുരയ്ക്കൽ ബഹു. പീറ്റർ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം സെന്റ് അൽഫോൻസായുടെ ഭരണങ്ങാനം കബറിടദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പടഹാരം സെന്റ് ജോസഫ് ഇടവകാംഗം കായിത്തറ ബഹു. വർഗീസ് അച്ചന്റെ സഹോദരൻ സുബേദാർ ബിനു ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയിലെ സമാപനകർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

28 രാവിലെ കേരള സർക്കാരിന്റെ കെ-റെയിൽ സിൽവർലൈൻ നയങ്ങൾക്കെതിരെ പ്രതിഷേധമറിയിച്ചുകൊണ്ട് കെ-റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ കോട്ടയം ജില്ലാ കമ്മിറ്റിയുടെ മാടപ്പള്ളിയിലെ സമരപന്തലിൽ നടക്കുന്ന സത്യാഗ്രസമരത്തിന്റെ 100-ാം ദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിലെ മാർത്തോമ്മാ വിദ്യാനികേതന്റെ ഓഡിറ്റോറിയത്തിൽ അതിരൂപതയിലെ പ്രവാസി കൂട്ടായ്മയുടെ വാർഷികത്തോടനുബന്ധിച്ച് നടത്തിയ പ്രാർത്ഥനായോഗത്തിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് കണ്ടങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ കളപ്പുരയ്ക്കൽ ബഹു. പീറ്റർ അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പരി. കുർബാനയർപ്പിച്ചു അനുശോചനം അറിയിക്കുകയും തിരുകർമങ്ങൾക്കു മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

29 രാവിലെ ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടന്ന അതിരൂപത ഫിനാൻസ് കൗൺസിൽ മീറ്റിംഗിലും കൺസൾട്ടേഴ്സ് മീറ്റിംഗിലും ഓൺലൈനായി നടന്ന പെർമെനന്റ് സിനഡിലും പങ്കെടുത്തു.

30 രാവിലെ ചമ്പക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ മ്ശംശാന ഇട ത്തിനാട്ട് ജേക്കബിനു പൗരോഹിത്യപട്ടം നൽകി. വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചങ്ങനാശേരി സോണിന്റെ അധ്യാപക-അനധ്യാപക കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം പാലാതുരുത്ത് സെന്റ് തെരേസാസ് ദൈവാ ലയത്തിൽ മൂന്നു കുട്ടികൾക്ക് ആഘോഷമായ കുർബാനസ്വീകരണം നൽകി.

31 രാവിലെ നിർമലപുരം സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാ നയർപ്പിച്ചു സന്ദേശംനൽകി. പരി. കുർബാനയ്ക്കുശേഷം ഇടവകാംഗ ങ്ങളെ കാണുകയും അവരെ ശ്രവിക്കുകയും ചെയ്തു. തുടർന്ന് രോഗാ വസ്ഥയിലായിരിക്കുന്ന ഇടവകാംഗങ്ങളെ അവരുടെ ഭവനങ്ങളിൽ സന്ദർ ശിക്കുകയും ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പ്പിറ്റലിൽ രോഗാവസ്ഥയിലായിരിക്കുന്ന കാലായിൽ ബഹു. ജോസഫച്ചനു രോഗീ ലേപനകൂദാശ നൽകി. ഹോസ്പ്പിറ്റലിൽ രോഗികളായി കിടക്കുന്ന ബഹു. വൈദികരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് നെടുങ്കുന്നം ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോന പള്ളി പാരീഷ് ഹാളിൽ ചങ്ങനാശേരി അതിരൂപത മാതൃ-പിതൃവേദി യുടെ നേതൃത്വത്തിൽ മണിമല, നെടുങ്കുന്നം, കുറുമ്പനാടം ഫൊറോന കളിലെ യുവ ദമ്പതികൾക്കായി ഒരുക്കിയ 'യുവദമ്പതീ സംഗമം' ഉദ്ഘാ ടനം ചെയ്തു സംസാരിച്ചു. അതോടൊപ്പം കുട്ടികൾക്കായി ക്രമീകരിച്ച കിഡ്സ് ഫെസ്റ്റ് 2k22 യിൽ സംബന്ധിച്ചു കുട്ടികളോടു സംസാരിക്കുകയും അവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്തു. രാത്രിയിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ഫ്രഷേഴ്സ് ഡേ ആഘോഷത്തിൽ പങ്കെടുത്തു അവർക്കു ആശംസകൾ നേർന്നുസംസാരിച്ചു.

**ആഗസ്റ്റ് 2022**

01-05 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന KCBC യുടെ വാർഷിക ധ്യാനത്തിലും KCBC സമ്മേളനത്തിലും പങ്കെടുത്തു.

06 രാവിലെ ചങ്ങനാശേരി അരമനകേന്ദ്രത്തിൽ പരി.കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കുടമാളൂർ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ചങ്ങ നാശേരി അതിരൂപത മിഷൻലീഗിന്റെ നേതൃത്വത്തിൽ നടന്ന 34-ാമത് അൽഫോൻസാ തീർത്ഥാടനം എത്തിച്ചേർന്നതിനെത്തുടർന്നുനടന്ന പരി. കുർബാനമദ്ധ്യേയുള്ള സന്ദേശം നൽകി. തുടർന്ന് കുടമാളൂർ അഭയ ഭവൻ സന്ദർശിച്ചു അവിടെയുള്ള അന്തേവാസികളോടു സംസാരിക്കുകയും ചെയ്തു. വൈകുന്നേരം ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി - ചാസിന്റെ കോൺഫ്രറൻസ് ഹാളിൽ എസ്.എഫ്.എ.സി. യുടെ നേതൃ ത്വത്തിൽ നടന്ന ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി.

07 രാവിലെ മാവേലിക്കര സെന്റ് അൽഫോൻസാ ഇടവക ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും തുടർന്നു ഇടവകാംഗങ്ങ ളെയെല്ലാം കാണുകയും അവരുമായി സംവദിക്കുകയും ചെയ്തു. എ.സി. റോഡിന്റെ അശാസ്ത്രീയപരമായ നിർമാണത്തിന് സർക്കാർ പരിഹാരം കാണണമെന്നും എ.സി. കനാൽ തുറക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്

ചങ്ങനാശേരി അതിരൂപതയുടെ KRRIS ന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി മനയ്ക്കച്ചിറയ്ക്കു സമീപം എ.സി. റോഡിൽ നടത്തിയ പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതേതുടർന്നു വെള്ളപ്പൊക്കക്കെടുതിയനുഭവിക്കുന്ന കുട്ടനാട്ടിലെ സ്ഥലങ്ങളിൽ സന്ദർശനം നടത്തി. കുമരംചിറ മുട്ടാർ (ന്യൂ) സെന്റ് തോമസ് ദൈവാലയത്തിൽ, മുട്ടാർ സെൻട്രൽ റോഡ് പ്രളയകാലത്തും ഗതാഗത യോഗ്യമാക്കണമെന്നവശ്യപ്പെട്ടു യുവദീപ്തി എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും തുടർന്ന് മഹേന്ദ്രപുരം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം സന്ദർശിക്കുകയും അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ചോദിച്ചറിയുകയും അതിരൂപതയിൽ നിന്നുള്ള എല്ലാം പിന്തുണയും സഹായസഹകരണവും വാഗ്ദാനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ ഹോം മിഷൻ പ്രവർത്തനങ്ങൾ നടത്തുന്ന ബഹു. സിസ്റ്റേഴ്സിന്റെ സുപ്പീരിയേഴ്സുമായി അതിരൂപതാകേന്ദ്രത്തിൽ നടത്തിയ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

08 രാവിലെ കൈനടി എ.ജെ. ജോൺ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു. ശതാബ്ദിയോടുനുബന്ധിച്ചു പുറത്തിറക്കിയ സുവനീർ കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിൽനിന്നു ഏറ്റുവാങ്ങി. തുടർന്നു അതിരൂപതാകേന്ദ്രത്തിൽ ജലസേചനവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ചങ്ങനാശേരി എം.എൽ.എ. ശ്രീ. ജോബ് മൈക്കിൾ എന്നിവർക്കൊപ്പം നടത്തിയ ചർച്ചയിൽ കുട്ടനാടൻ ജനതയുടെ ആവശ്യങ്ങളും അവർ അനുഭവിക്കുന്ന ദുരിതങ്ങളെയുംകുറിച്ചു വിശദമായി സംസാരിച്ചു. വൈകുന്നേരം റോമിലെ പൊന്തിഫിക്കൽ ഉർബൻ കോളേജിന്റെ റെക്ടർ ബഹു. അർമാണ്ടോ ന്യൂഞ്ഞസ് അച്ചനെയും വൈസ് റെക്ടർ കുന്നത്തേട്ടു ബഹു. ജോബി അച്ചനെയും അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

09 രാവിലെ കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗവുമായ ബ്രദർ ഇലവുംമൂട്ടിൽ ജിജോയുടെ വല്യമ്മച്ചി കത്രീനാമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ്ങ് കോളേജിന്റെ സാന്തോം ഓഡിറ്റോറിയത്തിൽ നടന്ന 16-ാമത് ബി.എസ്.സി. നേഴ്സിങ്ങ് ബാച്ചിന്റെയും 8-ാമത് എം.എസ്.സി. നേഴ്സിങ്ങ് ബാച്ചിന്റെയും ഗ്രാജുവേഷൻ സെറിമണിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു സംസാരിക്കുകയും കോഴ്സുകൾ പൂർത്തീകരിച്ച വിദ്യാർത്ഥികൾക്കു ബിരുദത്തിന്റെയും ബിരുദാനന്തരബിരുദത്തിന്റെയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. തുടർന്നു സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

10 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന ചങ്ങനാശേരി അസംപ്ഷൻ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വാർഷികധ്യാനത്തിലായിരിക്കുന്ന ബഹു. വൈദികരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

11 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശംനൽകി. തുടർന്ന് വാർഷികധ്യാനത്തിലായിരിക്കുന്ന ബഹു. വൈദികരോടു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ഇടവകാംഗമായ കറുകംപള്ളിൽ മേരിക്കുട്ടി കുര്യന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമത്തിൽ കാർമികത്വം വഹിച്ചു. തുടർന്ന് കോട്ടയം കാരിത്താസ് ആശുപത്രിയിൽ രോഗാവസ്ഥയിലായിരിക്കുന്ന കൊച്ചുമലയിൽ ബഹു. ജോൺ അച്ചനെ സന്ദർശിച്ചു. രാത്രിയിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ എടത്വാ സെന്റ് സേവ്യേഴ്സ് ഫൊറോനാംഗം പരേതനായ കാട്ടാമ്പള്ളി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

12 രാവിലെ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷഭാഗമായി വീടുകളിൽ ദേശീയപതാക ഉയർത്തുന്ന ‘ഹർ ഘർ തിരംഗ’ പ്രചാരണത്തിന്റെ ചങ്ങനാശേരി അതിരൂപതാതല ഉദ്ഘാടനം കേന്ദ്ര ഖാദി കമ്മീഷൻ കേരള സംസ്ഥാന ഡയറക്ടർ ശ്രീ. സി.ജി. ആണ്ടവരോടു ചേർന്നു നിർവഹിച്ചു. തുടർന്ന് ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ് കോളേജിന്റെ സാന്തോം ഓഡിറ്റോറിയത്തിൽനടന്ന CNGI യുടെ കോട്ടയം സോണൽ മീറ്റിംഗിൽ പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽനടന്ന സെന്റ് തോമസ് ആശുപത്രിപ്രവർത്തനങ്ങളുടെ ഇവാലുവേഷൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം കളത്തിപ്പടി ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ അവിവാഹിതർക്കായി ഒരുക്കിയ ധ്യാനത്തിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്നു കടുവാക്കുളം MCBS പ്രൊവിൻഷ്യൽ ഹൗസിൽ MCBS സന്ന്യാസസമൂഹാംഗമായ പരേതനായ പാറയ്ക്കൽ ബഹു. ജോയി അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനമറിയിച്ചു. ഓൺലൈനായി നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

13 രാവിലെ ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തോടുനബന്ധിച്ച് ദേശീയപതാക ഉയർത്തി. കുറിച്ചി ലിറ്റിൽ ഫ്ളവർ കോൺവെന്റ് ചാപ്പലിൽ മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ സമൂഹാംഗമായ സിസ്റ്റർ ലീന വാക്കണ്ടത്തിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനമറിയിച്ചു. തുടർന്ന് ചങ്ങനാശേരി എസ്.ബി. കോളേജ് കല്ലറയ്ക്കൽ ഹാളിൽ നടന്ന 15-ാമത് പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നൽകി. വൈകുന്നേരം മീൻകുളം സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അഗതികൾക്കും അശരണർക്കുമായി പുതിയതായി നിർമ്മിച്ച നസ്രത്തുഭവൻ വൃദ്ധമന്ദിരത്തിന്റെ ആശീർവാദകർമം നിർവഹിക്കുകയും തുടർന്നുനടന്ന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുകയും ചെയ്തു.

14 രാവിലെ ആര്യങ്കാവ് സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശംനൽകുകയും പരി. കുർബാനയ്ക്കുശേഷം ഇടവകയിലെ മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവരെ കാണുകയും സംസാരിക്കുകയും ചെയ്തു. അതിനുശേഷം ആര്യങ്കാവ് SH കോൺവെന്റ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് കുളത്തൂപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ പുനർകൂദാശകർമം നിർവഹിച്ചു. വൈകുന്നേരം ചെങ്ങന്നൂർ മർത്ത് മറിയം ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ

ചെങ്ങന്നൂർ ഫൊറോനയുടെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷപദവി അലങ്കരിച്ചു. അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ 93-ാം ജന്മദിനത്തോടനുബന്ധിച്ച് അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ജന്മദിനാഘോഷത്തിൽ ആശംസകൾ നേർന്നു സംസാരിച്ചു.

15 രാവിലെ പാലാ ബിഷപ്സ് ഹൗസിൽ മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മുൻ രൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച പരി. കുർബാനയ്ക്കുശേഷം പിതാവിനു പ്രാർത്ഥനാശംസകൾ നേർന്നു സന്ദേശം നൽകുകയും തുടർന്നുനടന്ന ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് തുരുത്തി മർത്ത് മറിയം ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ നടന്ന ക.നി.മൂ.സ. ആലഞ്ചേരി ബർണാർദ് തോമ്മാ കത്തനാരിന്റെ 82-ാമത് അനുസ്മരണദിനത്തോടനുബന്ധിച്ചു നടത്തിയ സിംപോസിയത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അതിനുശേഷം എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ കാട്ടാമ്പള്ളി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിലെ സമാപനകർമ്മത്തിനു മുഖ്യകാർമികത്വം വഹിച്ചു.

16 രാവിലെ പുന്നമട സെന്റ് മേരീസ് ഇടവകാംഗം പൊക്കാവരയത്ത് ബഹു. ആന്റണി അച്ചന്റെ മാതാവ് മേരിക്കുട്ടി ജോർജിന്റെ മൃതസംസ്കാരശുശ്രൂഷയിലെ ദൈവാലയത്തിലെ കർമത്തിനു മുഖ്യകാർമികത്വം വഹിച്ചു അനുശോചനമറിയിച്ചു.

16-20 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

21 രാവിലെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ രോഗാവസ്ഥയിലായിരിക്കുന്ന കൊച്ചുമലയിൽ ബഹു. ജോൺ അച്ചനു രോഗീലേപനം കൂദാശനൽകി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം അക്കര കുഞ്ഞൂഞ്ഞുകുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനമറിയിച്ചു. തുടർന്നു അതിരൂപതാ ഡി.സി.എം.എസ്. ന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി എസ്.ബി. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന നീതി ഞായർ ദിനാചരണത്തിന്റെയും എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനയോഗത്തിന്റെയും ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു.

22-25 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

25 വൈകുന്നേരം ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. ഡോ. തോമസ് പാടിയത്ത് അച്ചനെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിക്കുകയും ആശംസകൾനേർന്നു സംസാരിക്കുകയും ചെയ്തു.

## മാർ തോമസ് തറയിൽ

**ജൂലൈ 2022**

26 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുക്കുകയും പുതിയതായി നിർമ്മിച്ച പരി. കന്യകാമറിയത്തിന്റെ ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

27 കൊടിനാട്ടുംകുന്ന് എസ്.ഡി. പ്രത്യാശാ ഭവനിൽ പരി. കുർബാന അർപ്പിച്ചു. കെ-റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയസമിതി കോട്ടയം ജില്ലാ കമ്മിറ്റിയുടെ മാടപ്പള്ളിയിലെ സമരപ്പന്തലിൽ 99-ാം ദിനത്തിൽ ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ നടത്തിയ സത്യഗ്രഹ സമരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പുന്നപ്ര ഇടവക ഓഡിറ്റോറിയത്തിൽ മാർ ഗ്രിഗോറിയോസ് കോളേജിന്റെ സി.എസ്.എം. പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പടഹാരം സെന്റ് ജോസഫ്സ് ഇടവകാംഗം കായിത്തറ ബഹു. വർഗീസ് അച്ചന്റെ സഹോദരൻ ബിനു ചാക്കോയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ കാർമികത്വം വഹിച്ചു.

28 ചങ്ങനാശേരി എസ്.വി.ഡി സെമിനാരിയിൽ പരി. കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ തിരുഹൃദയ ഇടവക കോൺഫ്രൻസ് ഹാളിൽനടന്ന സൗജന്യ ക്യാൻസർ രോഗനിർണ്ണയ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോനാ ഓഡിറ്റോറിയത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ സംസാരിക്കുകയും പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കണ്ടങ്കരി സെന്റ് ജോസഫ് ഇടവകാംഗം കളപ്പുരയ്ക്കൽ ബഹു. പീറ്റർ അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഒന്നാം ഭാഗത്തിലെ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. കോട്ടയം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

29 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന അതിരൂപത ഫിനാൻസ് കൗൺസിൽ മീറ്റിംഗിലും കൺസൾട്ടേഴ്സ് മീറ്റിംഗിലും പങ്കെടുത്തു. കടുത്തുരുത്തി മരിയമല ആശ്രമത്തിൽ പടിഞ്ഞാറേക്കുന്നേൽ ബഹു. ഷാജി OSB അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ സഹകാർമികത്വം വഹിച്ചു. പാലാരിവട്ടം POC-ൽ നടന്ന KCBC ജാഗ്രതാസമിതിയിൽ പ്രഭാഷണം നടത്തി.

30 യുവദീപ്തി എസ്.എം.വൈ.എം. തിരുവനന്തപുരം ഫൊറോനയുടെ ആഭിമുഖ്യത്തിൽ വെഞ്ഞാറമ്മൂട് അമല പാസ്റ്ററൽ സെന്ററിൽ നടന്ന യുവജനക്യാമ്പിൽ സംസാരിച്ചു. തീരദേശ ജനത നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് സർക്കാർ പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റ് പടിക്കൽ നടത്തുന്ന അനിശ്ചിതകാല സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ പ്രതിഷേധധർണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പോങ്ങുമ്മൂട് സെന്റ് അൽഫോൻസാ തീർത്ഥാടന

ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചന സന്ദേശം പങ്കുവച്ചു.

31 ചാത്തനാട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം ആറ്റുകടവിൽ ജോയി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം തോപ്പിൽ ലാലി ടോമിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. പാലാരിവട്ടം POC യിൽ ബഫർസോൺ പ്രശ്നങ്ങൾ അവലോകനം ചെയ്യുവാനായി KCBC ജെ.പി.ഡി. കമ്മീഷൻ നടത്തിയ കർഷക അതിജീവനസമ്മേളനത്തിൽ സംസാരിച്ചു.

**ആഗസ്റ്റ് 2022**

01–05 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ KCBC യിലെ അഭി. മെത്രാന്മാർക്ക് ധ്യാനം നയിച്ചു.

06 അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് കുടമാളൂർ അൽഫോൻസാ ഭവൻ തീർത്ഥാടനകേന്ദ്രത്തിൽ വചനസന്ദേശം പങ്കുവച്ചു. ഏറ്റുമാനൂർ ക്രിസ്തുരാജ സിമിത്തേരി ചാപ്പലിൽ മാടപ്പള്ളിൽ തോമസ് വർക്കിയുടെ ഒന്നാം ചരമവാർഷികദിനത്തിൽ പരി. കുർബാനയർപ്പിച്ച് കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. എസ്.എം.സി.എ. കുവൈറ്റ് കുട്ടികൾക്കായി നടത്തിയ 'LUMIRA 2022' ഓൺലൈൻ അർദ്ധദിന സെമിനാറിൽ സംസാരിച്ചു.

07 രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു. എ.സി. റോഡിന്റെ അശാസ്ത്രീയപരമായ നിർമാണത്തിന് സർക്കാർ പരിഹാരം കാണണമെന്നും എ.സി. കനാൽ തുറക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അതിരൂപതാ KRRIS-ന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി മനയ്ക്കച്ചിറയ്ക്കു സമീപം എ.സി. റോഡിൽ നടത്തിയ പ്രതിഷേധസമ്മേളനത്തിൽ സംസാരിച്ചു. അതിരൂപതാ മാതൃ–പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടത്തിയ യുവദമ്പതികളുടെ സംഗമവും കിഡ്സ് ഫെസ്റ്റും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വിവിധ ഇടവകകളിൽ ഹോം മിഷൻ പ്രവർത്തനങ്ങൾ നടത്തുന്ന ബഹു. സിസ്റ്റേഴ്സിന്റെ സുപ്പീരിയേഴ്സുമായി അതിരൂപതാകേന്ദ്രത്തിൽ നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിന് പ്രാരംഭസന്ദേശം നൽകി.

08 കാവാലം ലിസ്യു ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പങ്ങട എം.എസ്.എം.എം. സെന്റ് മേരീസ് കോൺവെന്റ് കപ്പേളയുടെ കൂദാശാകർമം നിർവഹിച്ച് കോൺവെന്റ് വെഞ്ചരിക്കുകയും ആഘോഷമായ പരി. കുർബാനയർപ്പിക്കുകയും ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹവാഗ്ദാനകർമത്തിന് മുഖ്യകാർമികത്വം വഹിച്ചു. വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് ദൈവാലയത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കോട്ടയം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നവാഭി

ഷിക്തരായ 7 മെത്രാപ്പോലീത്തമാർക്കായി നൽകിയ സ്വീകരണത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും ദൈവാലയത്തിന്റെ ശതോത്തര പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനകർമത്തിൽ പങ്കെടുക്കുകയും ചെയ്തു. റോമിലെ പൊന്തിഫിക്കൽ ഉർബൻ കോളേജിന്റെ റെക്ടർ ബഹു. അർമാന്തോ നൂഞ്ഞെസ് അച്ചന് അതിരൂപതാകേന്ദ്രത്തിൽ നൽകിയ സ്വീകരണത്തിൽ സംസാരിച്ചു.

09 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു.

10 വി. ക്ലാരയുടെ തിരുനാളിനോടനുബന്ധിച്ച് വെരൂച്ചിറ എഫ്.സി.സി. കോൺവെന്റിൽ പരി. കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ചങ്ങനാശേരി അസംപ്ഷൻ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. അരുവിക്കുഴി ലൂർദ്ദ് മാതാ ഇടവകയിൽ കുരിശടി വെഞ്ചരിച്ച് സന്ദേശംനൽകി.

12 വി. അൽഫോൻസാമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് കുടമാളൂർ അൽഫോൻസാഭവൻ തീർത്ഥാടനകേന്ദ്രത്തിൽ ആഘോഷമായ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു. പാലാ ബിഷപ്സ് ഹൗസിൽ മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലിയിലേയ്ക്കു പ്രവേശിച്ചിരിക്കുന്ന മുൻ രൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥനാശംസകൾ അറിയിച്ചു.

13 പാലമറ്റം ബേസ് തോമ ദയറയിൽ പരി. കുർബാനയർപ്പിച്ചു. കുറിച്ചി എം.എൽ.എഫ്. കോൺവെന്റിൽ ബഹു. സിസ്റ്റർ ലീനാ വാക്കണ്ടത്തിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയിലേയ്ക്കു പ്രവേശിച്ചിരിക്കുന്ന കോക്കാട്ട് ബഹു. കുരുവിള അച്ചനെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ സന്ദർശിച്ച് പ്രാർത്ഥനാശംസകൾ അറിയിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജിൽ നടന്ന ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംസാരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം പെരുമ്പായിൽ ഷീലാമണി വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കടുവാക്കുളം കൊല്ലാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ പാറയ്ക്കൽ ബഹു. ജോയി MCBS അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ രണ്ടാംഭാഗത്തിലെ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ മാതൃസംഗമത്തിൽ ഇടവകയിലെ മാതാക്കളോടു സംസാരിച്ചു. വാഴപ്പള്ളി പടിഞ്ഞാറ് പാറേക്കടവ് സെന്റ് മേരീസ് ദൈവാലയത്തിന്റെ പുനർകൂദാശാകർമം നിർവഹിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജിൽ ഉപകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

14 മീൻകുളം നസ്രത്ത് ഭവൻ വൃദ്ധമന്ദിരത്തിൽ ആഘോഷമായ പരി. കുർബാനയർപ്പിച്ചു. ചെങ്ങന്നൂർ മർത്ത് മറിയം ഫൊറോന ദൈവാലയത്തിൽ ചെങ്ങന്നൂർ ഫൊറോനയുടെ ഉദ്ഘാടനത്തോടനുബന്ധിച്ചു ആഘോഷമായ പരി. കുർബാനമദ്ധ്യേ വചനസന്ദേശം പങ്കുവച്ചു. ചങ്ങനാശേരി

അതിരൂപത മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ചമ്പക്കുളം-കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്ക ഓഡിറ്റോറിയത്തിൽ നടത്തിയ യുവദമ്പതികളുടെ സംഗമത്തിൽ സംസാരിച്ചു. ചമ്പക്കുളം വാണിയപ്പുരയ്ക്കൽ പാലത്തിനുസമീപം വെള്ളപ്പൊക്കത്തിൽ മടവീണ് കൃഷിനാശം സംഭവിച്ച ചെമ്പടി ചക്കംകരി പാടശേഖരം സന്ദർശിച്ചു. അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ 93-ാം ജന്മദിനത്തോടനുബന്ധിച്ച് അതിരൂപതാകേന്ദ്രത്തിൽനടന്ന ജന്മദിനാഘോഷത്തിൽ പ്രാർത്ഥനാശംസകൾ നേർന്നു സംസാരിച്ചു.

15 പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിനോടനുബന്ധിച്ച് അമ്പലപ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. എടത്വാ സെന്റ് ജോർജ് ഫൊറോന ഇടവകാംഗം കാട്ടാമ്പള്ളി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മൂന്നാംഭാഗത്തിലെ പരി. കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു. പാറമ്പുഴ ബേത്‌ലഹേം ദൈവാലയത്തിൽ പൗരോഹിത്യ സ്വീകരണത്തിന്റെ റൂബി ജൂബിലിയാഘോഷിക്കുന്ന സി.എം.ഐ. സന്യാസസഭാംഗം കുഴിച്ചാലിൽ ബഹു. ജോസഫ് അച്ചന് ആശംസകൾ നേർന്നു സംസാരിച്ചു. പാറമ്പുഴ ഹോളി ഫാമിലി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ യുവജനസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തി.

16 പുന്നമട സെന്റ് മേരീസ് ഇടവകാംഗം പൊക്കാവരയത്ത് ബഹു. ആന്റണി അച്ചന്റെ മാതാവ് മേരിക്കുട്ടി ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

16-20 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

21 നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഇടവകാംഗം പരേതയായ വഴീപ്പറമ്പിൽ അന്നമ്മ ജോസഫിന്റെ ഭവനം സന്ദർശിച്ച് കുടുംബാംഗങ്ങളെ അനുശോചനമറിയിച്ചു. ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിലെ ബഹു. വൈദികരെ സന്ദർശിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം അക്കര കുഞ്ഞൂഞ്ഞുകുട്ടിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ തിരുക്കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഖഡ്ക്കി-പൂനെ സെന്റ് എഫ്രേം സീറോ മലങ്കര രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ കുടുംബ സംഗമത്തിൽ സംസാരിച്ചു. ചെത്തിപ്പുഴ എസ്.ഡി. സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റർ ജോർജിറ്റ കരിക്കംപള്ളിൽ നന്നാട്ടുമാലിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.


22 മൂവാറ്റുപുഴ എസ്.എച്ച്. മിഷൻഹൗസിൽ പരി. കുർബാനയർപ്പിച്ചു.

22-25 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

25 ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. ഡോ. തോമസ് പാടിയത്ത് അച്ചന് അതിരൂപതാകേന്ദ്രത്തിൽ നൽകിയ സ്വീകരണത്തിൽ പ്രാർത്ഥനാശംസകൾ നേർന്നു സംസാരിച്ചു.

26 ആലുവ ലിറ്റിൽ ഫ്ളവർ സി.എസ്.റ്റി. ജനറലേറ്റിൽ വൈദികരുടെ റിന്യൂവൽ കോഴ്സിന്റെ ഭാഗമായി ക്ലാസെടുത്തു.





# ENGAGEMENTS

## 2022 SEPTEMBER

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 10:30 am | Chengannur Forane Conference |
| | 04:30 pm | Holy *Qurbana*, കൊടിയേറ്റ് @ Pulincunoo |
| 03 | 11:00 am | Baptism @ Cheppumpara |
| | 06:00 pm | Youthwing Catholic Congress Meet & Carehome Visit @ Punnapra |
| 04 | 07:00 am | Holy *Qurbana* @ Vazhapally West |
| | 02:30 pm | KLM Merit Day |
| | 06:00 pm | Message @ Manarkadu Church |
| 05 | 10:30 am | Thuruthy Forane Conference |
| | 03:00 pm | Meeting with Regency Brothers |
| 06 | 06:30 am | Holy *Qurbana* @ Muttar Church |
| | 10:30 am | Champakulam Forane Conference |
| 07 | 04:00 am | Holy *Qurbana* @ Parel |
| 08 | 06:30 am | Holy *Qurbana* & School Blessing @ Koothrapally |
| | 04:00 pm | Baptism @ Chenappady |
| 09 | 09:00 am | Nilackal |
| 10 | 09:00 am | Priestly Ordination of Dn Mathew Pulickal @ Mammood |
| | 04:30 pm | Ayoor Forane Christeen Retreat @ Meenkulam |
| 12 | 10:30 am | Kottayam Forane Conference |
| | 03:00 pm | Athirampuzha Forane Conference |
| | 06:30 pm | Kudamaloor Forane Conference |
| 13 | 03:00 pm | Changanacherry Forane Conference |
| | 06:30 pm | Thrickodithanam Forane Conference |
| 14 | 03:00 pm | Pulicunnoo Forane Conference |
| | 06:30 pm | Edathua Forane Conference |
| 15 | 10:30 am | Manimala Forane Conference |
| | 06:00 pm | Kurumpanadom Forane Conference |
| 16 | 04:00 pm | St Thomas Hospital Evaluation Meeting |
| 17 | 10:30 am | Merit Day Celebration @ SB HSS, Changanacherry |
| | 12:00 pm | DFC Meeting |
| 18 | 06:30 am | Puthanangady Parish Visit |
| | 03:00 pm | Muhamma Forane Official Inauguration |
| 19-20 | | Priests' Retreat |
| 21-24 | | CBCI Standing Committee @ Bangalore |
| 25 | 06:00 pm | VC Feast Celebration @ Kottayam |
| 26 | 06:30 am | Holy *Qurbana* & Inauguration of General Synaxis @ LSDP Kunnamthanam |
| | 10:00 am | Jubilarian’s Meeting @ St Thomas Minor Seminary, Kurichy |
| | 03:00 pm | Muhamma Forane Conference |
| | 06:30 pm | Alappuzha Forane Conference |
| 27 | | Engaged |
| 28 | 06:30 pm | Nedumkunnam Forane Conference |
| 29 | 10:30 am | Final Profession & Jubilee Celebration @ Spirituality Centre, Kottayam |
| | 05:00 pm | Kollam - Ayoor Forane Conference |
| 30 | 10:00 am | Amboori Forane Conference |
| | 04:30 pm | Thiruvananthapuram Forane Conference |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2022 SEPTEMBER

| | | |
|---|---|---|
| 01 | 09am–12:30 pm | Class @ Denahalaya |
| | 05:00 pm | Sree Narayana Jayanthi @ Pothenkode Ashram, TVM |
| 02 | 02:30-05:00 pm | Visitors |
| 03 | 08:00 am | AKCC Rally Flag off @ Pampady |
| | 10:00 am | Teachers' Meet @ Palai |
| | 04:00 pm | Plus Two Excellence Award @ Thiruvananthapuram |
| 04 | 07:30 am | Holy *Qurbana* @ Dalumugham |
| | 02:30 pm | Jesus Youth Meet @ Sarvodaya School, Thiruvananthapuram |
| | 05:00 pm | Holy *Qurbana* @ Peroorkkada |
| 05 | | Thiruvananthapuram |
| 06 | 02:30-05:00 pm | Visitors |
| 07 | 11:00 am | Lourdes Matha Care @ Thiruvananthapuram |
| 08 | 04:30 pm | Holy *Qurbana* @ Parel |
| 09 | 03:00 pm | Christeen Retreat @ Meenkulam |
| 10 | 06:30 am | Baptism @ Eravuchira |
| | 11:15 am | Marriage @ Nedumkunnam |
| | 03: 00 pm | Youth Meet @ Kaithavana |
| | 06:30 pm | Talk @ Lourdes Bhavan Aruvikkuzhy |
| 11-17 | | Retreat @ Thalasserry |
| 18 | | Class @ Mount St. Thomas Kakkanadu |
| 19-23 | | Retreat @ Thalasserry |
| 24 | 05:00 pm | Holy *Qurbana* @ Purakkadu |
| 25 | 12:00 pm | Baptism @ Bharananganam |
| | 04:00 pm | Help Desk Inauguration @ Thiruvananthapuram |
| 26 | 09:00 am | Jubilarians' Meet @ St Thomas Minor Seminary, Kurichy |
| | 06:00 pm | Thiruvananthapuram |
| 27 | 06:30 am | *Requiem* Mass @ Nedumkunnam |
| | 09:00-08:00 pm | Engaged |
| 28 | 09:00 am | Holy *Qurbana* @ Bet-Toma, Kurumpanadom |
| | 02:30-05:00 pm | Visitors |
| 29-30 | | Engaged |



മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ

**മോൺ. അലക്സ് താരാമംഗലത്തിന്**

ചങ്ങനാശേരി അതിരൂപതാകുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ



ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ

**മോൺ. ജോസഫ് കൊല്ലംപറമ്പിലിന്**


ചങ്ങനാശേരി അതിരൂപതാകുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ

**VEDAPRACHARA MADHYASTAN VOL.95 No.03 September 2022**
Date of Publication: 31-08-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




"കുരിശിൻ മഹിമാവന്യൂനം
പാപവിമോചനമേകുന്നു
കർത്താവേ, നിൻ സ്ലീവായെ
ഞങ്ങൾ വാഴ്ത്തുന്നനവരതം"

(ഏലിയാ -സ്ലീവാ-മൂശെക്കാലങ്ങൾ, ചൊവ്വ റംശാ)

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org